ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി




# നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

112-8



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

# സമഗ്ര വികസന രേഖ

**1996 ഡിസംബർ 1**

# മഹാപുരുഷൻ നൽകിയ വെളിച്ചം



മഹാത്മാഗാന്ധി

ഗ്രാമസ്വരാജ് എന്ന പഞ്ചായത്ത് രാജിന്റെ അനശ്വര ശിൽപി. ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്ന് വിശ്വസിച്ച ഗാന്ധിജി. അധികാരം സാധാരണ ജനങ്ങളുടെ കരങ്ങളിലെത്തുവാൻ അതിയായി ആഗ്രഹിച്ചു. ഈ ആഗ്രഹപ്രകടനമായിരുന്നു ഗ്രാമസ്വരാജ്. ആ മഹാപുരുഷൻ നൽകിയ വെളിച്ചത്തിലൂടെ ഗ്രാമപഞ്ചായത്തുകൾ സ്വയംഭരണാധികാര സ്ഥാപനങ്ങളായി ഉയരുമ്പോൾ ആ മഹാനുഭാവനെ കൃതജ്ഞതയോടെ സ്മരിക്കട്ടെ.



**രാജീവ് ഗാന്ധി**

അധികാരം ഏറ്റവും അടിത്തട്ടിൽ എത്തിക്കുവാൻ ആത്മവിശ്വാസത്തോടെ പോരാടി വിജയം വരിച്ച യശഃശരീരനായ മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി. പഞ്ചായത്ത് രാജ്ബിൽ പാസ്സാക്കിയ അദ്ദേഹത്തെ നാം ഈ മുഹൂർത്തത്തിൽ സ്നേഹാർദ്രമായി ഓർക്കുന്നു



**എം.പി.എം.അഹമ്മദ് കുരിക്കൾ**

**മുൻ പഞ്ചായത്ത് മന്ത്രി**

പതിനെട്ട് വർഷം മുമ്പ് തന്നെ കേരളത്തിലെ പഞ്ചായത്തുകൾക്ക് സർവ്വാധികാരം നൽകുന്ന പഞ്ചായത്ത് രാജ് ബില്ലിന് രൂപവും ഭാവവും നൽകി കാലയവനികക്കുള്ളിൽ മറഞ്ഞ ധന്യപുരുഷൻ, മുൻമന്ത്രി ബാപ്പുകുരിക്കളെ ഈ അസുലഭ മുഹൂർത്തത്തിൽ പ്രാർത്ഥനാ ഭരിതമായ ഹൃദയത്തോടെ നാം ഓർക്കുന്നു.

# നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് ഭരണസമിതി



**വി.സുബ്രഹ്മണ്യൻ**
(പ്രസിഡന്റ്)



**പി.വിശ്വനാഥൻ**
(വൈ. പ്രസിഡന്റ്)



**എ.മുഹമ്മദ്ഷാ മാസ്റ്റർ**
(ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി)



**എം. അബൂബക്കർ ഹാജി**
(മെംബർ)



**സി.ടി.മുഹമ്മദ്**
(മെംബർ)



**എം.സാറാഉമ്മ ടീച്ചർ**
(മെംബർ)



**കെ. എം. അഹമ്മദ് (ചെറിയാപ്പു)**
(മെംബർ)



**ചാമുണ്ടി പാത്തുമ്മ**
(മെംബർ)



**ടി.ആയിഷാബി**
(മെംബർ)



**കെ.എൻ സഫിയ**
(മെംബർ)

1 മുഖമൊഴി

2 പഞ്ചായത്ത്: പൊതുവിവരണം

3 പ്രയാണപഥത്തിലെ വഴിയടയാളങ്ങൾ

4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

5 സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണം, മത്സ്യബന്ധനം

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളം, ആരോഗ്യം, ശുചിത്വം

5-6 ഗതാഗതം, ഊർജ്ജം

5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിതാക്ഷേമം

5-10 സഹകരണം

5-11 പട്ടികജാതി ക്ഷേമം

5-12 വിഭവ സമാഹരണം

6 ഉപസംഹാരം

അനുബന്ധം: വികസന രേഖ

●

ചീഫ് എഡിറ്റർ

പി. ഖാലിദ്

●

എഡിറ്റോറിയൽ സ്റ്റാഫ്

സി. മുഹമ്മദ് ബഷീർ, ഡി ആർ പി കൺവീനർ

എം. എ. റഹീം

പി. വിശ്വനാഥൻ

ടി. നാരായണൻ

കെ. മുഹമ്മദ് അഷ്റഫ്, ഡി ആർ പി

സി. ഇക്ബാൽ, ഡി ആർ പി

രാഘവൻ, ഡി ആർ പി

●

പ്രിൻറിംഗ്

കീർത്തി പ്രിൻറേഴ്സ്, കൊണ്ടോട്ടി

●

കവർ ഡിസൈൻ

പി. വിശ്വനാഥൻ (ബാബു)

വൈസ് പ്രസി: നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

●

കവർ

ടിൻറ് ആർട്സ്, കൊണ്ടോട്ടി

# 1 മുഖമൊഴി

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് നാല്പത്തിഒമ്പത് വർഷം തികഞ്ഞു. അമ്പത് വർഷം തികയാൻ ദിവസങ്ങൾ മാത്രം. മഹത്തായ ഒരു ജനാധിപത്യ മതേതര രാഷ്ട്രത്തിന്ന് വികസനത്തിന്റെ ഉത്തുംഗതയിലെത്താൻ ഈ സമയം ധാരാളംമതി. ഇന്ത്യക്കൊപ്പം സ്വതന്ത്രമായ പല രാഷ്ട്രങ്ങളും ഇന്ന് വികസ്വര രാഷ്ട്രങ്ങൾ എന്ന കടമ്പ കടന്ന് വികസിത രാജ്യങ്ങൾ എന്ന ലക്ഷ്യപ്രാപ്തിയിലെത്തിയിരിക്കുന്നു

ഇന്ത്യ കാർഷിക രംഗത്തൊക്കെ സ്വയം പര്യാപ്ത കൈവരിച്ചിട്ടുണ്ടെങ്കിലും വികസിതരാജ്യങ്ങളെ അപേക്ഷിച്ച് നാം ഇന്നും വളരെ പിന്നിലാണ്. ഇതിന്റെ കാരണം ചികയാൻ ഏറെയൊന്നും ആലോചിക്കേണ്ട.

വെളുത്തവന്റെ കയ്യിൽനിന്നും കറുത്തവന്റെ കയ്യിലേക്ക് അധികാരം മാറി എന്ന വ്യത്യാസം മാത്രമെ സംഭവിച്ചിട്ടുള്ളുവെന്നാണ് നിരീക്ഷക മതം. ശരിയായിരിക്കാം, തെറ്റായിരിക്കാം. ഒരു കാര്യം അവിതർക്കിതമാണ് അടിസ്ഥാന വർഗത്തിന്റെ ജീവൽപ്രശ്നങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടംഎന്നീ മൂന്ന് കാര്യങ്ങളിൽ ഇന്ത്യ ഇന്നും പൂർണ്ണ ലക്ഷ്യം കണ്ടിട്ടില്ല. ഇന്ത്യൻ ജനതയിൽ മഹാഭൂരിഭാഗവും ഒരു നേരത്തെ ആഹാരത്തിന്നും നഗ്നത മറക്കാൻ ഒരു കീറ് തുണിക്കും തലചായ്ക്കാൻ ഒരിടവുമില്ലാതെ അലയുകയാണെന്ന വസ്തുത വിസ്മരിച്ചുകൂട. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്തിടത്തോളം കാലം രാഷ്ട്രം പുരോഗതി പ്രാപിച്ചു എന്ന് പറയാനാവില്ല. എന്നാൽ ഭാരതത്തിലെ മൊത്തം പൗരൻമാരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുവാനായി വിവിധ പദ്ധതികൾ രാജ്യത്ത് ആസൂത്രണംചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ കാലാകാലങ്ങളിൽ ജനക്ഷേമകരങ്ങളായ കൂറ്റൻ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ കോടികൾ ചിലവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചിലവഴിക്കപ്പെടുന്ന പണം പലവിധ കൈവഴികളിലൂടെയെത്തുമ്പോൾ യഥാർത്ഥ ഗുണഭോക്തവായ ദരിദ്രജനത്തിന് ലഭിക്കുന്നത് വളരെ നിസ്സാരമാണ്. അത് കൊണ്ട്അവന്റെ പ്രശ്നങ്ങൾ പരിഹരിക്കാതെ ഇന്നും നിലനിൽക്കുകയാണ്.

“ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്” എന്ന് ഗാന്ധിജി പറഞ്ഞത് ഇന്ത്യയുടെ യഥാർത്ഥ ശിൽപികളായ കർഷകരും തൊഴിലാളികളും ഭൂരിപക്ഷവും താമസിക്കുന്നത് കുഗ്രാമങ്ങളിലായതുകൊണ്ട് എട്ടും പത്തും കിലോമീറ്ററുകൾ വിജനമായ വഴികളിലൂടെ കുടിവെള്ളത്തിന്വേണ്ടി അ

ലയുന്ന സ്ത്രീജനങ്ങൾ ഇന്നും ഇന്ത്യയുടെ പരിഛേദമാണെന്നോർക്കണം. വൈദ്യുതിയോ റോഡുകളോ, പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ചികിൽസാ കേന്ദ്രങ്ങളോഇല്ലാത്ത അനേകായിരം ഗ്രാമങ്ങൾ ഇന്നും നമ്മുടെ മുമ്പിൽപൂരിപ്പിക്കാത്ത സമസ്യയായി നിലനിൽക്കുന്നു. ഈ പരിതസ്ഥിതിയിൽ ഒമ്പതാംപദ്ധതി ജനകീയപദ്ധതി എന്ന മുദ്രാവാക്യം തീർത്തും സ്വാഗതാർഹമാണ്. ഒരു മുദ്രാവാക്യം എന്നതിനുപരി സ്വാർത്ഥകമായ ചില അന്വേഷണങ്ങൾ നടത്തുവാനും തതനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുവാനും ഇത്തരമൊരു സംരംഭംകൊണ്ട് കഴിയുമെങ്കിൽ കുറഞ്ഞപക്ഷം അധികാരം ജനങ്ങൾക്കാണ് എന്നൊരു ചിന്തയെങ്കിലും സാമാന്യജനത്തിന്കിട്ടുമെങ്കിൽ കേരളത്തിൽ ഈ ആശയത്തിന്റെ യഥാർത്ഥ ശിൽപിയായ പരേതനായ മുൻ പഞ്ചായത്ത്വകുപ്പ് മന്ത്രി എം.പി.എം. അഹമ്മത്കുരിക്കളുടെ അഭിലാഷമാണ് സഫലീകരിക്കപ്പെടുക. 1967ൽ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്തിൽ അധികാരത്തിൽവന്ന സപ്തകക്ഷി മുന്നണിയിലെ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ മന്ത്രിയായിരുന്നുവല്ലൊ പരേതനായ അഹമ്മത് കുരിക്കൾ.

ഗാന്ധിജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്. ആ മഹത്തായ ആശയത്തെ പഞ്ചായത്തീരാജ് എന്ന സംവിധാനത്തിലൂടെ സഫലമാക്കാനാണ് ബാപ്പുകുരിക്കൾ ശ്രമിച്ചത്. അധികാരം ഏററവും അടിത്തട്ടിലുള്ള ജനത്തിന് നൽകാനാണ് രോഗ ശയ്യയിലായിട്ടുപോലും തന്റെ അന്ത്യനാളുകളിൽ പഞ്ചായത്തീരാജ് ബിൽ തയ്യാറാക്കിയത്. വിധിവൈപരീത്യമെന്ന് പറയട്ടെ ലക്ഷ്യപൂർത്തീകരണത്തിന്നുമുമ്പ് അഹമ്മത്കുരിക്കൾ ലോകത്തോട് വിടപറഞ്ഞു. ബിൽ നിയമമാക്കാൻ സാധിക്കാതെപോയി എങ്കിലും പിൽകാലത്ത് ബിൽ കേരളീയാന്തരീക്ഷത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടു എന്നത് സ്മരണീയമാണ്. അധികാരം ജനങ്ങളിലേക്കെന്ന ആശയത്തിന് അതായത് നാം ഇന്ന് കേൾക്കുന്ന ജനകീയാസൂത്രണപദ്ധതി എന്ന മുദ്രാവാക്യം ബിൽ രൂപത്തിൽ കൊണ്ടു വരുവാൻ ഇരുപത്തിഏഴ് വർഷം മുമ്പ് ബാപ്പു കുരിക്കൾ ശ്രമിച്ചു. അന്ന് ബിൽ പാസ്സായിരുന്നുവെങ്കിൽ ഇന്ന് കേരളത്തിന്റെ മുഖഛായ തന്നെ മാറിയേനെ. അന്ന് സാധിക്കാതെ പോയ അസുലഭ മുഹൂർത്തമാണിപ്പോൾ നമ്മുടെ മുമ്പിലെത്തിയിരിക്കുന്നത് 64-ാം ഭരണ ഘടനാ ഭേദഗതിയിലൂടെ ഇന്ത്യയുടെ യുവത്വത്തിന്റെ പ്രതീകമായിരുന്ന രാജീവ് ഗാന്ധി നടപ്പിൽ വരുത്താൻ ശ്രമിച്ചെങ്കിലും രാജ്യ സഭയിൽ പരാജയപ്പെടുകയായിരുന്നു. 73–74ാം ഭരണ ഘടന ഭേദഗതിയിലൂടെ കൊണ്ടുവന്ന പഞ്ചായത്തീരാജ് ബില്ല് നിയമമായതിന് ശേഷം അതിന്റെ പ്രകാശ ധാരയിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് ജനപ്രതിനിധികൾക്ക് വമ്പിച്ച അധികാരങ്ങളാണ് നൽകുന്നത്. അതോടൊപ്പം ഫണ്ടും.

വിവക്ഷിക്കപ്പെട്ട തുക ഓരോ ഗ്രാമപഞ്ചായത്തിനും യഥാ സമയം ലഭ്യമാകുമെങ്കിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം അതിന്റെ അർത്ഥ പൂർണ്ണിമയിലെത്തും. ഇതു പക്ഷെ പെട്ടെന്ന് പൂർണ്ണമായ ഫലപ്രാപ്തിയിലെത്തികൊള്ളണമെന്നില്ല. ഒരു സുപ്രഭാതത്തിൽ സാധ്യമാക്കാവുന്നതല്ലല്ലോ ഗ്രാമവികസനം. എങ്കിൽപോലും ആ വഴിക്കുള്ള ചലനങ്ങളെ ജീവസുററതാക്കാൻ ഈ ശ്രമങ്ങൾക്ക് കഴിയും.

വികസനത്തിന്റെ പാതയിലെ വഴിയടയാളങ്ങളായി, വിളക്കുമരങ്ങളായി പ്രശോഭിക്കാൻ ജനകീയാസൂത്രണ പദ്ധതിക്ക് കഴിയണം. പ്രാദേശിക, ജാതി–മത, കക്ഷി–രാഷ്ട്രീയ ഭിന്നതയും വിസ്മരിച്ച് ഒരു മനസ്സോടെ ഒരു ശരീരമായി ഈ ആശയ സഫലീകരണത്തിനുവേണ്ടി രംഗത്തിറങ്ങാമെങ്കിൽ നമ്മുടെ ഗ്രാമങ്ങളുടെ വികസനം അകലെയാവില്ല. ഒരിക്കലും........ ...! ●

## 2 പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | നെടിയിരുപ്പ് വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | — | കൊണ്ടോട്ടി |
| താലൂക്ക് | — | ഏറനാട് |
| അസംബ്ലി മണ്ഡലം | — | കൊണ്ടോട്ടി |
| വിസ്തീർണ്ണം | — | 7.80 സ്ക്വയർ മൈൽ |
| അതിരുകൾ | — | വടക്ക്: കൊണ്ടോട്ടിപഞ്ചായത്തിലെ ചേപ്പിലികുന്ന്, കുഴിമണ്ണ, മൊറയൂർ പഞ്ചായത്ത്<br>കിഴക്ക്: മൊറയൂർ പഞ്ചായത്ത്<br>തെക്ക്: ഊരകം, വേങ്ങര, പള്ളിക്കൽ പഞ്ചായത്ത്<br>പടിഞ്ഞാറ്: കൊണ്ടോട്ടി, പള്ളിക്കൽ പഞ്ചായത്ത് |
| ജനസംഖ്യ | — | 22943 (1991 ലെ സെൻസസ്) |
| പുരുഷന്മാർ | — | 11397 |
| സ്ത്രീകൾ | — | 11546 |
| വാർഡുകൾ | — | 10 |
| പ്രസിഡന്റ് | — | വി. സുബ്രഹ്മണ്യൻ |
| വൈസ് പ്രസിഡന്റ് | — | പി. വിശ്വനാഥൻ |
| സ്റ്റാന്റിംഗ്കമ്മററിചെയർമാൻ | – | എ. മുഹമ്മദ്ഷാ മാസ്ററർ |

# 3 പ്രയാണപഥത്തിലെ വഴിയടയാളങ്ങൾ
## (സാമൂഹ്യ സാംസ്കാരിക ചരിത്രം)

ചരിത്രത്തിന്റെ ദാനവരങ്ങളെ പേർത്തും, പേർത്തും ആലോചനക്ക് വിധേയമാക്കുമ്പോൾ തങ്ക കസവുകൾ അണിയിച്ച അക്ഷരികൾകൊണ്ട് ആലേഖനം ചെയ്യേണ്ടതാണ് നെടിയിരുപ്പിന്റെ ചരിത്രം.

ദേശീയ പ്രസ്ഥാനത്തിലും, സ്വാതന്ത്ര്യസമരത്തിലും ഖിലാഫത്ത് സമരത്തിലും മാപ്പിളമാരും മററു മതസ്ഥരും തോളോട് തോൾ ചേർന്ന് ഈ മണ്ണിൽ പൊരുതിയിട്ടുണ്ട്. 'ഏറനാട്ടിലെ ഒരുപിടി മണ്ണെടുത്ത് മണത്ത് നോക്കൂ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തം ചിന്തിയ മാപ്പിളമാരുടെ രക്തത്തിന്റെ മണം അപ്പോൾ അറിയാം' എന്ന് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പറഞ്ഞത് നെടിയിരുപ്പ്കൂടി ഉൾപ്പെട്ട ഏറനാട്ടിനെയായിരുന്നു.

നൂററാണ്ട്മുമ്പ് നെടിയിരുപ്പ് സാമൂതിരി ഭരണത്തിന്റെ കീഴിലായിരുന്നു. പ്രശസ്ത ചരിത്രകാരനായ കെ.കെ. മുഹമ്മത് അബ്ദുൽ കരീം നെടിയിരുപ്പ് ഗ്രാമത്തിന്റെ ലഘു വായ ചരിത്രം അൽ ഇർഷാദ് മാസികയിൽ എഴുതിയിട്ടുണ്ട്. ഏറാടി സഹോദരൻമാർ എന്നപേരിൽ പ്രശസ്തരായ മാനിച്ചനും, വിക്രമനുമായിരുന്നു സാമൂതിരി വംശത്തിന്റെ സ്ഥാപകർ. അവസാനത്തെ ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മുഹമ്മത് നബിയുടെ സഹാബിയാകാൻ മക്കയിലേക്ക് പുറപ്പെടുംമുമ്പ് സാമന്തൻമാർക്ക് രാജ്യം വീതിച്ചുകൊടുത്തു. അതിൽ മാനിച്ചനും, വിക്രമനും കിട്ടിയത് കോഴിക്കോടും കല്ലായിയുമായിരുന്നു. ഇവരുടെ യഥാർത്ഥ നാട് കോട്ടക്കലായിരുന്നുവെങ്കിലും "അമ്മനാട്" നെടിയിരുപ്പായിരുന്നു. അതുകൊണ്ടാണ് സാമൂതിരിമാരെ നെടിയിരുപ്പ് സ്വരൂപൻമാർ എന്നും വിളിച്ചു പോന്നിരുന്നത്. ഈ കാര്യം കൊച്ചി രാജ്യചരിത്രത്തിലെ ഒന്നാംഭാഗത്തിൽ പറയുന്നുണ്ട്.

നെടിയിരുപ്പ് എന്ന് പേരുവന്നത് അറക്കൽ രാജാവിൽനിന്നും സാമൂതിരിക്ക്വേണ്ടി കുഞ്ഞാലി മരക്കാർ നേടിയെടുത്തത് കൊണ്ടാണെന്നും പറയപ്പെടുന്നുണ്ട്. എന്നാൽ കെ.കെ. മുഹമ്മദ് അബ്ദുൽകരീം പറയുന്നത് മാനവിക്രമ സഹോദരൻമാർ തലമുറകളായി നേടിയെടുത്ത യുദ്ധമുതലുകൾ സൂക്ഷിച്ചിരുന്നത് നെടിയിരുപ്പ് ഭണ്ഡാരത്തിലായിരുന്നു എന്നും, നേടിയെടുത്ത സ്വത്തുക്കൾ ഇരുത്തിയതിനെ നേടിയിരുപ്പ് എന്നും പറഞ്ഞുവന്നു. ഇത് ലോപിച്ച് നെടിയിരുപ്പ് ആയതാണെന്നും പറയുന്നു. സാമൂതിരിയുടെ ഭണ്ഡാരവും ക്ഷേത്രവും സ്ഥിതിചെയ്തിരുന്നത് വിരുത്തിയിൽ പറമ്പിലായിരുന്നു. ഇവയുടെ അവശിഷ്ടം ഇന്നും കാണാവുന്നതാണ്.

സാമൂതിരിപ്പാടിന്റെ വലിയ പടാള കോളനികൾ നെടിയിരുപ്പിലായിരുന്നു. നൂററാണ്ട

കരംക്ക് മുമ്പ് ഇവിടെ ഉണ്ടായിരുന്ന കോട്ടകളിൽ നായർ പടയാളികരം അധിവസിച്ചിരുന്നു. മാമാങ്കം, കോഴിക്കോട്, കൊച്ചി യുദ്ധങ്ങരം വെള്ളവനാട്ടിരിയുമായി നടന്ന നിർണ്ണായക യുദ്ധം മുതലായവയിൽ നെടിയിരുപ്പിലെ പടയാളികരം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

ഇസ്ലാമിന്റെ ആവിർഭാവകാലത്തുതന്നെ ഏറനാട്ടിൽ ഇസ്ലാംമതം പ്രചരിച്ചിട്ടുണ്ട്. ശൈഖ് റമസാൻ, ശൈഖ് മുഹമ്മദ് ഉസ്മാൻ മുതലായ മുസ്ലിം മതപ്രചാരകന്മാർ ഏറനാട്ടിൽ മത പ്രബോധനം നടത്തി ഇതിനെ തുടർന്നാണ് നെടിയിരുപ്പിലെ ഭൂരിഭാഗം ആളുകരം ഇസ്ലാംമതം സ്വീകരിച്ചത്.

നെടിയിരുപ്പിലെ പ്രധാനപ്പെട്ട ഒരു അങ്ങാടിയാണ് "മുസ്ലിയാരങ്ങാടി". കോട്ട വീരാൻ മുസ്ലിയാർ എന്നയാരം ഇവിടെ ഒരു ചെറു പീടിക തുറന്ന് കാപ്പി, പലചരക്ക് എന്നീ വ്യാപാരമാരംഭിച്ച മുസ്ലിയാർ കച്ചവടം ചെയ്യുന്ന അങ്ങാടി ആയതിനാലാണ് മുസ്ലിയാരങ്ങാടി എന്ന നാമം വന്നത്. നെടിയിരുപ്പ് ജനതയുടെ വിദ്യാഭ്യാസ മുന്നേററത്തിൽ മുസ്ലിയാരങ്ങാടി മുൻപന്തിയിൽ നിൽക്കുന്നു.

നെടിയിരുപ്പിലെ ഏററവും വലിയ ജുമുഅത്ത് പള്ളി മുസ്ലിയാരങ്ങാടിയിലാണ്. ചിത്രകലകളോടും ഖുർആൻ സൂക്തങ്ങളുടെ കൊത്തുവേലകരം കൊണ്ടും പള്ളി ഒരു ചരിത്ര സ്മാരകം തന്നെയാണ്. മുസ്ലിയാരങ്ങാടിക്കടുത്ത ചെമ്പാലയിൽ ബ്രിട്ടീഷ് പട്ടാളക്കാരോട് ഏററുമുട്ടി വെടിയേററ് നാല്പതോളം പേർ മരണപ്പെട്ടിട്ടുണ്ട്. ഇന്നും ജീവിച്ചിരുപ്പുള്ള കാളങ്ങാടൻ മൊറയൂടൻ മൊയ്തീൻ (111 വയസ്സ്) ഏററുമുട്ടലിൽ മരിച്ചവരെ മറവ് ചെയ്യാൻ സഹായിച്ചവരിൽപ്പെടുന്നു. കൊട്ടുക്കരക്കടുത്തുള്ള പൊയിലിക്കാവ് ക്ഷേത്രവും, N H കോളനിക്കടുത്ത തിരുവേണമല ക്ഷേത്രവും പ്രസിദ്ധങ്ങളാണ്.

ഖിലാഫത്ത് സമരത്തോടനുബന്ധിച്ച് സ്വതന്ത്ര സമരസേനാനികരം കുറുപ്പത്ത് സ്ഥിതിചെയ്തിരുന്ന റജിസ്ട്രാഫീസ്സ് തീവെച്ചിരുന്നു. ഖിലാഫത്ത് പ്രവത്തകർ അരീക്കോട് നിന്നും വന്ന് കുറുപ്പത്തായിരുന്നു കേമ്പ് ചെയ്തിരുന്നത്. ദേശീയ പ്രസ്ഥാനത്തിൽ നെടിയിരുപ്പിലെ ജനങ്ങരം പരിഗണനാർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. മുഹമ്മത് അബ്ദുറഹിമാൻ സാഹിബിന്റെ അടുത്ത അനുയായികളായിരുന്ന കാവുങ്ങൽ അരീക്കാട്ട് മുഹമ്മദ് സാഹിബ്, സഹോദരൻ മൂസ്സഹാജി, സി. പി. സൈതലവി ഹാജി എന്നിവർ.

പഞ്ചായത്തിലെ ചിറയിൽ ചുങ്കത്ത് സ്ഥിതിചെയ്യുന്ന ജുമുഅത്ത്പള്ളി പുരാതനമായ ഒരു ആരാധനാലയമാണ്. പള്ളിയിലെ കൊത്തുപണികളോടുകൂടിയ മിമ്പർ (പ്രസംഗപീഠം) 250ൽപരം വർഷത്തെ പഴക്കമുണ്ടെന്നനുമാനിക്കുന്നു. ടിപ്പുവിന്റെ ഭരണകാലത്ത് മലഞ്ചരക്ക് വ്യാപാരികളോട് ചുങ്കം ഈടാക്കിയിരുന്നത് ഈ പ്രദേശത്ത് വെച്ചായിരുന്നു. ഇത്മൂലമാണ് ചുങ്കം എന്ന സ്ഥലപേര് വന്നത്. കോടങ്ങാട്, ചോലയിൽ, കാവുങ്ങൽ, കാളോത്ത്, മുതലായ സ്ഥലങ്ങളിലാണ് മററു ജുമുഅത്ത് പള്ളികളുള്ളത്.

ഒരു ധീരദേശാഭിമാനി എന്നനിലയിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പ്രവർത്തന കേന്ദ്രം നെടിയിരുപ്പായിരുന്നു. ആദ്യകാലത്ത് കോൺഗ്രസ്സായിരുന്നു മുൻപന്തിയിൽ നിന്നിരുന്നത്. കൂടെ കൂടെ മുസ്ലിം ലീഗ് പോലുള്ള പാർട്ടികളും ശക്തിപ്പെട്ടുവന്നു. ബ്രിട്ടീഷ് വാഴ്ചയുടെ കാലത്ത് മലബാർ കലക്ടറായിരുന്ന മർദ്ദകവീരൻ ഹിച്ച്കോക്കിന്റെ സ്മാരകം നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് അക്കാലത്ത് സംഘടിപ്പിച്ച സമരങ്ങളിൽ നെടിയിരുപ്പുകാരും മുൻപന്തിയിലുണ്ടായിരുന്നു. കോട്ട വീരാൻകുട്ടി ബ്രിട്ടീഷ്കാരന്റെ വെടിയേററ് മരിച്ച വ്യക്തിയാണ്. ചക്കലകുന്നൻ ചേക്കുട്ടി, പാറമ്പോടൻ ഹൈദ്രു, കെ. എ. മൂസ്സഹാജി, കാവുങ്ങൽ കുട്ട്യാൻ, കെ. ഗോവിന്ദൻ നായർ, കെ. എൻ. മുഹമ്മദ്കുട്ടി എന്നിവർ സമരത്തിൽ പങ്കെടുത്തവരായിരുന്നു.

ആധുനിക നെടിയിരുപ്പ് പഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് എത്തിനോക്കുമ്പോരം 7.80 ചതുരശ്രമൈൽ വിസ്തീർണ്ണവും 22943 (1991 സെൻസസ്). ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട ഒരു പഞ്ചായത്താണ് നെടിയിരുപ്പ്. പൊയ്പോയ നാളുകളുടെ വീരകഥകളും ധീര നായകരേയും സ്മൃതി പഥത്തിൽ തെളിയുന്നു. വികസനത്തിന്റെ പുതിയ മേച്ചൽ പുറങ്ങരം തേടുന്ന സാഹോദര്യത്തിനും കേളികേട്ട നാടാണ് നെടിയിരുപ്പ്.

1919 ലാണ് നെടിയിരുപ്പ് പഞ്ചായത്ത് രൂപീകൃതമായത് കെ. എ. മൂസ്സഹാജി ആയിരുന്നു പ്രഥമ പ്രസിഡന്റ്. 1963 വരെ അദ്ദേഹം പ്രസിഡൻറായി സേവനമനുഷ്ഠിച്ചു. 1963ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കെ. എ. മൂസഹാജിയുടെ നേതൃത്വത്തിലും, കെ. വി. കുഞ്ഞിമ്മുഹാജിയുടെ നേതൃത്വത്തിലും

രണ്ട് പാനലുകളിലായി മൽസരം നടന്നു. വിജയം കെ. വി. കുഞ്ഞിമ്മുഹാജിയുടെ പക്ഷത്തിനായിരുന്നു. ഇതിൽ കെ. പി. കുഞ്ഞവറാൻസാഹിബ് തുടങ്ങിയ മുസ്ലിംലീഗ് പ്രവർത്തകരും ഉൾപ്പെട്ടിരുന്നു. അന്ന് പഞ്ചായത്തിൽ നെടിയിരുപ്പ് N H കോളനിയിലേക്കുള്ള പഞ്ചായത്ത് റോഡ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. മുസ്ലിയാരങ്ങാടിയിലെ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന പഞ്ചായത്തിന് സ്ഥിരംകെട്ടിടം നിർമ്മിക്കാനും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മുസ്ലിയാരങ്ങാടിയിൽ മിനി വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കാനും അത്യാവശ്യമായ പ്രധാനറോഡുകൾ നിർമ്മിക്കാനും തെങ്ങ്തടികൊണ്ട് നിർമ്മിച്ച പാലങ്ങൾക്ക പകരം കോൺക്രീററ് പാലങ്ങളുണ്ടാക്കാനും, നാടൻ 'ചിറ'കൾ മാററി ക്രോസ് ബാറുകൾ നിർമ്മിക്കാനും, സ്കൂളുകൾ അനുവദിച്ചുകിട്ടാനും ലക്ഷ്യമിട്ടായിരുന്നു ബോർഡിൻെറ പ്രവർത്തനങ്ങൾ നീങ്ങിയതെങ്കിലും ഫണ്ടുകളുടെ ലഭ്യതക്കുറവ് ഇതിനെല്ലാം തടസ്സമായി, എങ്കിലും പിൽക്കാലത്ത് പലതും യാഥാർത്ഥ്യമായി.

ഓഫീസ് കെട്ടിടത്തിന് 9000 രൂപ. ലോണും 2000 രൂപ. ഗ്രാൻറുമായി ഗവൺമെൻറിൽനിന്നും അനുവദിച്ചുകിട്ടി. അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി പരേതനായ കെ. അവുക്കാദർകുട്ടിനഹാ സാഹിബിൻെറ സേവനം വിസ്മരിക്കാവതല്ല. എന്നാൽ കെട്ടിടം പണിയാൻ സ്ഥലം പഞ്ചായത്ത് സ്വന്തമായി വാങ്ങേണ്ടതുണ്ടായിരുന്നു. ഇപ്പോൾ പഞ്ചായത്ത് ഓഫീസ്കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്ത് വകയാണെന്ന് പലർക്കും അറിയില്ലായിരുന്നു. അങ്ങിനെ കുറുപ്പത്ത് കെട്ടിടം നിർമ്മിക്കാൻ തീരുമാനിക്കുകയും ടെണ്ടർ ചെയ്തു പണി പൂർത്തീകരിക്കുന്നതിൽ മെമ്പർ കെ. പി. കുഞ്ഞവറാൻെറ പങ്ക് നിസ്തുലമായിരുന്നു.

മുസ്ലിയാരങ്ങാടി മിനി വാട്ടർസപ്ലൈസ്കീം ഉൽഘാടനം ചെയ്യുകയും, മുസ്ലിയാരങ്ങാടി—അരിമ്പ്ര റോഡിന് ഉടമകളിൽനിന്നും സ്ഥലം അനുവദിപ്പിക്കൽ തുടങ്ങി നിരവധി റോഡുകളുടെയും അണക്കെട്ടുകളുടെയും, പാലങ്ങളുടെയും പണി പൂർത്തീകരികരിക്കാൻ 14 കൊല്ലത്തോളം ഭരണം നടത്തിയബോർഡിന് കഴിഞ്ഞിട്ടുണ്ട്. കെ. വി. കുഞ്ഞിമ്മുസാഹിബ് പ്രസിഡണ്ടായിരിക്കെ തന്നെ മരണപ്പെടുകയും വൈസ്പ്രസിഡണ്ടായിരുന്ന കാരി മുഹമ്മത്കുട്ടി പ്രസിഡണ്ടാവുകയും ചെയ്തു. തുടർന്നുവന്ന തിരഞ്ഞെടുപ്പിൽ കെ. പി. കുഞ്ഞവറാൻെറ നേതൃത്വത്തിൽ പുതിയ ബോർഡ് അധികാരത്തിൽ വരികയും 12കൊല്ലത്തോളം തുടരുകയുംചെയ്തു. ഈ കാലയളവിൽ നെടിയിരുപ്പിൻെറ മുഖഛായ മാററുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്.

കോടങ്ങാട്—ചുങ്കം റോഡ്, ഫോർമേഷൻ പൂർത്തിയാക്കലും താറിടലും, കുറുപ്പത്ത്-പാലക്കപറമ്പ് റോഡ് ഫോർമേഷൻ കഴിക്കലും കുറച്ച്ഭാഗം താറിടാനും കഴിഞ്ഞു. മുസ്ലിയാരങ്ങാടി–അരിമ്പ്ര റോഡ് P W D ഏറെറടുത്ത് ടാറിട്ടു. മുസ്ലിയാരങ്ങാടി–ചോലമുക്ക് റോഡിൽ പാലം പണിതു ടാറിടുകയും ചെയ്തു. N H കോളനിറോഡ് നീളംകൂട്ടി ഊരകം അതിർത്തിവരെ എത്തിച്ചു ഫോർമേഷൻ കഴിച്ചു. കൊട്ടുക്കര—ചെറാട് റോഡ് ഫോർമേഷൻ കഴിച്ചു കുറച്ച്ദൂരം ടാറിട്ടു. കാളോത്ത് ആശുപത്രി വഴി കൊട്ടുക്കര റോഡ് കാളോത്ത്–ചോലക്കൽ റോഡ്, കുലീരിപടി—പള്ളിയാളിറോഡ്, കൂലീരി—മണ്ണാരിൽറോഡ്, പൊയിലിക്കാവ്—കാരിമുക്ക് റോഡ്, ചാരംകുത്ത്—കമ്പളപറമ്പ് റോഡ് മില്ലുംപടി താന്നിക്കാട്ടുരു റോഡ്, ഈ റോഡിൽ എം.പി. സ്ക്കീം പാലം മുസ്ലിയാരങ്ങാടി—ഒഴുകൂർ റോഡ് ടാറിട്ടു. മേലേപറമ്പ്—ചുങ്കം മുക്കൂട്ടങ്ങാടി റോഡ്, പുളിയംപറമ്പ് അതിർത്തിയിൽനിന്നും കോട്ടാശേരി കോളനി റോഡ് മുതലായവ കെ. പി. കുഞ്ഞവറാൻ സാഹിബ് പ്രസിഡണ്ടായ ബോഡിൻെറ കാലത്ത് നിലവിൽ വന്നതാണ്.

മുസ്ലിയാരങ്ങാടിയിൽ മിനി വാട്ടർ സ്കീം നിലവിലുണ്ടായിരുന്നെങ്കിലും നെടിയിരുപ്പിൻെറ ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തം മിക്ക സ്ഥലങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 1986ൽ സ്ഥലം എം. എൽ. എ. മർഹൂം പി. സീതി ഹാജിയുടെ പ്രത്യേക താൽപര്യം മൂലം ഡാനിഡ സ്കീമിൽ നെടിയിരുപ്പ് പഞ്ചായത്ത്കൂടി ഉൾപ്പെടുത്തി. കുടിവെള്ളക്ഷാമത്തിന് പദ്ധതി ഒരറുതിവരുത്തുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്തിൽ ദൃതഗതിയിലാക്കാൻ സർവ്വെ നടത്താൻ സഹായിക്കുകയും, ശേഷം ഭൂഉടമകളിൽ നിന്ന് സ്കീമിനുവേണ്ട സ്ഥലങ്ങൾ അഡ്വാൻസായി വാങ്ങിച്ച ആവശ്യമായ രേഖകൾ സഹിതം ഡിപ്പാർട്ട്മെൻറിന് കൈമാറുക തുടങ്ങിയ ശ്രമകരമായ ജോലികൾ ചെയ്തു തീർക്കാൻ ഇന്നത്തെ സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻകൂടിയായ എ. മുഹമ്മദ്ഷ മാസ്റ്ററുടെ സേവനം സ്തുത്യർഹമാണ്. പ്രതീ

ക്ഷക്കൊത്തപദ്ധതി വിജയത്തിലെത്തിയില്ലെന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു.

നെടിയിരുപ്പിൽ വിദ്യാഭ്യാസ സൗകര്യം വളരെ പരിമിതമായിരുന്നു. മുസ്ലിയാരങ്ങാടിയിൽ ഒരു യു. പി. സ്കൂൾ മാത്രമാണുണ്ടായിരുന്നത് ഒരു ഹൈസ്കൂൾ അനുവദിച്ചുകിട്ടുവാനും ചിറയിൽ L P സ്കൂൾ U P സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുവാനും, L P സ്കൂളുകൾ കൂടുതൽ അനുവദിച്ച് കിട്ടുവാനും എം. പി. എം. അഹമ്മത് കുരിക്കൾ മന്ത്രിയായകാലത്ത് നിവേദനം നടത്തിയിരുന്നു. ചാക്കീരി അഹമ്മത്കുട്ടി സാഹിബ് വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ് കൊട്ടക്കര, പാണക്കാട് പൂക്കോയതങ്ങൾ സ്മാരക ഹൈസ്കൂൾ അനുവദിച്ചതും ചിറയിൽ L P യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തതും, ചിറയിൽ സ്കൂളിൽ സ്ഥിരം കെട്ടിടം പണിയാൻ സ്ഥലം സൗജന്യമായി നൽകിയ കെ. കെ. കോമുകുട്ടി സാഹിബിന്റെ ത്യാഗ സന്നദ്ധത ഇവിടെ സ്മരണീയമാണ്. സ്കൂൾ അദ്ദേഹത്തിന്റെ സമാരകമായി നിലനിൽക്കുന്നു. ഇതോടൊപ്പമാണ് ചോലമുക്ക് L P സ്ക്കൂൾ അനുവദിച്ചതും. ഇന്ന് പഞ്ചായത്തിൽ ആകെ പതിനൊന്ന് സ്ക്കൂളുകൾ പ്രവർത്തിച്ചുവരുന്നു. സാക്ഷരതാ രംഗത്ത് നെടിയിരുപ്പ് മുൻപന്തിയിൽ പ്രവർത്തിച്ചിട്ടുണ്ട്. കോടങ്ങാട് ഒരു നഴ്സറി സ്ക്കൂളടക്കം 19 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 600ഓളം കക്കൂസുകൾ ഒരു കൊല്ലംകൊണ്ട് സോഷ്യോ ഇക്കണോമിക് യൂണിററിന്റെ സഹാഹത്തോടെ പൂർത്തീകരിച്ച് കൊടുക്കാൻ സാധിച്ചത് ആരോഗ്യരംഗത്ത് എടുത്ത്പറയേണ്ട നേട്ടമാണ്.

പഞ്ചായത്തിൽ ഒരു അലോപ്പതി പ്രൈമറിഹെൽത്ത് സെൻറർ അനുവദിച്ചുകിട്ടി. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സെൻററിന് ഒരു സ്ഥിരം കെട്ടിടം പണിയാൻ ഒരേക്കർ സ്ഥലം സമ്പാദിക്കാൻ കെ. പി. കുഞ്ഞവറാൻ, മുതേരി മൂസ്സ, ടി ചന്തുമാസ്ററർ എന്നിവരടങ്ങിയ കമ്മിററി രൂപീകരിക്കുകയും പ്രസ്തുത കമ്മിററി ചിറയിൽ ചുങ്കത്ത് സ്ഥലം വാങ്ങി പഞ്ചായത്തിന് സംഭാവന നൽകുകയും ചെയ്തു മൂന്ന് ഐ. പി. പി. സെൻററുകളും നെടിയിരുപ്പിലുണ്ട്.

ഒരു കളിസ്ഥലം (മിനിസ്റേറഡിയം) എന്ന സ്വപ്നം സാക്ഷാൽകരിക്കപ്പെടാതെ പോവുകയാണ്. ഇതിനുവേണ്ടി അധികൃത കേന്ദ്രങ്ങളിൽ ഏറിയ ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഫലം കാണാതെ പോവുകയാണുണ്ടായത്. മിച്ചഭൂമി ഏറെറടുത്ത് പഞ്ചായത്തിന് നൽകാനായി ആവശ്യപ്പെടുകയും തിരുവനന്തപുരത്ത്നിന്ന് അനുകൂല സമീപനമുണ്ടായെങ്കിലും കലക്ടറേററിൽനിന്നും പ്രതികൂലമായ നീക്കമാണ് നടന്നത്.

ഗാന്ധിജിയും, ബാപ്പുകുരിക്കളും സ്വപ്നം കണ്ട രാജീവ്ഗാന്ധി യാഥാർഥ്യമാക്കിയപഞ്ചായത്ത്രാജ് സംവിധാനത്തിലൂടെ നടന്ന തിരഞ്ഞെടുപ്പിൽ അധികാരത്തിൽവന്ന പുതിയസാരഥികളാണ് വി. സുബ്രഹ്മണ്യൻ പ്രസിഡണ്ടും, പി. വിശ്വനാഥൻ വൈസ് പ്രസിഡണ്ടും, എ മുഹമ്മദ്ഷാ മാസ്റ്റർ സ്റ്റാൻറിങ്ങ് കമ്മററി ചെയർമാനും, എം. അബൂബക്കർഹാജി, സി. ടി. മുഹമ്മത്, എം. സാറാ ഉമ്മടീച്ചർ, കെ. എൻ. സഫിയ, കെ. എ അഹമ്മത് എന്ന ചെറിയാപ്പു, ടി. ആയിഷാബി, സി. പാത്തോമ എന്നീ മെമ്പർമാരുമടങ്ങിയ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

കേരളത്തിലെ ഹരിജൻ കോളനികളിൽ ഏററവും വലുതെന്നവകാശപ്പെടാവുന്ന N H കോളനിയും കോട്ടാശേരി കോളനിയും ഉൾപ്പെടുന്ന നെടിയിരുപ്പ് പഞ്ചായത്ത് മത സൗഹാർദ്ദത്തിനും, സാഹോദര്യത്തിനും ഉത്തമ മാതൃകയായി നിലനിൽക്കുന്നു. ●

# 4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ അഞ്ച് ഭാഗങ്ങളായി തിരിക്കാം ഉയർന്ന സമതലം. ചെറുചെരിവുകൾ, ഇടത്തരം ചെരിവ്, താഴ്വര, സമതലം. ചെരിവു പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങ്, കശുമാവ് കുരുമുളക്, എന്നിവ കൃഷിചെയ്തുവരുന്നു. തവളപൂഴി, ചെളിമണ്ണ്, മണൽകലർന്ന ചരൽമണ്ണ് എന്നിവയാണ് പ്രധാനമായും കണ്ടുവരുന്ന മൺതരങ്ങൾ.

## ജല പ്രകൃതി

ജൂൺ, ജൂലായ്, മാസങ്ങളിലാണ് ഏററവുംകൂടുതൽ മഴ ലഭിക്കുന്നത്. ഏററവുംകുറവ് ജനുവരി, ഫെബ്രുവരി മാസങ്ങളിലുമാണ്.

നെടിയിരുപ്പ് വലിയതോട്, ചെറള തോട് എന്നീ രണ്ട് പ്രധാന തോടുകളും അനുബന്ധമായി പതിനഞ്ചോളം കൈതോടുകളും ഉണ്ട്. കൂടാതെ ഉപരിതല സ്രോതസ്സായി എട്ടോളം കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഏപ്രിൽ, മെയ്, മാസങ്ങളിലാണ് ഏററവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടാറുള്ളതെങ്കിലും മിക്ക കുന്നിൻപ്രദേശങ്ങളിലും മഴക്കാലം ഒഴിച്ചുള്ള മാസങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

1986-ൽ നടപ്പാക്കിയ ശുദ്ധജല പദ്ധതിയാണ്. ഈ പ്രശ്നത്തിന് വളരെചെറിയതോതിലെങ്കിലും പരിഹാരമായിട്ടുള്ളത്. തുടർന്നുവന്ന ഡാനിഡ ശുദ്ധജല പദ്ധതിയെക്കൊണ്ട് വേണ്ടത്ര പ്രതീക്ഷയൊന്നും ഉണ്ടായില്ല. എന്നാൽ ഇനി വരാൻപോകുന്ന ചാലിയാർ പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തിയാൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട്തന്നെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

## ജന പ്രകൃതി

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 22943 അതിൽ 11546 സ്ത്രീകളും, 11397 പുരുഷന്മാരുമാണ്. ആകെ 4656 വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്.

മുൻ കാലങ്ങളിൽ കാർഷിക രംഗങ്ങളിലാണ് ജനങ്ങൾ ഭൂരിഭാഗവും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെങ്കിൽ കാർഷികമേഖലആദായകരമല്ലാതായതോടെ മററു തൊഴിൽ സാധ്യതകൾതേടിപോവുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. കെട്ടിട നിർമ്മാണ രംഗത്തേക്കാണ് കാര്യമായും ഒഴുക്കുണ്ടായത്.

മലപ്പുറം ജില്ലയിൽ അടുത്ത കാലത്ത് വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി നെടിയിരുപ്പ് പഞ്ചായത്തിലും പ്രതിഫലിക്കുന്നുണ്ട്. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്.

ഈ രംഗത്ത് കാര്യമായ പുരോഗതിയൊന്നുംതന്നെഉണ്ടായിട്ടില്ല. സാക്ഷരതാ പ്രസ്ഥാനത്തിൻെറ സ്വാധീനം നിരക്ഷരതയുടെ എണ്ണത്തിൽ നേരിയ തോതിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

ജനങ്ങളുടെ ജീവിത നിലവാരത്തെ പരാമർശിക്കുമ്പോൾ ഗൾഫിൻെറ സ്വാധീനം ഒരു പ്രധാന ഘടകംതന്നെയാണ്. സൗകര്യപ്രദമായ ഒരു വീടുണ്ടാക്കുക എന്ന സ്വപ്നം ചിലരെങ്കിലും സാക്ഷാത്കരിച്ചെങ്കിലും കാർഷിക രംഗത്തോ വ്യാവസായിക രംഗത്തോ ഇതുകൊണ്ട് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ഉപഭോഗ സംസ്കാരത്തിൻെറ കടന്നുകയററം ഇതിനൊരു പ്രധാന കാരണമാണ്.

ജനങ്ങളുടെ വേഷവിധാനങ്ങളിൽഇടക്കാലത്ത് വലിയ മാററങ്ങളുണ്ടായിട്ടുണ്ട്. ഓരോ വിഭാഗം ആളുകൾക്കും അവരുടേതായ രീതിയാണ് മുമ്പുണ്ടായിരുന്നതെങ്കിൽ, എല്ലാവർക്കും ഒരേ രീതി എന്ന നിലയിലാണ് ഇന്ന് ഭൂരിഭാഗം ആളുകളിലും കണ്ടുവരുന്നത്. എന്നാൽ മററൊരു വസ്തുത പാശ്ചാത്യ രീതിയുടെ തലോടൽ ഈ രംഗത്തും ദൃശ്യമാണ്.

തൊഴിലില്ലായ്മയെ സംബന്ധിച്ച് പഞ്ചായത്തിൽ വലിയ പ്രശ്നംതന്നെയാണ്. അഭ്യസ്ത വിദ്യരായ ആളുകളും വിവിധമേഖയിൽ വൈദഗ്ദ്യം നേടിയവർ ധാരാളം ഉണ്ടെങ്കിലും തൊഴിലവസരങ്ങൾ വളരെ കുറവാണ്. കാർഷികരംഗത്തേക്കും ചെറുകിട വ്യവസായ രംഗത്തേക്കും ഇവരെ കൊണ്ടുവരുവാൻ സാധിച്ചാൽ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരംകണ്ടെത്തുവാൻ കഴിയും

ലഭ്യമായ വിഭവ സമാഹാരത്തിൻെറ ഉപയോഗത്തിലൂടെയും ഭൂപ്രകൃതിക്കും, കാലാവസ്ഥക്കും അനുയോജ്യമായ കാർഷികപദ്ധതികളിലൂടെയും യോജിച്ച തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെയും പഞ്ചായത്തിൻെറ മുഖച്ഛായതന്നെ മാററിയെടുക്കാൻ നമുക്ക് കഴിയും.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

(അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 150 ഹെക്ടർ |
| പുരയിടം | 1770 ഹെക്ടർ |
| പുറമ്പോക്ക് | 48 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 20 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 26 ഹെക്ടർ |
| ആകെ | 2014 ഹെക്ടർ |



# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

# 5-1 കൃഷിയും ജലസേചനവും

തെക്കും വടക്കും അതിർത്തികളിൽ വലിയ മലകളും ഇടക്കിടക്ക് ചെറിയ കുന്നുകളും, നെൽകൃഷി ചെയ്യുന്ന വയലുകളും താഴ്‌വരകളോടുകൂടിയതുമായ ഭൂപ്രകൃതിയാണ് നെടിയിരുപ്പിൻേറത് മൊത്തം വിസ്തൃതിയുടെ പകുതിയിലധികം ഭാഗവും ചരിവുള്ള പ്രദേശങ്ങളാണ്. കാൽ ഭാഗത്തോളം സമതലങ്ങളും ബാക്കി കുന്നിൻ പ്രദേശങ്ങളുമാണ്, ചെമ്മണ്ണ്, കരിമണ്ണ്, ഏക്കൽമണ്ണ് എന്നീ മൺതരങ്ങളാണ് പൊതുവെ കണ്ടുവരുന്നത്. കുന്നിൻപ്രദേശങ്ങളിൽ വെട്ടുപാറയും കരിംപാറയും കണ്ടുവരുന്നു. എല്ലാതരം വിളകൾക്കും അനുയോജ്യമായ മണ്ണാണ് ഇവിടുത്തേത്. പ്രധാന തോടുകൾ നെടിയിരുപ്പ് വലിയ തോടും, ചിറയിൽ തോടുമാണ്. കൂടാതെ പതിനഞ്ചോളം കൈത്തോടുകളുമുണ്ട്. ഡിസംബർ മാസത്തോടെ മിക്ക തോടുകളിലേയും ഒഴുക്ക് നിലയ്ക്കുന്നു.

ഇന്നും ഭൂരിഭാഗം ജനങ്ങളും കൃഷി മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇവിടെ മുമ്പ് ജൻമി, കുടിയാൻ, തൊഴിലാളി ബന്ധങ്ങൾ സുദൃഢമായിരുന്നു. ജൻമിമാരായിരുന്നു ഭൂമിയുടെ ഉടമസ്ഥർ. നിലമ്പൂർ കോവിലകം, വള്ളിക്കാട്ട് കുടുംബം, പുതിയ കോവിലകം, കിഴക്കേ കോവിലകം, കൊയപ്പത്തൊടി, കുണ്ടോട്ടി തക്കിയക്കൽ തുടങ്ങിയ കുടുംബങ്ങൾ ഇവരിൽ പ്രധാനികളാണ്. ഭൂപരിഷ്ക്കരണം വന്നതോടെ ജൻമിത്തം അവസാനിക്കുകയും ഭൂ ഉടമസ്ഥാവകാശം കർഷകനിൽ നിക്ഷിപ്തമാവുകയും ചെയ്തു.

മുൻ കാലങ്ങളിൽ നെൽ കൃഷിക്കായിരുന്നു ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്. കരഭൂമി വെട്ടിത്താഴ്ത്തി വയലുകളുണ്ടാക്കിയിരുന്നു. ഇന്നാകട്ടെ, വയലുകൾ പുരയിടങ്ങളാക്കി മാററുന്ന പ്രവണതയാണ് കാണുന്നത്. മുമ്പ് ഒന്നാം വിളയ്ക്ക് ആര്യൻ, വട്ടൻ, പള്ളിയാരൽ, രണ്ടാം വിളയ്ക്ക് തെക്കൻ, വെള്ളേരി, കട്ടാടൻ തുടങ്ങിയ നെൽവിത്തിനങ്ങൾ ഉപയോഗിച്ചിരുന്നു. ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. പറമ്പുകളിൽ മോഡൻ, തോട്ടച്ചീര തൊണ്ണൂറാൻ എന്നിവയും ഇടവിളയായി ചാമ എള്ള്, പയർ, ഉഴുന്ന്, ചേന, ചേമ്പ്, കാവിത്ത്, മുതിര, മധുരക്കിഴങ്ങ്, ഇഞ്ചി, വേനൽക്കാല പച്ചക്കറികൾ എന്നിവ കൃഷി ചെയ്തിരുന്നു.

പഞ്ഞ മാസങ്ങളിൽ ചാമ, രാഗി, കവ, പനംചോറ്, വാഴക്കാമ്പ്, മുളഅരി മുതലായവ ഭക്ഷണത്തിനുപയോഗിച്ചിരുന്നു. ജലസേചനത്തിന് തോടുകളിൽ പനപ്പാത്തി, ഓല എന്നിവ ഉപയോഗിച്ച് ചിറ കെട്ടുകയും ഏത്തംതോണി, കയറുകൊട്ട എന്നീ സാമഗ്രികൾ ഉപയോഗിച്ച് കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കുകയും ചെയ്തുവന്നു. കീടങ്ങളെ നശിപ്പിക്കാനായി മുളംകുററിക്കെണി, ഈന്തിൻച്ചക്ക മുറംവീശൽ എന്നീ നാടൻ രീതികളും നടപ്പിലുണ്ടായിരുന്നു.

നെൽകൃഷി അനുദിനം കുറയുകയും, നാണ്യവിളകൾ തൽസ്ഥാനം കയ്യടക്കുകയും ചെയ്യുന്ന പ്രവണത പതിനഞ്ച് വർഷത്തോള

മായി തുടരുന്നു. ജലസേചന സൗകര്യക്കുറവ് കൂലി വർദ്ധനവ്, ഉൽപന്ന വിലയിടിവ്, രൂക്ഷമായ പാർപ്പിട പ്രശ്നം, വയലുകൾ നികത്തുന്നത് തടയുന്ന നിയമത്തിലെ പഴുത് തുടങ്ങിയവ മുഖ്യ കാരണങ്ങളാണ്. ഇന്ന് തെങ്ങ് കൃഷിതന്നെയാണ് മുഖ്യ കൃഷി. നെല്ല്, കവുങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ, റബ്ബർ, നെല്ലിക്ക, പയർ, എള്ള് മുതലായവയും ഭാഗികമായി കൃഷിചെയ്തുവരുന്നു. ഓരോ വിളകളുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ 3.2 നമ്പർ പട്ടികയിൽ താഴെ ചേർക്കുന്നു. (കൃഷിഭവനിൽ നിന്നും ശേഖരിച്ചത്.)

**3 2 വിള വിസ്തീർണ്ണവും ഉൽപാദനവും** (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തംഉൽപാദനം | ഉൽപാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 150 ഹെക്ടർ | 390 M T | 2600kg 1 Ht |
| നെല്ല് (രണ്ടാംവിള) | ,, | ,, | ,, |
| നെല്ല് (മൂന്നാംവിള) | ഇല്ല | ഇല്ല | ഇല്ല |
| പയർ | 10 ഹെക്ടർ | 55 M T | 5.5 M T |
| എള്ള് | 2 ,, | 1 ,, | 500 kg |
| പച്ചക്കറികൾ | 10 ,, | 75 ,, | 7.5 M T |
| തെങ്ങ് | 1300 ,, | 9 ലക്ഷം | 7000 തേങ്ങ |
| വാഴ | 15 ,, | 3 ലക്ഷം | 20,000kg/Ht |
| മരച്ചീനി | 10 ,, | 2.1 ലക്ഷം | 21,000kg/Ht |
| കുരുമുളക് | 20 ,, | 1.3 M T | 650kg/Ht |
| പ്ലാവ് | 3200 എണ്ണം | 1.6 ലക്ഷം | 50ചക്ക/മരം |
| കശുമാവ് | 50 ഹെക്ടർ | 50 M T | 1000kg/Ht |
| റബ്ബർ | 5 ഹെക്ടർ | — | — |
| കവുങ്ങ് | 30 ഹെക്ടർ | 60 ലക്ഷം | 2 ലക്ഷം/Ht |
| മാവ് | 3000 എണ്ണം | 255 M T | 85 kg/മരം |

അവലംബം: സെക്കണ്ടറി ഡാററ

### ഉൽപാദനക്ഷമത

അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം രാസവള, കീടനാശിനി, പ്രയോഗവും മൂലം, ഉൽപാദനക്ഷമത ചില വിളകൾക്ക് കൂടുതലാണെന്ന് വിയിരുത്തുന്നു. വലിയ പരിചരണം വേണ്ടാതിരുന്ന തെങ്ങ് മുതലായ നാണ്യവിളകൾക്ക് ഇപ്പോൾ വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. കൃഷിയിടങ്ങൾ തുണ്ടുവൽക്കരിക്കപ്പെട്ടതോടെ ഉള്ളവ നന്നായി പരിപാലിക്കാൻ കർഷകന് കഴിയുന്നു.

### ജലസേചനം

നെല്ലിന്റെ ഒന്നാം വിള മഴയെമാത്രം ആശ്രയിച്ചാണ് നടന്നിരുന്നത്. രണ്ടാം വിളക്കു് നാടൻ ചിറകൾകെട്ടി ജലസേചനം നടത്തിയിരുന്നു. മഴയുടെ ലഭ്യതയിൽ ഏററക്കുറച്ചിലുകളുണ്ടാവുകയും മണ്ണൊലിപ്പ് തുടങ്ങിയ ബുദ്ധിമുട്ടുകൾ കർഷകരെ അലട്ടുകയും ചെയ്തിരുന്ന

നെടിയിരുപ്പ് വലിയതോട് നീളം 4000 മീ.
ചെർളത്തോട് നീളം 3000 മീ.

ഇവയാണ് പഞ്ചായത്തിലെ പ്രധാന തോടുകൾ. കൂടാതെ പതിനഞ്ചോളം കൈതോടുകളും, എട്ട് കുളങ്ങളും എട്ട് വി. സി. ബി. കളും രണ്ട് ബണ്ടുകളും ഉണ്ട്. റൂറൽ മാൻപവർ മൈനർ, ഇറിഗേഷൻസ്കീം, ജെ. ആർ. വൈ. എന്നീ സ്കീമുകൾ പ്രകാരമാണ് കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്. വർഷങ്ങൾക്കുമുമ്പ് കടുത്ത വേനൽക്കാലത്തുപോലും നീരുറവ വററാത്ത ചോലകളിലും മററും വെള്ളംനിന്നു പോവുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിന്ന് ഗവേഷണങ്ങൾ തന്നെ നടത്തേണ്ടതുണ്ട്. മുൻപത്തെ ആയക്കെട്ട് വ്യവസ്ഥയനുസരിച്ചുള്ള കണക്കു പ്രകാരം ഇപ്പോൾ ചില സ്ഥലങ്ങളിൽ വെള്ളം ലഭിക്കാതെ പോകുന്നുണ്ട്. മണ്ണൊലിപ്പ്മൂലം സ്ഥലനിരപ്പ് ഉയർന്നതിനാലും മററു കൃഷികളുടെ കുടിയേററവും ചിറയിലെ വെള്ളത്തിന്റെ ദൗർലഭ്യവും ഒക്കെ കാരണങ്ങളാണ്.

## 11.8 C C S for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

| ക്രമ നമ്പർ | പരിപാടി ന ടപ്പിലാക്കിയ കാലയളവിൽ പൂർത്തിയായ ആസ്തികൾ | വാർഡ് ആസ്തികളുടെ എണ്ണം/അളവ് I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കിണറുകൾ | 5 | 3 | 2 | 2 | 3 | 7 | 26 | 27 | 7 | 3 | 85 |
| 2 | കുളങ്ങൾ | | | | | | | | | | | |
| 3 | വാട്ടർ ടാങ്കുകൾ | | | | | | | | | | | |
| 4 | പമ്പ് ഹൗസുകൾ | | | | | | | | | | | |
| 5 | പമ്പ് സെററുകൾ | 5 | 7 | 7 | 4 | 4 | 6 | 11 | 30 | 5 | 3 | 82 |
| 6 | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് (ഹെക്ടറിൽ) | 3 | 3 | 4 | 4 | 4 | 4 | 20 | 10 | 2 | | 534H |

പറമ്പ് ജലസേചനം കുറവാണെന്നു തന്നെ പറയാം സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം ജലസേചന സൗകര്യം നടത്തിയെങ്കിലും ഗ്രൂപ്പടിസ്ഥാനത്തിലുള്ള ജലസേചനത്തിന് വലിയ പ്രതികരണം ലഭിച്ചില്ല. കൃഷിഭവൻ മുഖേന 82 പമ്പുസെററുകൾ ഇതിനായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ പരാജയത്തിന്റെ മുഖ്യ കാരണം കർഷകർ തമ്മിലുള്ള യോജിപ്പില്ലായ്മയാണെന്ന് വിലയിരുത്തപ്പെടുന്നു.

വെള്ളം സുലഭമായി കിട്ടുന്ന കൃഷിയിടങ്ങളിൽ വലിയ കുളങ്ങൾ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുകയും, മണ്ണൊലിപ്പ് തടയാൻ ചെരിവുള്ള പ്രദേശങ്ങളിൽ കയ്യാലകൾ കെട്ടുകയും, കേടുപാടുകൾ വന്ന ജലാശയങ്ങൾ പുനരുദ്ധരിക്കുകയും ചെയ്യേണ്ടതാണ്. തോടുകൾ സംരക്ഷിക്കുന്നതിന് ഇരു പാർശ്വങ്ങളും കെട്ടി ബലപ്പെടുത്തേണ്ടതുണ്ട്. ജലസേചനത്തിനാവശ്യമായ വൈദ്യുതി കർഷകന് എളുപ്പത്തിൽ കിട്ടാൻ വേണ്ട നടപടികൾ ആവശ്യമാണ്.

### ഉൽപന്നങ്ങളുടെ വിലയും വിപണനവും

നാണ്യവിളകളുടെ വിപണനകേന്ദ്രം മുൻപത്തെപ്പോലെ ഇന്നും കോഴിക്കോട് തന്നെയാണ്. കൃഷിയെ സംബന്ധിച്ചിടത്തോളം ഒരു വിപണനകേന്ദ്രവും ഇവിടെ സ്ഥിരമായി പ്രവർത്തിക്കുന്നില്ല. നാളികേര സംസ്കരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം അത്യാവശ്യമാണ്. പച്ചക്കറി വിപണിയുടെ അഭാവംമൂലം കർഷകൻ ചൂഷണം ചെയ്യപ്പെടുന്നു. ഇടത്തട്ടുകാരാണ് ഉല്പന്നത്തിന്റെ വില നിശ്ചയിക്കുന്നത്. ഏകദേശം 60%ത്തിൽ താഴെ മാത്രമെ കർഷകന് വില കിട്ടുന്നുള്ളു.

### കാർഷിക ബന്ധങ്ങൾ

ഭൂപരിഷ്കരണം കാർഷികമേഖലയിൽ വലിയ മാററങ്ങൾ വരുത്തിയെങ്കിലും ഭൂമി കൈവശമുള്ള കർഷകൻ സ്വയം ജോലി ചെയ്യാത്ത അവസ്ഥയാണുള്ളത്. ഓരോ വാർഡിലും രണ്ട് ഹെക്ടറിൽ അധികം ഭൂമിയുള്ള കർഷകർ വിരലിലെണ്ണാവുന്നവയാണ്. സ്ഥലം പാട്ടത്തിനെടുത്താണ് പലരും പച്ചക്കറി കൃഷിചെയ്യുന്നത്. സ്വയം കൃഷിചെയ്യുന്ന കർഷകർ ഏകദേശം 250നോടടുത്ത് വരുന്നു.

### കൂലി സേവന വ്യവസ്ഥകൾ

ഈ രംഗത്ത് ഒരു സ്ഫോടനം തന്നെയാണ് അടുത്ത കാലത്തുണ്ടായത്. ഭൂ ഉടമയാണ് മുൻകാലങ്ങളിൽ കൂലി നിശ്ചയിച്ചിരുന്നതെങ്കിൽ ഇന്ന് തൊഴിലാളിയാണ് കൂലി നിശ്ചയിക്കുന്നത്. ഈ രംഗത്ത് ഒരേ സമയത്താണ് തൊഴിലാളികളുടെ സേവനം അത്യാവശ്യമായി വരുന്നത്. സ്വാഭാവികമായും തൊഴിലാളി ആവശ്യപ്പെടുന്നകൂലികൊടുക്കാൻ കർഷകൻ നിർബന്ധിതനായിത്തീരുന്നു.

പഞ്ചായത്തിൽ നിലവിലുള്ള കൂലി നിരക്ക്

| | | |
|---|---|---|
| 1 | ഉഴവ് (കന്നുകൾഅടക്കം) | — 200ക. |
| 2 | കിളക്കൽ | — 100മുതൽ 125ക. വരെ |
| 3 | ഞാറ് നടീൽ | — 65 |
| 4 | കളപറി | — 60 |
| 5 | കൊയ്ത്ത് മെതി | — 60 മുതൽ 70 വരെ (6പറക്ക് ഒരുപറ) |
| 6 | തേങ്ങയിടൽ | — 2 തെങ്ങിന് 1 തേങ്ങ |
| 7 | കീടനാശിനി തളിയ്ക്കൽ | — 100ക. |

കററകെട്ട് ഒരു ചുമട് തൊഴിലാകയാൽ ഈ സേവനത്തിന് 150ക മുതൽ 200ക വരെ കൂലിയുണ്ട്. ഈ കാലഘട്ടത്തിൽ കൂലിയല്ല, ഒരു തൊഴിലാളിയെ കിട്ടുക എന്നതാണ് പ്രധാനമായിട്ടുള്ളത്.

## വള ഉപയോഗം

ജൈവവളത്തിൻെറ ഉപയോഗം നന്നേകുറഞ്ഞുവരികയാണ്. ജീവാണുപ്രയോഗം ഇല്ലെന്നുതന്നെ പറയാം. രാസവളത്തിൻെറ അശാസ്ത്രീയമായ ഉപയോഗംമൂലം മണ്ണിൻെറ ഘടനയിൽ വലിയ മാററം വരുന്നുണ്ട്. അതിൻെറ ഭവിഷ്യത്തിനെപ്പററി കർഷകൻ ബോധവാനല്ല. ജൈവവളത്തിൻെറ ഉയർന്ന വിലയും ആയതിൻെറ ലഭ്യത കുറവുമാണ്. കർഷകരെ ഇതുപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

ശീമക്കൊന്ന, ഡയിഞ്ച എന്നിവ കൂടിയ തോതിൽ വളർത്താവുന്നതും, മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തുന്നതും പരിഹാരമാണ്.

രാസവളത്തിൻെറ ഉപയോഗം താഴെപറയുന്ന രീതിയിലാണ്.

3.3 രാസവള വിപണനം

| സ്ഥാപനത്തിൻെറപേര് | 1993–94 രാസവളം kg | 1994–95 രാസവളം kg | 1995–96 രാസവളം kg |
|---|---|---|---|
| സഹകരണം | | | |
| നേർവളം | 20700 | 16000 | 24000 |
| കൂട്ടുവളങ്ങൾ | 36200 | 24600 | 33100 |
| സ്വകാര്യം | | | |
| നേർവളം | 24000 | 22400 | 27100 |
| കൂട്ടുവളങ്ങൾ | 40600 | 21200 | 34700 |
| | 115500kg | 84000kg | 118900kg |

## രോഗങ്ങൾ

കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങൾ നിരവധിയാണ് അവ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1 നെല്ല്: | ചാഴി, മൂടുചീയൽ, പോള രോഗം |
| 2 തെങ്ങ്: | ചെന്നീരൊലിപ്പ്, മണ്ടചീയൽ, ചെമ്പൻ ചെല്ലി, തെങ്ങോലപ്പുഴ, മച്ചിങ്ങചീയൽ |
| 3 കവുങ്ങ്: | മഹാളി |
| 4 കുരുമുളക്: | ധൃതവാട്ടം, മഞ്ഞളിപ്പ്, കണ്ണിമുറിഞ്ഞുപോവൽ, വള്ളിചീയൽ |
| 5 വാഴ: | മണ്ടയടപ്പ്, കറുനാമ്പ് |
| 6 പച്ചക്കറികൾ: | കായീച്ച, കുമിൾരോഗങ്ങൾ, മഞ്ഞളിപ്പ് |
| 7 ഇഞ്ചി: | തണ്ടുതുരപ്പൻ, മഞ്ഞളിപ്പ്, മൂടുചീയൽ, ബ്ലൈയററ് രോഗം |

ഈ രോഗങ്ങൾ പലതും അതാത് വിളകളെ ഉന്മൂലനം ചെയ്യാൻ തക്കശേഷിയുള്ളതാണ്. അതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഇതിന് പരിഹാരവും ഉണ്ടാവേണ്ടതുണ്ട്. "സൗജന്യ വിള ഇൻഷൂറൻസ് പദ്ധതി" ഏർപ്പെടുത്തേണ്ടതുണ്ട്.

## വായ്പാസൗകര്യങ്ങൾ

നെടിയിരുപ്പ് സർവ്വീസ് കോ–ഓപ്പറേററീവ് ബേങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബേങ്ക്, വിജയാബേങ്ക് എന്നീ ബേങ്കുകളാണ് പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിക്കുന്നത്. കൃഷിക്ക്‌വേണ്ടി അനുവദിക്കുന്ന വായ്പകൾ പലതും മററ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നതാണ് അഭിപ്രായം. നബാടിൽ നിന്നും സ്റ്റേററ് കോ–ഓപ്പറേററീവ് ബേങ്കിനും അതുവഴി പ്രാഥമിക കോ–ഓപ്പറേററീവ് ബേങ്കിനും കിട്ടിയിരുന്ന വായ്പ **Overdue** കാരണം നബാടിൻെറ റീഫിനാൻസ് കിട്ടാത്തതിനാലും കൃഷിഭവനിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാന കേന്ദ്ര ഗവൺമെൻറ് പദ്ധതികൾക്ക് വായ്പകൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല.

ഉദാ:– സമഗ്ര നാളികേര വികസന പദ്ധതി

ഈ അവസ്ഥക്ക് മാററം വരുത്താൻ വേണ്ട നടപടികൾ ആവശ്യമാണ്.

## കാർഷിക വികസന പ്രവർത്തനങ്ങൾ

കാർഷിക വികസന പ്രവത്തന രംഗത്ത് കൃഷിഭവൻെറ സേവനങ്ങൾക്ക് പരിമിതികൾ ഏറെയുണ്ട് എങ്കിലും ആശ്വാസമാണ്. വേണ്ടത്ര സ്ററാഫ് ഇല്ലാത്തതിനാൽ ഫലപ്രദമായി പ്രവർത്തിക്കാൻ പ്രയാസം ഉണ്ട്.

## കൃഷിഭവൻ വഴി നടപ്പിലാക്കിയ ചില പദ്ധതികൾ

| | | അഭിപ്രായം |
|---|---|---|
| 1 | കുരുമുളക് പുനരുദ്ധാരണ പദ്ധതി | |
| 2 | കുരുമുളക് കൃഷി വിപുലീകരണ പദ്ധതി | |
| 3 | കശുമാവ് വിപുലീകരണ പദ്ധതി | |
| 4 | ഊർജ്ജിത കശുമാവ് വികസന പദ്ധതി | |
| 5 | ജൈവവള വികസന പദ്ധതി | ആവശ്യമാണ് കർഷകർ സ്വീകരിക്കുന്നില്ല |
| 6 | സമഗ്ര നാളികേര വികസന പദ്ധതി | |
| 7 | കണിക ജലസേചന പദ്ധതി | പ്രോൽസാഹനം വേണം |
| 8 | നെല്ലുൽപാദന ബോണസ്സ് | |
| 9 | അംഗീകൃത തൈകളുടെ ഉൽപാദനത്തിന് നേഴ്സറി | |
| 10 | പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കുള്ള പദ്ധതി | |
| 11 | നടീൽ വസ്തുക്കളുടെ വിതരണം | സമയത്തിന് ലഭ്യമല്ല |
| 12 | മണ്ണ് പരിശോധന ചെയ്യൽ | വേണ്ടത്ര ആവശ്യക്കാരില്ല |
| 13 | ഇഞ്ചി കൃഷി വികസന പദ്ധതി | |
| 14 | കവുങ്ങ് കൃഷിയിൽ മഹാളിക്കെതിരെ മരുന്നടിക്കുന്ന പദ്ധതി | |

വളരെ നന്നായി നടക്കുന്നത് വ്യക്തികൾക്ക് നൽകപെടുന്ന പദ്ധതികളാണെന്നും, ഗ്രൂപ്പടിസ്ഥാനത്തിലുള്ളവ പരാജയമാണെന്നുമാണ് വിലയിരുത്തൽ.

### കർഷക സംരംഭങ്ങൾ

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട മൂന്ന് പാടശേഖര കമ്മററികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവ പലതും പേരിനുമാത്രം പ്രവർത്തിക്കുന്നു. സൈാസൈററി ആക്ട് പ്രകാരം രജിസ്ററർ ചെയ്യപ്പെട്ട ''നാളികേര വികസന സമിതി'' നാമമാത്രമായി അവശേഷിക്കുന്നു. കൊട്ടക്കര കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ''നെടിയിരുപ്പ് കർഷക സമിതിയും'' ഇന്ന് നിലവിലില്ല.

### പ്രശ്നങ്ങൾ

1 വേണ്ടത്ര ജലസേചന സൗകര്യമില്ലായ്മ. (നെൽകൃഷിക്ക്)
2 നല്ല ഇനം നടീൽ വസ്തുക്കളുടെ യഥാസമയത്തുള്ള ലഭ്യതക്കുറവ്.
3 ജൈവവള ദൗർലഭ്യതയും രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവദ്ധനയും
4 8, 7, 6, 2 എന്നീ വാർഡുകളിലെ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗണ്യമായിട്ടുണ്ട്.
5 പാടങ്ങൾ നികത്തപ്പെടുന്നു.
6 ആധുനിക കാർഷിക ഉപകരണ ഉപയോഗക്കുറവ്.
7 കർഷക തൊഴിലാളികളുടെ ദൗർലഭ്യവും, കൂലി വർദ്ധനവും സേവന നിലവാരകുറവും.
8 കാർഷികോൽപന്നങ്ങളുടെ വിലകുറവും, സ്ഥിരം മാർക്കററിൻെറ അഭാവവും.
9 മണ്ണ് പരിശോധന നടത്തി അതിന് യോജിച്ച വിളകളും വളങ്ങളും കർഷകർക്ക് ലഭ്യമാക്കാനുള്ള സൗകര്യക്കുറവ്.
10 വ്യാപകമായി പടർന്ന് പിടിക്കുന്ന രോഗങ്ങൾ.

11 ഉൽപന്ന സംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല.
12 കൃഷിഭവന്റെ സേവനത്തിന് പരിമിതികളുണ്ട്.
13 കൃഷി മുഖ്യതൊഴിലാക്കിയവരുടെ എണ്ണം കുറഞ്ഞുവരുന്നു.
14 മതിയായ വായ്പാ സൗകര്യങ്ങൾ ഇല്ല.

## പൊതു നിർദ്ദേശങ്ങൾ

1 നിലവിലുള്ള പല ജല സംഭരണികളും കാലപ്പഴക്കം വന്ന് ഉപയോഗ്യ ശൂന്യമായിട്ടുണ്ട്. മിക്ക V C B കൾക്കും ചീർപ്പ് ഇല്ലാത്തതാണ് കാരണം. ഇത് ഉടൻ തന്നെ സ്ഥാപിക്കാനുള്ള നടപടിവേണം. അതുപോലെ കുളങ്ങളും മററും ചളിവാരി റിപ്പയർ ചെയ്യേണ്ടതുണ്ട്. കൃഷിയിടങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നതിന്ന് നീർച്ചാലുകൾ നിർമ്മിക്കേണ്ടതാണ്. 1 ഹെക്ടർ കൃഷിയിടത്തിന് 1 കിണർ എന്ന തോതിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

2 പഞ്ചായത്തിൽ നടീൽ വസ്തുക്കൾക്കായി ഒരു നഴ്സറി സ്ഥാപിക്കേണ്ടതും കൃഷിഭവന്റെ മേൽനോട്ടത്തിൽ ഒരു ഫാം ഹൗസ് നിർമ്മിക്കേണ്ടതുമാണ്.

3 ചച്ചക്കറി, വാഴ, കപ്പ തുടങ്ങിയ കൃഷികൾക്ക് പണിക്കൂലി വളം കീടനാശിനി, ജലസേചനം മരുന്നടിയന്ത്രം എന്നിവക്ക് സബ്സിഡികളും മററ് ആനുകൂല്യങ്ങളും അനുവദിക്കുക.

4 കേന്ദ്ര ഗവ: നടപ്പിലാക്കുന്ന ദേശീയ നീർമറി അടിസ്ഥാനമാക്കി മണ്ണ് ജലസംരക്ഷണ പദ്ധതിയിൽ നെടിയിരുപ്പ് പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

5 പാടങ്ങൾ മണ്ണിട്ട് നിരത്തുന്നതിനെതിരെ കർക്കശമായ നിയമം കൊണ്ടുവരുക.

6 കൃഷിഭവന്റെ കീഴിൽ കർഷകർക്ക്വേണ്ടി കൊയ്ത്ത്മെതി യന്ത്രസംവിധാനത്തോടുകൂടിയ ഒരു ട്രാക്ടർ കം ട്രെയ്ലർ വാങ്ങി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പാടശേഖരങ്ങളിലേക്ക് ഫാം റോഡുകൾ നിർമ്മിക്കേണ്ടതാണ്.

7 കാർഷിക കൂലിനിരക്ക് ഏകീകരിക്കുകയും കൂലിനിരക്ക് ഉൽപ്പന്ന വിലയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കുകയും വേണ്ടതാണ്.

8 കാർഷികോൽപ്പന്നങ്ങൾക്ക് ഒരു കാർഷിക വിപണന കേന്ദ്രം ആരംഭിക്കേണ്ടതും അതുവഴി ഇടത്തട്ടുകാരുടെ സ്വാധീനം നിയന്ത്രിക്കേണ്ടതുമാണ്.

9 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷിയിറക്കുന്നതിന് കൃഷിഭവനിൽ തന്നെ ആയതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

10 വിളകളെ പാടെ ഉൻമൂലനം ചെയ്യുന്ന കീടങ്ങളെയും രോഗങ്ങളെയും ചെറുക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നടപടി ഉണ്ടാവേണ്ടതാണ്.

11 കൃഷിഭവനിൽ ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതും വാർത്താവിനിമയസൗകര്യങ്ങൾ(ഫോൺ) ഏർപ്പെടുത്തേണ്ടതുമാണ്. നടീൽ വസ്തുക്കൾ സൂക്ഷിക്കാനും സംരക്ഷിക്കാനും ഒരു ഫാം ഹൗസ് സ്ഥാപിക്കേണ്ടതാണ്.

12 സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുക കൃഷിക്കാരേയും തൊഴിലാളികളേയും സാമൂഹ്യസുരക്ഷാ പരിഗണന നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുക. വാർദ്ധക്യകാല ആനുകൂല്യങ്ങൾ അനുവദിക്കുക.

13 വിള ഇൻഷുറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുക.

14 ഉൽപന്നങ്ങളുടെ ഈടിൽ ബാങ്ക് വായ്പ അനുവദിക്കുക.

15 കാർഷിക വായ്പയും മററാനുകൂല്യങ്ങളും യഥാർത്ഥആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് ഉറപ്പ്വരുത്തുക.

16 മാരക വിഷമുള്ള മെററാസിഡ്, ഡൈമക്രോൺ, ഫിനിഷ്, ഫെറഡോൺ, എൻഡ്രോ സൾഫർ എന്നിവ അശാസ്ത്രീയമായി ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

17 മാസത്തിലൊരിക്കൽ കർഷകർക്ക് ബോധവൽക്കരണത്തിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ക്ലാസുകൾ നടത്തേണ്ടതാണ്.

18 നെൽകൃഷി വികസനത്തിന് സൗജന്യ വൈദ്യുതി അനുവദിക്കുക.

19 ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

## അനുബന്ധം:

ഗ്രാമസഭയിൽനിന്നും ഉരുത്തിരിഞ്ഞ ആവശ്യങ്ങൾ (പ്രധാനമായും ജലവിഭവങ്ങളെ സംബന്ധിച്ചുള്ളവ)

ഒന്നാംവാർഡ്: അമ്പലംകുത്ത്കുളം പുനരുദ്ധരിക്കുകയും, 1–ാംമൈൽ, അത്തംപള്ളിയാളി, പാലാട്ടുകുടുക്ക് എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കുകയും ചെയ്യുക.

രണ്ടാം വാർഡ്: ചേനോത്ത് ചോലയിൽ താഴെഭാഗത്ത് 1 അണക്കെട്ട്, ചെറാട്ട് ചോലയിൽ ഒരു കുളം എന്നിവ നിർമ്മിക്കുക ചെറാട്ട്ചോല, ചോലക്കൽ ചോല, ചേനോത്ത്ചോല എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബണ്ടുകൾ കേടുപാടുകൾ തീർക്കുകയും ഞവുഞ്ഞിക്കോട്, പാട്ടശീരി, കിണറുകൾ ആഴംകൂട്ടി ജലസേചന യോഗ്യമാക്കുകയും ചെയ്യുക, നെല്ലിപ്പറമ്പ് കിണർ ആഴംകൂട്ടി സൈഡ്വാൾ നിർമ്മിച്ചു 5 H P മോട്ടോർ സ്ഥാപിക്കുക, കോടങ്ങാട് അപ്പിത്തോട്, കൊട്ടക്കര അപ്പിത്തോട് എന്നീ കൈത്തോടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുകയും കോടങ്ങാട് അപ്പിത്തോട്ടിൽ ഉപകാരപ്രദമായ സ്ഥലത്തും കൊട്ടുക്കര അപ്പിത്തോടിൽ പാട്ടശീരി മദ്രസ്സയുടെ സമീപത്തും ഓരോ ചെക്ക്ഡാമുകൾ പണിയുകയും ചെയ്യുക.

മൂന്നാം വാർഡ്: കാരിമുക്ക് വലിയകുളം പുനരുദ്ധരിച്ച് പമ്പ്സെററ് സ്ഥാപിക്കുകയും വലിയകുളം മുതൽ കോരപ്പൻ കണ്ടുവരെ നീണ്ടുകിടക്കുന്ന തോടിന്റെ സൈഡ് കെട്ടുകയും കല്ലുങ്ങൽ തോട്ടിൽ ഒരു V C B നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. കാർഷികോൽപ്പന്ന വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

നാലാം വാർഡ്: കാർഷിക മേഖലയുടെ വികസനത്തിന് ജലലഭ്യതക്ക് മുൻതൂക്കം നൽകുക 1 ഹെക്ടർ ഭൂമിക്ക് 1 കിണർ എന്ന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക, സഹകരണ മാർക്കററിംഗ് സമ്പ്രദായം കൊണ്ടുവരിക.

അഞ്ചാം വാർഡ്: മുറിത്തോട് ഭാഗത്ത് കുളം നിർമ്മിക്കുകയും പുളിശീരികണ്ട് ഭാഗത്ത് ചോല ബണ്ട് കെട്ടി ജലംസംഭരിക്കുകയും Drip ഇറിഗേഷൻ സൗകര്യം എല്ലാ കർഷകർക്കും ലഭ്യമാക്കുകയും ചെയ്യുക, കൃഷി ആവശ്യങ്ങൾക്ക് കുളം നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായ നടപടികൾ ഉദാരമാക്കുക ഫാം റോഡുകൾ നിർമ്മിച്ച് കൃഷിയിടങ്ങളെ പരസ്പരം ബന്ധിപ്പിക്കുക, കർഷകരെ ബോധവൽക്കരിക്കാൻ വട്ടിയാർകുന്ന്, ചെമ്പാല, പോത്തട്ടിപ്പാറ, മുറിത്തോട്, ലക്ഷംവീട് എന്നീ സ്ഥലങ്ങളിൽ T V സ്ഥാപിക്കുക.

ആറാം വാർഡ്: ഇരീക്കൽ, കല്ലംകുത്ത് എന്നീ അണക്കെട്ടുകൾ റിപ്പയർ ചെയ്യുക, പരപ്പിൽ തോട്, താന്നിക്കാട് പടി എന്നിവിടങ്ങളിൽ അണക്കെട്ടും നീർചാലുകളും സ്ഥാപിക്കുകയും, പഴയ കുളങ്ങൾ ചളിവാരി ആഴം കൂട്ടുകയും ചെയ്യേണ്ടതാണ്.

ഏഴാം വാർഡ്: 2–ാം ബ്ലോക്ക് 14–ാം പടി, കുളം എന്നീ അണക്കെട്ടുകൾ റിപ്പയർ ചെയ്യുക, ചെരുപ്പടി കുളത്തിന്റെ ചോർച്ച അടക്കുക, കണ്ടംപാറകുളം ഉപയോഗയോഗ്യമാക്കുക, ചെറള തോടിൽ തടയണകൾ നിർമ്മിക്കുക, കോലോത്ത് ഭാഗം 8–ാം ബ്ലോക്ക് മുച്ചിക്കണ്ട്, കാഞ്ഞിരത്തിങ്കൽ, 16–ാം ബ്ലോക്ക് എന്നീ സ്ഥലങ്ങളിൽ ഓരോ കുളം സ്ഥാപിക്കുക, ചെറള തോടിൽ, കാഞ്ഞിരത്തിങ്ങൽ, ഇരട്ടത്തോട് ചിറയിൽ മഞ്ഞവിൽ ഭാഗം, N. H. കോളനി, 6-ാം ബ്ലോക്ക്, 24–ാം ബ്ലോക്ക് എന്നിവിടങ്ങളിൽ അണക്കെട്ടുകൾ നിർമ്മിക്കുകയും വേണ്ടതാണ്.

എട്ടാം വാർഡ്: പൂച്ചേങ്ങര കുളം റിപ്പയർ ചെയ്യുകയും തിരുത്തിയാട് നിലം, കല്ലുങ്ങൽ കൈതക്കോട് പള്ളിക്ക് സമീപം, കോട്ടാശേരി തോട്, കണ്ണംകുളം, ചന്ദനപ്പുറം, കൈതക്കോട് തോട് എന്നീ സ്ഥലങ്ങളിൽ (7) ഓരോ V C Bകൾ നിർമ്മിക്കുകയും ചിറയിൽ പാടശേഖരത്തേക്ക് ഒരു റോഡ് നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. കോട്ടാശേരി കോളനി കുളം നന്നാക്കി കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുക

ഒമ്പതാം വാർഡ്: തെങ്ങുംതറ V C B അററകുററപ്പണികൾ നടത്തുകയും, ഷട്ടറിട്ട് താഴോട്ട് 200 മീററർ നീളത്തിൽ നീർചാലുണ്ടാക്കുകയും ചെയ്യുക, ഓണിൽ കുളത്തിൽ നിന്നും വരുന്ന നീർചാൽ 250 മീററർകൂടി കെട്ടേണ്ടതാണ്. അയേങ്ങരകുളം മണ്ണ് വാരി റിപ്പയർ ചെയ്യുകയും പമ്പ്ഹൗസ് സ്ഥാപിക്കുകയും ചെയ്യുക.

പത്താം വാർഡ്: കുറുപ്പത്ത് തോടിൽ ചിറ കെട്ടുക.

മുകളിൽ വിശദീകരിച്ച നിർദ്ദേശങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു നൂതന വികസന സംസ്കാരം നാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്.

# 5-2 മൃഗസംരക്ഷണം, മത്സ്യബന്ധനം

ഉള്ള വിഭവങ്ങളെ ശരിയായി ചൂഷണം ചെയ്യുകയാണെങ്കിൽ കുറെയേറെ ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുമെന്ന കാഴ്ചപ്പാടാണല്ലൊ ജനകീയ ആസൂത്രണ പരിപാടിയുടെ തന്നെ നിദാനം.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും ആഹാരത്തിലെ മുഖ്യഘടകമാണ് മൽസ്യവും മാംസവും, മൃഗങ്ങളെ വളർത്തുന്ന ഫാമുകളോ പഞ്ചായത്ത് കടലോര പ്രദേശമോ പുഴയോര പ്രദേശമോ അല്ലാത്തതും ഈ രണ്ട് വികസനത്തിനും പരിമിതികൾ ഉയർത്തുന്നു. എങ്കിൽ പോലും നിലവിലുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിൻെറ ആവശ്യങ്ങൾ കുറെയേറെ നിറവേററാൻ കഴിയും.

നെടിയിരുപ്പ് ഗ്രാമം മൃഗസംരക്ഷണത്തിനു വളരെ അനുയോജ്യമായ ഒരു പഞ്ചായത്താണ്. ഈ ഗ്രാമ പഞ്ചായത്തിൽ 1489 വിവിധ ഇനം പശുക്കളും, 144 എരുമകളും, 223 കാളകളും, 354 സങ്കരയിനം, 1276 പെണ്ണാടുകളും, 450 ആൺ ആടുകളും, 12,392 നാടൻ കോഴികളും 345 താറാവുകളും ഒരു പന്നിയുമാണ് ലഭ്യമായ കണക്കനുസരിച്ച് വളർത്തുമൃഗങ്ങളുടെ കണക്ക്. മൃഗങ്ങളെ വളർത്താനും, സംരക്ഷിക്കാനും അനുയോജ്യമായ പരിതസ്ഥിതി പഞ്ചായത്തിൽ ഉണ്ടെങ്കിലും സംവിധാനങ്ങളുടെ അപര്യാപ്തതയും മേച്ചിൽപുറങ്ങളുടെ കുറവും കാലിതീററകളുടെ ദൗർലഭ്യവും മൃഗസംരക്ഷണ രംഗത്ത് നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നു.

വളർത്തുമൃഗങ്ങളെ കുളമ്പുരോഗം, അകിടുവീക്കം, കോഴിവസന്ത, ഉദരസംബന്ധമായ രോഗം എന്നിവ പിടികൂടുന്നു. കൂടാതെ കോഴികൾ തൂക്കം പിടിച്ച് കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. ആവശ്യമായ സമയത്ത് ചികിത്സ ലഭ്യമാക്കാത്തത് മൂലമാണ് ഇങ്ങിനെ സംഭവിക്കുന്നത്.

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വെററിനറി സബ്സെൻറർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നെടിയിരുപ്പ് പഞ്ചായത്തിൽ മൃഗാശുപത്രി അനുവദിച്ചെങ്കിലും ആവശ്യമായ ഡോക്ടറെയും, ജീവനക്കാരെയും നിയമിച്ചില്ല ഇത്മൂലം ധാരാളം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നു. മൃഗസംരക്ഷണ വകുപ്പിൻെറ പ്രവത്തനങ്ങൾ വേണ്ടുംവിധം ലഭ്യമാവാത്തതിനാൽ പല മൃഗങ്ങളും ചികിത്സ കിട്ടാതെ ചത്തുപോകുന്നു. ഇത്മൂലം കർഷകന് ഭീമമായ നഷ്ടം സഹിക്കേണ്ടിവരുന്നു.

പാൽ, മുട്ട, ഇറച്ചി മുതലായ ഉല്പന്നങ്ങൾ വിററഴിക്കാൻ വിപണന കേന്ദ്രങ്ങളുടെ (പാൽ സൊസൈററി, മാർക്കററ്) അഭാവം കർഷകർക്ക് ഈ രംഗത്ത് പുരോഗതി ഉണ്ടാകുന്നതിൽ തടസ്സമായി നിൽക്കുന്നു. ഈ പഞ്ചായത്തിൽ ഉഴവ് കാളകളുമായി ഒട്ടേറെ പേർ തൊഴിലും, ഉപതൊഴിലുമായി കഴിഞ്ഞുകൂടുന്നു.

മേച്ചിൽ പുറങ്ങൾ ഇല്ലായ്മ, പുല്ല്കൃഷി, കേന്ദ്രീകൃത വിൽപന സൗകര്യമില്ലായ്മ, ഇറച്ചിക്കോഴി വളർത്തൽ ഫാമില്ലായ്മ എന്നിവ

## വളർത്തുമൃഗ സംഖ്യ

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പന്നി | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മററുള്ളവ | വംശ വർദ്ധനവ് | മററുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തവ | കറവ ഉള്ളത് | കറവ ഇല്ലാത്തവ | കറവ ഉള്ളത് | കറവ ഇല്ലാത്തവ | | | | |
| 13 | 224 | 16 | 324 | 432 | 211 | 647 | 199 | 130 | 14 | 32 | 1276 | 1 | 237 |

## വളർത്തുപക്ഷി സംഖ്യ

| പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|
| | മുട്ടഇടുന്നത് | മുട്ടഇടാത്തത് | ആൺ | പെൺ | |
| 6341 | 7212 | 2003 | 122 | 223 | 10 |

യും ഈ രംഗത്തെ പ്രശ്നങ്ങളാണ് കൂടാതെ മൃഗങ്ങളെ വളർത്തുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച ബോധവൽക്കരണക്കുറവും സംരക്ഷണ മേഖലയെ പിറകോട്ട് കൊണ്ടുപോകുന്നു. ഓരോ വാർഡിലും മൃഗങ്ങളുടെ രോഗങ്ങൾക്കെതിരായി പ്രതിരോധ കുത്തിവെപ്പിനും, ചികിൽസാ സൗകര്യത്തിനും പ്രത്യേക കേമ്പ് സംഘടിപ്പിക്കണം.

മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്.

ഉദാ: പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ആട് വളർത്തൽ യൂനിററ്, മുട്ടകോഴി വളർത്തൽ കേന്ദ്രം.

### സാധ്യതകൾ:

നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തിലെ 1, 2, 4, 5, 7, 9, 10 എന്നീവാർഡുകളിൽആട് വളർത്തുകേന്ദ്രങ്ങൾ തുടങ്ങാനാവശ്യമായ സ്ഥലങ്ങൾ ലഭ്യമാണ്.

പഞ്ചായത്തിലെ 85% ആളുകളും ഭക്ഷണത്തിൽ മാംസം പ്രധാന ഘടകമായി ഉപയോഗിക്കുന്നതുകൊണ്ട് മുട്ട, മാംസം എന്നിവക്ക് വർദ്ധിച്ച തോതിലുള്ള വിപണന സാധ്യതയുണ്ട്.

നിലവിലുള്ള പശുക്കളിൽനിന്നും പാൽ ശേഖരിക്കുകയാണെങ്കിൽ പാൽസൊസൈററി വിജയകരമായി നടത്താം. വാർഡ് അടിസ്ഥാനത്തിൽ ജനങ്ങൾക്ക് പോത്തിൻകുട്ടികളെ വളർത്താൻസൗകര്യം നൽകുകയാണെങ്കിൽ മാംസത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും.

### നിർദേശങ്ങൾ

അനുവദിച്ച മൃഗാശുപത്രിക്ക് സ്വന്തം സ്ഥലത്ത് കെട്ടിടം സ്ഥാപിക്കുക. ഓരോ വാർഡിലും സബ് സെൻറർ സ്ഥാപിച്ച് മുഴുവൻ സമയ ഡോക്ടർമാരുടെ സേവനവും ആവശ്യമായ മരുന്നുകളും സാധന സാമഗ്രികളും ഉറപ്പുവരുത്തുക. മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി (ലാബ്) നിർമ്മിക്കാനാവശ്യമായ ഫണ്ടും, ജീവനക്കാരേയും ലഭ്യമാക്കുക.

രണ്ട് വാർഡുകൾക്ക് ഒന്ന് എന്നതോതിലെങ്കിലും ക്ഷീര വികസന സഹകരണ സംഘങ്ങൾ, പാൽ സംസ്കരണ യൂണിററ് എന്നിവ പഞ്ചായത്ത്അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, ഉല്പാദന വിപണന സാഹചര്യം ഉണ്ടാക്കുകയും ചെയ്യുക.

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളായ കാരിമുക്ക്, പടിപ്പുക

ണ്ടത്തിൽ, ചെമ്പാല, കപ്പിയോടം, പുളിശീരിക്കണ്ട്, കമ്മിളിക്കന്നത്ത്, പുളിയത്ത്, കോട്ടാശേരി എന്നിവിടങ്ങളിൽ ആട്, കോഴി വളത്തുകേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

ഓരോ വീട്ടിലും ഒരു പശു, ഒരു ആട്, ഒരു പോത്ത്, 10 കോഴികൾ എന്നിവ ഉണ്ടെന്ന് ഉറപ്പ്വരുത്തുകയും, ഇല്ലാത്തവർക്ക് അത് വാങ്ങാൻ സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുകയും വേണം. മുഴുവൻ ക്ഷീര കർഷകർക്കും പെൻഷനും മററ് ആനുകൂല്യങ്ങളും അനുവദിച്ചുകിട്ടേണ്ടതുമാണ്. വളർത്തുമൃഗങ്ങൾക്ക് സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തുക.

വളർത്തുമൃഗങ്ങൾ വാങ്ങാൻ വരുമാന പരിധിനോക്കാതെ സാമ്പത്തിക സഹായം നൽകുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

ഐ. ആർ. ഡി. പി. മുഖേന പശു വാങ്ങാനും ആലനിർമ്മിക്കാനും ഇപ്പോൾനൽകുന്ന തുക അപര്യാപ്തമാണ്. ആ തുക കാലോചിതമായി വർദ്ധിപ്പിക്കുകയും ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായി പശു, ആട്, കോഴി എന്നിവ നൽകുകയും, ഇവ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനവും ഉണ്ടാക്കുക. അത്യുൽപാദനശേഷിയുള്ള ബീജങ്ങൾ കുത്തിവെക്കാനുള്ള സൗകര്യം എളുപ്പമാക്കുക.

പഞ്ചായത്തിൽ കാലിത്തീററ യഥാസമയം ലഭിക്കാവുന്ന രീതിയിൽ ഒരു ഉൽപാദന വിപണന കേന്ദ്രവും, വൈക്കോലിൻെറ ലഭ്യതക്കുറവ് പരിഹരിക്കലും, പുൽകൃഷി ആരംഭിക്കാനുംവേണ്ട നടപടി സ്വീകരിക്കുകയും വേണം.

ശാസ്ത്രീയ സംവിധാനത്തിലുള്ള മാംസമാർക്കററ് പഞ്ചായത്തിലെ വിവിധ അങ്ങാടികളിൽ സ്ഥാപിക്കണം. മാംസത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുന്ന പരിശോധന ഏർപ്പെടുത്തണം.

വളർത്തുപട്ടികൾക്ക് ലൈൻസ് നിർബന്ധമാക്കുകയും, അലഞ്ഞുതിരിഞ്ഞു നടക്കുന്നവയെ കൊല്ലാനുള്ള സംവിധാനം ഉണ്ടാക്കുകയും കൂടെതന്നെ തൊട്ടടുത്ത പഞ്ചായത്തുകൾ കൂടിസഹകരിച്ച് **Operation Zero Rabies Programme** നടപ്പിലാക്കുകയും ചെയ്യുക.

പലവിധം മൃഗങ്ങളെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണവും പ്രോൽസാഹനവും നൽകണം.

ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണമില്ലായ്മ, സങ്കരയിനം പശുക്കുട്ടികളുടെ ലഭ്യതക്കുറവ്, ബോധവൽക്കരണത്തിൻെറ കുറവ്, ജീവനക്കാരുടെ അഭാവം എന്നിവ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ശുചിത്വത്തോടുകൂടിയുള്ള അറവുശാല ഇല്ല. ഗ്രാമപ്രദേശങ്ങളിലുള്ള രീതി അനാരോഗ്യകരവും, മലീമസവും, തുറന്ന സ്ഥലങ്ങളിലുമാണ്. ഈ സമ്പ്രദായംമാററി പഞ്ചായത്തിൻെറ സ്വന്തം അറവുശാലയിൽ നിന്ന്മാംസം മററെല്ലാ വാർഡുകളിലേക്കും വിതരണം ചെയ്താൽ പരിസരമലിനീകരണം ഒരു പരിധിവരെ തടയാൻ കഴിയും. ഈ അറുക്കുന്ന മൃഗങ്ങളെ പഞ്ചായത്ത് വെററിനറി സർജന്മാരെക്കൊണ്ട് നിർബന്ധമായും പരിശോധിപ്പിക്കേണ്ടതുമാണ്. മുസ്ലിയാരങ്ങാടി, കൊട്ടുക്കര, കുറുപ്പത്ത് എന്നിവിടങ്ങളിലെങ്കിലും അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്.

അറവുശാലകളിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ സംസ്കരിച്ചെടുക്കാനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്.

### ആടുവളർത്തൽ

തൊഴിൽ രഹിതരായ ഒട്ടേറെ പേർക്ക് തൊഴിൽനൽകാൻ ഉപകരിക്കുന്ന ഒരു പദ്ധതിയാണ് ആടുവളർത്തൽ. സബ്സിഡിനിരക്കലോ, ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം സ്വീകരിച്ച് ചെറിയ ആട് വളർത്തൽ യൂണിററ് ആരംഭിക്കാൻവേണ്ടി ധാരാളംപേർ ആഗ്രഹം പ്രകടിപ്പിക്കുന്നു.

### കാട വളർത്തൽ

സൗജന്യമായോ, സബ്സിഡി നിരക്കിലോ നല്ലയിനം കാടക്കുഞ്ഞുങ്ങളെ ഈ പഞ്ചായത്തിൽ ലഭ്യമാക്കുകയാണെങ്കിൽ പലരും താല്പര്യത്തോടെ വളർത്താൻ ആഗ്രഹംപ്രകടിപ്പിക്കുന്നു.

### കോഴി വളർത്തൽ

പഞ്ചായത്തിൽ ഇന്ന് അറിയപ്പെടുന്ന മുട്ടക്കോഴി, ഇറച്ചിക്കോഴി കേന്ദ്രങ്ങളോ, കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങ

ളോ ഇല്ല. മേത്തരം കോഴികുഞ്ഞുങ്ങളെ പഞ്ചായത്ത് മുഖേന ലഭ്യമാക്കുകയോ, ധനകാര്യ സ്ഥാപനങ്ങളുടെ സബ്സിഡി നിരക്കിൽ ധനസഹായം ലഭ്യമാക്കുകയോ ചെയ്താൽ പലരും ഇത് ഒരു തൊഴിലായും, ഉപതൊഴിലായും സ്വീകരിച്ച് മുന്നോട്ട് വരും.

## മുയൽ വളർത്തൽ

മുയലുകളെ വളർത്തുന്നത് ഒരു ഓമന മൃഗമായിട്ടാണ്, എന്നാൽ മേത്തരം മുയൽകുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണെങ്കിൽ പലരും ഇത് ഒരു ഉപ തൊഴിലായി ഏറ്റെടുക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്.

## മത്സ്യബന്ധനം

പുഴയോ, കടൽത്തീരങ്ങളോ ഇല്ലാത്ത കുന്നും, മലയും പാടശേഖരങ്ങളും നിറഞ്ഞ പ്രദേശമായ നെടിയിരുപ്പ് പഞ്ചായത്തിൽ മൽസ്യകൃഷിക്ക് ആശ്രയിക്കാവുന്നത് ഉൾനാടൻ ജലാശയങ്ങളും (കുളങ്ങൾ) കരിങ്കൽ ക്വാറികളുമാണ്. ഭക്ഷണത്തിലെ മുഖ്യഘടകമാണ് മത്സ്യം. തൊട്ടടുത്ത കൊണ്ടോട്ടി മൽസ്യമാർക്കറ്റിനെയാണ് എല്ലാവരും ആശ്രയിക്കുന്നത്. മാർക്കറ്റിൽനിന്നും മത്സ്യം വാങ്ങി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വിതരണം നടത്തി ഉപജീവനം നടത്തുന്ന 100 ഓളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്.

താഴെ പറയുന്ന സ്ഥലങ്ങളിൽ മത്സ്യങ്ങളെ വളർത്തി മൽസ്യകൃഷി പഞ്ചായത്തിൽ വിപുലപ്പെടുത്താവുന്നതാണ്.

രണ്ടാം വാർഡിലെ പുളിശേരി ചോലക്കൽ, ചേനാത്ത് ചോല, മൂന്നാം വാർഡിൽ കോളനിറോഡിലെ പഞ്ചായത്തുകുളം അഞ്ചാം വാർഡിലെ കൊക്കരണി പാറക്കുഴി, ചാളക്കുഴി, കുണ്ടൻചോലക്കുളം, ഏഴാം വാർഡിലെ ചേററുപടി ഭാഗത്തെ കല്ലുംക്വാറി, എട്ടാം വാർഡിലെ കൈതക്കോട് ക്വാറി, ഒമ്പതാം വാർഡിലെ ആയങ്ങരകുളം, ഓണിൽ കുളം എന്നിവിടങ്ങളിൽ മൽസ്യങ്ങളെ വളർത്താവുന്നതാണ്. ഇതിന് താല്പര്യമുള്ളവർക്ക് ക്ലാസ് നൽകി മത്സ്യ കുഞ്ഞുങ്ങളെ യഥാസമയം വിതരണം ചെയ്യാൻ സൗകര്യമുണ്ടാക്കണം. മത്സ്യം വളർത്തുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച് പരിശീലനം നൽകി ഈ രംഗത്തേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കേണ്ടതാണ്. ശാസ്ത്രീയ രീതിയിലുള്ള മത്സ്യമാക്കററ് പഞ്ചായത്തിലെ മുസ്ലിയാരങ്ങാടി, കുറുപ്പത്ത്, കോടങ്ങാട്, കൊട്ടുക്കര, കോളനി റോഡ്, മേലേപറമ്പ്, ചിറയിൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

മത്സ്യകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ കുളം നിർമ്മിക്കാനും, അതിനുവേണ്ട മററു സാമ്പത്തിക സഹായവും ഫിഷറീസ് വകുപ്പിൽനിന്ന് ലഭ്യമാവാൻ വേണ്ട സഹായം കിട്ടേണ്ടതാണ്.

പഞ്ചായത്തിലെ പൊതു കുളങ്ങളിലും, സ്വകാര്യ കുളങ്ങളിലും ജന പങ്കാളിത്തത്തോടെ മൽസ്യകൃഷി നടത്തുക. പഞ്ചായത്തിലെ വിവിധങ്ങളായ പാടശേഖരങ്ങളിൽ ഉചിതമായ മൽസ്യകൃഷി പരിപോഷിപ്പിക്കപ്പെടേണ്ടതാണ്. മൽസ്യ തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മൽസ്യകച്ചവടക്കാർക്കും അനുവദിക്കേണ്ടതാണ്.

മേൽത്തരം മൽസ്യ കുഞ്ഞുങ്ങളെയും, സാങ്കേതിക പരിജ്ഞാനവും ലഭ്യമാവുകയാണെങ്കിൽ പലരും ഒരു ഉപ തൊഴിലായി സ്വീകരിക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്. ●



## 5-3 വ്യവസായം

വ്യവസായ വത്കരണം കൊണ്ടല്ലാതെ ഒരു പ്രദേശവും പുരോഗതി പ്രാപിക്കുകയില്ല. വ്യവസായത്തിന് അടിസ്ഥാനപരമായ സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. എന്തൊക്കെ വിഭവങ്ങളുണ്ടായാലും വൈദ്യുതിയില്ലാതെ വ്യവസായ മേഖലയിൽ അഭിവൃദ്ധി ഉണ്ടാകില്ല.

ഊർജ്ജരംഗത്തെ പ്രതിസന്ധി ഈ മേഖലയെ തളർത്തുമ്പോൾ വിഭവശേഷി ഉപയോഗപ്പെടുത്തിയുള്ള പരമ്പരാഗത, ചെറുകിട വ്യവസായങ്ങൾക്ക് നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വദ്ധിച്ച സാധ്യതയാണുള്ളത്.

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിൽ പരമ്പരാഗതമായി ബീഡി തെറുപ്പ്, കൊട്ട, പരമ്പ്, മുറം എന്നിവയുടെ നിർമ്മാണവും പപ്പടം, ആയുർവ്വേദ മരുന്നുകൾ കൈകൊണ്ടുള്ള ചൂടി നിർമ്മാണം എന്നീ പരമ്പരാഗത കുടിൽവ്യവസായങ്ങൾ നിലനിന്നിരുന്നുവെങ്കിലും ഇടകാലത്ത് അത്തരം സംരംഭങ്ങൾ നാമാവശേഷമാവുകയാണുണ്ടായത്. കൂടാതെ ഖാദി മേഖലയിലെ നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പോലും ഇന്നില്ലാതെയായിട്ടുണ്ട്.

നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന കൂലി നിരക്ക് വ്യവസായ രംഗത്തെ കൂലിനിരക്കിനെക്കാൾ വർദ്ധിച്ചതാകയാൽ വേണ്ടത്ര വിദഗ്ദ തൊഴിലാളികളെ കിട്ടാൻ പ്രയാസമാണ്. സാങ്കേതിക പരിജ്ഞാനം ലഭിച്ചവരുടെ അഭാവവും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താനുള്ള പ്രചോദനമില്ലായ്മയും സാങ്കേതിക പ്രശ്നങ്ങളും നിയമത്തിന്റെ ഊരാകുടുക്കുകളും ഈ മേഖലയിലെ വലിയ പ്രതിബന്ധങ്ങളാണ്. ഇന്ന് നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിൽ സഹകരണ മേഖലയിൽ ബുക്ക് ബൈൻഡിംഗ്, ബാൻഡേജ് യൂണിറ്റ് എന്നിവ നാമമാത്രമായി പ്രവർത്തിക്കുന്നു.

- പവ്വർ ബേക്കറി (ബ്രെഡ് കമ്പനി)
- സിമൻറ് ഹോളോബ്രിക്സ് കമ്പനി
- പൊടിമില്ലുകൾ
- ചകിരിമില്ല്
- ഹവായ്ഷീറ്റ് യൂണിറ്റ്
- മരമില്ലുകൾ
- ക്രഷറുകൾ
- കരിങ്കൽ ക്വാറികൾ
- എണ്ണയാട്ടുമില്ലുകൾ
- തീപ്പെട്ടി വ്യവസായം
- ഐസ് ഫാക്ടറി
- പോളിപാക്ക് യൂണിറ്റ്
- ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ്

എന്നിവ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു.

വിവിധ മേഖലകളിലായി 232 തൊഴിലാളികൾ (പു: 186 സ്ത്രീ; 46) ജോലിചെയ്യുന്നു. പട്ടിക–1

**നിലവിലുള്ള വ്യവസായങ്ങളും, തൊഴിലാളികളുടെ എണ്ണവും**

| നമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികൾ പു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | നാളികേര സംസ്കരണം | 8 | 19 | — | 19 |
| 2 | തടി ഈർച്ചമിൽ | 2 | 9 | — | |
| | ഫർണിച്ചർ | 7 | 20 | — | 29 |
| 3 | ഭക്ഷ്യം | 1 | 17 | — | 17 |
| 4 | എഞ്ചിനീയറിംഗ് | 8 | 40 | — | |
| | സ്പ്രെ പെയിൻറിംഗ് | 4 | 20 | — | 60 |
| 5 | തീപ്പെട്ടി വ്യവസായം | 1 | — | 5 | 5 |
| 6 | അടക്കസംസ്ക്കരണം | 1 | — | 4 | 4 |
| 7 | അച്ചടി | 1 | 1 | — | |
| | ബുക്ക്ബൈൻറിംഗ് | 1 | — | 2 | 3 |
| 8 | ക്രഷർ | 2 | 20 | 20 | 40 |
| | കല്ല്വെട്ട് | 7 | 30 | 5 | 35 |
| 9 | കയർ (ഫൈബർ) | 1 | 5 | 7 | 12 |
| 10 | സിമൻറ് ഹോളോബ്രിക്സ് | 1 | 5 | — | 5 |
| 11 | പ്ലാസ്ററിക് | 1 | — | 3 | 3 |
| | | 48 | 186 | 46 | 232 |

അവലംബം: സെക്കൻററി ഡാററ

തൊഴിൽ ചെയ്യാൻ സന്നദ്ധരായ അഭ്യസ്ത വിദ്യരും, അല്ലാത്തവരുമായ നിരവധി യുവതി, യുവാക്കൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള തിരിച്ചുവരവ് ഒരു വൻ തൊഴിലില്ലാപടയെ തന്നെ സൃഷ്ടിക്കുമെന്ന ഭീഷണിയിലാണ്.

അസംസ്കൃത വിഭവങ്ങളായി പഞ്ചായത്തിൽ ലഭ്യമാവുന്നത് നാളികേരം, നെല്ല്, അടയ്ക്ക, പപ്പായ, മാങ്ങ, നെല്ലിക്ക, റബ്ബർ, ഏത്തക്ക, മരം, കരിങ്കല്ല്, ചെങ്കല്ല് എന്നിവയാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് സാധ്യതയും, മുൻതൂക്കവും നൽകേണ്ടത്.

19.8 ചതു–മൈൽ വിസ്തീർണ്ണവും, 28000 നുമേൽ ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ; ഉയർന്ന ഉപഭോഗ നിലവാരം, വാർത്താവിനിമയ സൗകര്യങ്ങൾ, മൂതൽ മുടക്കാൻ താല്പര്യമുള്ള വ്യവസായ സംരംഭകർ എന്നീ അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും വേണ്ടത്ര വ്യാവസായിക വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല.

പട്ടിക 2

വിവിധ മേഖലകളിലെ കൂലിനിരക്ക്

| ക്രമ നമ്പർ | ഇനം | പു. രൂപ | സ്ത്രീ. രൂപ. |
|---|---|---|---|
| 1 | കൊപ്രസംസ്ക്കരണം | 80 | — |
| 2 | കയർ | 60 | 40 |
| 3 | ഈർച്ചമിൽ | 100 | — |
| 4 | ഭക്ഷ്യവ്യവസായം | 60 | 30 |
| 5 | പ്ലാസ്ററിക് വ്യവസായം | 60 | 30 |
| 6 | അടക്ക സംസ്ക്കരണം | 80 | 40 |
| 7 | എഞ്ചിനീയറിംഗ് | 100 | — |
| 8 | ധാന്യപൊടിമിൽ | 80 | — |
| 9 | സിമൻറ് ഹോളോബ്രിക്ക് | 100 | — |
| 10 | തീപ്പെട്ടി വ്യവസായം | 60 | 30 |
| 11 | ഫർണിച്ചർ | 125 | — |
| 12 | ബയൻറിംഗ് | — | 30 |
| 13 | കല്ല്വെട്ട് | 125 | |
| 14 | മെററൽ ക്രഷർ | | |

അവലംബം: സെക്കൻററി ഡാററ

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് സംസ്ക്കരിച്ചെടുക്കാവുന്ന ഉൽപന്നങ്ങൾ (ഗ്രാമസഭാ ചർച്ച:)

1 നാളികേരം: കൊപ്ര, വെളിച്ചെണ്ണ, കാലിത്തീററ, തേങ്ങാപാൽ, ക്രീം, തേങ്ങാപൗഡർ, തേങ്ങാവെള്ളം കൊണ്ടുള്ള ശീതള പാനീയങ്ങൾ.

ചിരട്ട: ചിരട്ടപൊടി, ആക്ടിവേററഡ് കാർബൺ, ചാർക്കോൾ ഓയിൽ, കരകൗശല വസ്തുക്കൾ, ഐസ്ക്രീം കപ്പ്.

ചകിരി: കയർ, കാർപ്പററ്, ഫൈബർ ഫോം, ചവറിൽനിന്നും ജൈവവളം.

2 അടയ്ക്ക: വാസനാപാക്ക്, അരിക്കനട്ട് ഓയിൽ.

3 കുരുമുളക്: ഓളിയോ, റസിൻ ഓയിൽ, കുരുമുളകുപൊടി.

4 നേന്ത്രക്കായ, കപ്പ: ചിപ്പ്സ്, ബനാനാ പൗഡർ.

5 വാഴനാര്: കരകൗശല വസ്തുക്കൾ, ബാഗുകൾ,

6 കശുവണ്ടി: കശുവണ്ടിപരിപ്പ്, പാർട്ടിക്കിൾ ബോർഡ് (പാക്കേജിങ്ങ് വ്യവസായത്തിന് ഉപയോഗിക്കാവുന്ന ഇത് കശുവണ്ടിയുടെ Shell ഉപയോഗിച്ചാണ നിർമ്മിക്കുന്നത്.)

7 മാങ്ങ, കശുമാങ്ങ, കൈതച്ചക്ക, നേന്ത്രപ്പഴം: ജാം, അച്ചാർ, കാൻഡി, സ്ക്വാഷ്

8 പപ്പായ: ടൂട്ടിഫ്രൂട്ടി, പപ്പെയിൻ ഓയിൽ.

9 നെല്ലിക്ക: അച്ചാർ, ഔഷധങ്ങൾ.

10 ഈററ, മുള, ചൂരൽ: കൊട്ട, മുറം, കസേര

11 വൈക്കോൽ: കട്ടിയുള്ള കടലാസ്, കരകൗശല ഉൽപന്നങ്ങൾ.

12 കരിങ്കല്ല്: ഉടച്ച് ജില്ലിയാക്കുക, കെട്ടിടനിർമ്മാണത്തിന്നു്.

13 ചെങ്കല്ല്: വെട്ടിയെടുത്ത് കെട്ടിടനിർമ്മാണത്തിന്.

14 റബ്ബർ: ട്രെഡ്റബ്ബർ, ഹവായ്ചെരിപ്പ്

15 മരങ്ങൾ: ഫർണിച്ചറുകൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ.

ചുരുങ്ങിയ മുതൽമുടക്കുകൊണ്ട് വിപണി ലഭിക്കാൻ സാദ്ധ്യതയുള്ള അനേകം വ്യവസായങ്ങളുണ്ട്. ഇവയിൽ ഭൂരിഭാഗവും ഗ്രാമസഭാചർച്ചകളിൽ നിർദ്ദേശങ്ങൾ വന്നിട്ടുള്ളവയാണ്.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ:—

| നമ്പർ | ഇനം |
|---|---|
| 1 | ശാസ്ത്രീയമായ കോഴിവളർത്തൽ |
| 2 | അലങ്കാര പണിചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| 3 | മരം ഫർണിച്ചർ |
| 4 | ഹവായ് ചെരുപ്പ് |
| 5 | അലൂമിനിയ പാത്രങ്ങൾ |
| 6 | ഇനാമൽ പെയിൻറ് നിർമ്മാണം |
| 7 | പ്ലാസ്റ്റിക് ബട്ടൺസ് |
| 8 | ലിക്വിഡ് ഡിററർജൻറ് |
| 9 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 10 | കറിപൗഡർ നിർമ്മാണം |
| 11 | പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം |
| 12 | പാൽ ഉൽപന്നങ്ങളുടെ സംസ്കരണം |
| 13 | അച്ചാർ, സ്ക്വാഷ് നിർമ്മാണം |
| 14 | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| 15 | ജനറൽ എൻജിനീയറിങ്ങ് |
| 16 | സിന്തററിക് വിനാഗിരി |
| 17 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| 18 | ഇലക്ട്രോണിക് ഓവർലോഡ്കട്ട്ഓഫ് |
| 19 | സ്ക്രൂംബാഗ് |
| 20 | സ്വിച്ച് ബോർഡ് |
| 21 | ക്ലീനിങ്ങ് പൗഡർ |
| 22 | ഇരുചക്ര വാഹനങ്ങളുടെ വർക്ക്ഷോപ്പ് |
| 23 | ഇലക്ട്രോണിക് ഫാൻ റഗുലേററർ |
| 24 | മെഴുകുതിരി നിർമ്മാണം |
| 25 | ഫിനൈൽ നിർമ്മാണം |
| 26 | പേപ്പർ കവർ നിർമ്മാണം |
| 27 | കുട, നോട്ട്ബുക്ക് നിർമ്മാണം |

## പ്രശ്നങ്ങൾ

1 ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്
2 സാങ്കേതിക പരിജ്ഞാനമോ, മാർഗ്ഗനിർദ്ദേശമോ, പ്രേരണയോ നൽകാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.
3 മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
4 വിപണന സാദ്ധ്യത ഏകോപിപ്പിച്ച് പ്രവർത്തിക്കാനുള്ള സംവിധാനമില്ലായ്മ.
5 ഒരു വ്യവസായ എസ്റ്റേററിന്റെ അഭാവം.
6 വൈദ്യുതി വോൾട്ടേജ് ക്ഷാമം.
7 വ്യവസായം തുടങ്ങാനുള്ള സ്ഥലത്തിന്റെ ദൗർലഭ്യവും ഭൂമിയുടെ വൻ വിലയും.
8 ലൈസൻസുകൾ ലഭിക്കാനുള്ള കാലതാമസം
9 മരവ്യവസായത്തിനുള്ള തടിയുടെ ലഭ്യത കുറവ്.
10 വനിതകൾക്കുള്ള തൊഴിലവസരം പൊതുവെ കുറവ്.

## നിർദ്ദേശങ്ങൾ

1 സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.

2 വ്യവസായ എസ്റ്റേററ് സ്ഥാപിക്കുകയും, അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

3 ഗൾഫ് കുടിയേററക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.
4 പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായവികസനത്തിനു മാസ്ററർപ്ലാൻ തയ്യാറാക്കുക.
5 വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി എല്ലാ വൈദ്യുത ലൈനുകളും 3 ഫേസ് ആക്കി മാററുവാൻ നടപടി ഉണ്ടാവണം.
6 സഹകരണ മേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.

വൻകിട വ്യവസായങ്ങൾ (സാദ്ധ്യത)
* മുഖ്യ കാർഷികോല്പന്നമായ നാളികേരം അടിസ്ഥാനമാക്കി ഒരു കോക്കനട്ട് കോംപ്ലക്സ്.
* ട്രെഡ് റബ്ബർ നിർമ്മാണം
* ടെക്സ്റ്റൈൽ മില്ല്

എന്നീ വൻകിട വ്യവസായങ്ങൾക്ക് നെടിയിരുപ്പിൽ നല്ല സാദ്ധ്യതയാണുള്ളത്.

## മററ് ഗ്രാമസഭാനിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ ലഭിക്കാത്ത അസംസ്കൃത വസ്തുക്കൾ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

സഹകരണ മേഖലയിൽ ആരംഭിക്കേണ്ട വ്യവസായങ്ങൾ:

2 ബേക്കറി യൂണിററുകൾ
3 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
4 യന്ത്രസഹായത്തോടെയുള്ള ഫർണിച്ചർ നിർമ്മാണ യൂണിററ്.
5 കരിങ്കൽ ക്രഷറുകൾ

6 PVC പൈപ്പ്, പോളിബാഗ്, പേപ്പർ ബാഗ് മുതലായവ യന്ത്രമുപയോഗിച്ച് നിർമ്മിക്കുകയും അച്ചടിക്കുകയും ചെയ്യുന്ന യൂണിററ്.
7 നൂൽനൂൽപ്പ്, ഖാദി നെയ്ത്ത്
8 ജൈവവള നിർമ്മാണം
9 ഡിപ്പിംഗ് യൂണിററ് (മരുന്നുമുക്കൽ തീപ്പെട്ടി)
10 കൈത്തറി യൂണിററ്

കുടിൽ വ്യവസായ യൂണിററുകൾ:

11 ബാഗ്, ചെരിപ്പ്, കുട, പെട്ടികൾ, നോട്ടുബുക്ക് ഇവയുടെ നിർമ്മാണം.
12 റേഡിയോ, ടി വി മുതലായവയുടെ റിപ്പയറിംഗ്, അസംബ്ലിങ്ങ് യൂണിററ്.
13 തേനീച്ച വളർത്തൽ, അവിൽനിർമ്മാണം.
വനിതാ വ്യവസായം:
14 പായനെയ്ത്ത്, കസേരമെടച്ചിൽ, മെഴുകുതിരി, സോപ്പ്, പപ്പടം അച്ചാർ നിർമ്മാണം.
15 കൂൺ കൃഷി

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ച് നടപ്പാക്കുന്നപക്ഷം നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ഉൽപാദിപ്പിക്കുവാനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും.

ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒട്ടൊക്കെ പരിഹാരംകാണുവാനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്. ●

# വിദ്യാഭ്യാസം

ഏറനാട് താലൂക്കിന്റെ ആസ്ഥാനമായ മഞ്ചേരിയിൽനിന്നും 16 കി.മി. പടിഞ്ഞാറുഭാഗത്തായി ആദ്യം കോഴിക്കോട് ജില്ലയിലും ഇപ്പോൾ മലപ്പുറംജില്ലയിൽ കോഴിക്കോട്വിമാനത്താവളത്തോട് (കരിപ്പൂർ) ചേർന്ന സ്ഥിതിചെയ്യുന്നതുമായ പ്രദേശമാണ് നെയിരുപ്പ്. പ്രകൃതിഭംഗി നിറഞ്ഞുനിൽക്കുന്ന കുന്നും, മലകളും സമതലങ്ങളും ഉൾക്കൊള്ളുന്ന പ്രദേശത്തെ ജനങ്ങൾ ഭൂരിപക്ഷവും കർഷകരാണ്. അതുകൊണ്ടുതന്നെ കർഷകവൃത്തിയിലുള്ള താൽപര്യം വിദ്യാഭ്യാസ രംഗത്ത് കാണാൻ കഴിഞ്ഞില്ല. ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലിംകളും ബാക്കിഹിന്ദുക്കളും പട്ടികജാതിക്കാരുമാണ് വിദേശാധിപത്യത്തിലുള്ള അസംതൃപ്തിയും സ്വരാജ്യസ്നേഹത്തിലുള്ള അമിതാവേശവും കാരണം മലയാളം ഇംഗ്ലീഷ് ഭാഷകൾ പഠിക്കുന്നതിൽ വിശിഷ്യാ മുസ്ലിം സമൂഹം വിട്ടുനിന്നു. വിദ്യാഭ്യാസത്തിലുള്ള അതീവ താൽപര്യം കാരണം സാമൂഹ്യപരിഷ്കർത്താക്കളും മററും ചേർന്ന് മുസ്ലിം വിദ്യാഭ്യാസത്തിനായി 'അറബി മലയാളം' എന്ന ഭാഷക്ക് രൂപംനൽകുകയും അറബി മലയാള മാധ്യമത്തിൽ ഓത്തുപള്ളികളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഓത്തുപള്ളികളും, ഗുരുകുലങ്ങളുമായിരുന്നു അന്നത്തെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ. മുസ്ലിം സ്ത്രീകൾക്ക് എഴുത്ത്പഠിപ്പിക്കൽ വിരോധിപ്പിക്കപ്പെട്ട ഒരു കാലംകൂടി ആയിരുന്നതിനാൽ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകംപിൻതള്ളപ്പെട്ടു.

1902–ൽ ആണ് നെടിയിരുപ്പ് പഞ്ചായത്തിൽ ആദ്യമായി സ്കൂളുകൾ ആരംഭിക്കുന്നത്. ഈ വർഷം നെടിയിരുപ്പ് ജി.എൽ.പി. സ്കൂൾ കോട്ടിയാട്ടുതൊടിയിലും, വാക്കതൊടി മാപ്പിളസ്കൂൾ മാനാതൊടുവിലും ആരംഭിച്ചു. നെടിയിരുപ്പ് ജി. എൽ. പി. സ്കൂളിൽ ആദ്യമായി ചേർന്ന പുഴക്കൽ കുഞ്ഞാമൻ ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോഴും ജീവിച്ചിരിക്കുന്നു. ഈ പ്രദേശങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനും സ്തുത്യർഹമായസേവനങ്ങൾ ചെയ്ത ആദ്യകാല പ്രവർത്തകരാണ് ദിവംഗതരായ നാനാക്കൽ വലിയ മോന്ദീൻമൊല്ല. കമ്പളത്ത് ഗോവിന്ദൻനായർ എന്നിവർ. ഇവർ പ്രത്യേകം സ്മരണീയരാണ്

പിന്നീട് 1927ൽ ചിറയിൽ ജി. എം. എൽ. പി. സ്കൂളും, 1935ൽ ദേവധാർ യു. പി. സ്കൂളും നിലവിൽവന്നു. കൂടാതെ കാളോത്ത് എ. എം. എൽ. പി. സ്കൂൾ, നെടിയിരുപ്പ് എ. എം. എൽ. പി. സ്കൂൾ, ചോലമുക്ക് പി. എം. എസ്. എ., എ. എം. എൽ. പി. സ്ക്കൂൾ, കൂടാതെ പട്ടിക ജാതിക്കാർ ഭൂരിപക്ഷം വസിക്കുന്ന നെടിയിരുപ്പ് കോളനിയിലെ G W L P സ്കൂൾ എന്നിവ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ സ്തുത്യർഹമായ സേവനം അനുഷ്ടിച്ചുവരുന്നു.

ഇത്രയൊക്കെ പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ടായിരുന്നിട്ടും, ഒരു ഹൈസ്കൂളിനുവേ

ണ്ടി പഞ്ചായത്തിന് 1976വരെ കാത്തിരിക്കേണ്ടിവന്നു. 1976ൽ ആരംഭിച്ച കൊട്ടുക്കര പാണക്കാട് പൂക്കോയതങ്ങൾ മെമ്മോറിയൽ ഹൈസ്ക്കൂൾ പാഠ്യ പാഠ്യേതര രംഗങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന ജില്ലയിലെ ഒരു സ്ഥാപനമാണ്.

പ്രീപ്രൈമറി രംഗത്ത് 19 അംഗൻവാടികളും ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു.

സഹകരണമേഖലയിൽ ഒരു കോളേജും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ മതപഠന ശാലകളുമുണ്ട്. സ്കൂളുകളുടെ പൊതുവിവരപട്ടിക (9.2)കാണുക. പഞ്ചായത്തിൽ ആകെ 11 സ്കൂളുകളുണ്ട്. ആകെ വിദ്യാർത്ഥികളുടെ എണ്ണം 6040 ഇതിൽ 3013 ആൺകുട്ടികളും 3027 പെൺകുട്ടികളുമാണുള്ളത്. ആകെ അദ്ധ്യാപകരുടെ അനുവദിച്ച തസ്തികകൾ 189ഉം നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം 188ഉം ആണ്. 9 അദ്ധ്യാപകർ ദീർഘകാല അവധിയിലാണ്. 4 സ്കൂളുകൾ സർക്കാർ ഉടമസ്ഥതയിലും 7 എണ്ണം സ്വകാര്യ ഉടമസ്ഥതയിലുമാണ്. വിദ്യാഭ്യാസത്തോടൊപ്പം തന്നെ കുട്ടികളുടെ ശാരീരികവും, മാനസികവുമായ വളർച്ചക്ക് വളരെ പ്രാധാന്യമുള്ളതാണ് കായിക രംഗം. ഇത് വികസിപ്പിക്കുന്നതിന് വേണ്ട കളിസ്ഥലങ്ങൾ സ്കൂളുകളിൽ വളരെ കുറവാണെന്ന് പട്ടിക 9.2 കാണിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളുടെ വിവരം താഴെ ചേർക്കുന്നു.

### 1 നെടിയിരുപ്പ് ജി. എം. എൽ. പി. സ്കൂൾ

274 കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തമായ സ്ഥലമോ, കെട്ടിടമോ ഇല്ല. 13 ക്ലാസ്സ് ഡിവിഷനുകൾ അനുവദിക്കുവാൻ മാത്രം കുട്ടികളുള്ള ഈ സ്ഥാപനത്തിൽ സ്ഥലപരിമിതി മൂലം 8 ഡിവിഷനുകളിലായി ഇത്രയധികം കുട്ടികൾ അധ്യയനം നടത്തുന്നത് വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം എന്നിവ ഈ വിദ്യാലയത്തിലില്ല.

### 2 നെടിയിരുപ്പ് ജി. എൽ. പി. സ്കൂൾ

1902-ൽ ആരംഭിച്ച ഈ സ്ഥാപനം ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുര, കക്കൂസ് എന്നിവയൊന്നും ഇല്ലാത്ത ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും ഒരു കെട്ടിടവും അനിവാര്യമാണ്. 1 മുതൽ 5വരെ ക്ലാസ്സുകളിലായി 204 കുട്ടികൾ ഈ സ്ഥാപനത്തിൽ പഠനം നടത്തുന്നു. ഈ സ്ക്കൂളിൽ അഞ്ചാം ക്ലാസ്സ് പ്രവർത്തിച്ച് വരുന്നുണ്ടെങ്കിലും ഭാഷാപഠനത്തിന്റെയും, ലബോറട്ടറി സൗകര്യത്തിന്റെയും അഭാവം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നിൽക്കുന്നു. അത്കൊണ്ട് ഭാഷാപഠനത്തിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിക്കുകയും ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വളരെ അത്യാവശ്യമാണ്. ഇതിന് സാധ്യമാകുന്നില്ലെങ്കിൽ ഈ സ്ഥാപനത്തിലെ അഞ്ചാം ക്ലാസ്സ് എടുത്ത് മാറേറണ്ടതാണ്.

### 3 ജി. ഡബ്ല്യു. എൽ. പി. സ്കൂൾ നെടിയിരുപ്പ്

102 കുട്ടികൾ പഠിക്കുന്ന ഈ സ്ക്കൂളിൽ 8 ഏക്കർ സ്ഥലമുണ്ടെങ്കിലും സുരക്ഷിതമായ ഒരു കെട്ടിടം നിലവിലില്ല. ഈ സ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 99% പട്ടികജാതിയിൽ പെട്ടവരാണ്. ഈ വിദ്യാലയം യു.പി. സ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അടിയന്തിരമായി മൂത്രപ്പുര, കക്കൂസ്, ചുററ്മതിൽ എന്നിവ നിർമ്മിക്കേണ്ടതാണ്.

### 4 എ. എം. എൽ. പി. സ്ക്കൂൾ കാളോത്ത്

നിലവിലുള്ള വിദ്യാഭ്യാസ ചട്ടപ്രകാരം ഒരു എൽ. പി. സ്ക്കൂളിന് ഒരു ഏക്കർ സ്ഥലം ആവശ്യമാണെങ്കിൽ 35 സെൻറ് സ്ഥലത്താണ് ഈ സ്ക്കൂൾ പ്രവർത്തിച്ചുവരുന്നത്. 240 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 9 അദ്ധ്യാപകർ ജോലിചെയ്ത്‌വരുന്നു. അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം എന്നിവയുടെ അഭാവം ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നു.

### 5 എ. എം. എൽ. പി. എസ്. മണ്ണാരിൽ

232 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 9 അദ്ധ്യാപകർ ജോലി ചെയ്തു വരുന്നു. കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവെ വികസനംമൂലം കുടുംബാംഗങ്ങളെ മാററി പാർപ്പിച്ചത് കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുകയും അത് അദ്ധ്യാപകരുടെ നിലനിൽപ്പിന് ഭീഷണിയായി തീരുകയും ചെയ്തിട്ടുണ്ട്.

## (9.2) സ്കൂളിൻെറ

| ക്രമനമ്പർ | സ്കൂളിൻെറ പേര് | സ്കൂൾതരം | സ്കൂളിൻെറ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | AMLPS കാളോത്ത് | LP | — | അതെ | — | — | 127 | 113 | 240 |
| 2 | GMLPS നെടിയിരുപ്പ് കൊട്ടുക്കര | LP | അതെ | — | — | — | 118 | 156 | 274 |
| 3 | PPMHS കൊട്ടുക്കര | HS | — | അതെ | — | — | 1079 | 1085 | 2164 |
| 4 | GLPS നെടിയിരുപ്പ് | LP | അതെ | — | — | — | 102 | 102 | 204 |
| 5 | AMLPS നെടിയിരുപ്പ് ചെറുപറമ്പ | LP | — | അതെ | — | — | 97 | 107 | 204 |
| 6 | ദേവധാർ യു. പി. സ്കൂൾ | UP | — | അതെ | — | — | 291 | 272 | 563 |
| 7 | PMSA AMLPS ചോലമുക്ക് | LP | — | അതെ | — | — | 108 | 96 | 204 |
| 8 | GWLPS, N H കോളനി | LP | അതെ | — | — | — | 51 | 46 | 97 |
| 9 | KKKMUMUPS ചിറയിൽ | UP&LP | അതെ | — | — | — | 781 | 738 | 1519 |
| 10 | AMLPS മണ്ണാരിൽ | LP | — | അതെ | — | — | 114 | 118 | 232 |
| 11 | വാക്കത്തൊടി AMLPS | LP | — | അതെ | — | — | 145 | 194 | 339 |
| | | | 4 | 7 | — | — | 3013 | 3027 | 6040 |

## പൊതുവിവരം

| അദ്ധ്യാപകരുടെഎണ്ണം | | | | | | | |
| --- | --- | --- | --- | --- | --- | --- | --- |
| ആകെഅനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാലലീവിലുള്ളവർ | സ്കൂൾ കാമ്പസിന്റെ ആകെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | മററു കുറിപ്പുകൾ ചുററുമതിൽ, അററകുററപണികൾ, ഫർണ്ണിച്ചർ, റിപ്പയർ തുടങ്ങിയവ |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 9 | 9 | — | — | 35സെൻറ് | ഇല്ല | ഇല്ല | ചുററുമതിൽ ഭാഗികം |
| 10 | 10 | — | 2 | 110X4 | 28X28 | ഇല്ല | വാടകകെട്ടിടം ചുററുമതിൽ ഇല്ല. അററകുററപണി നടത്തിയിട്ടില്ല. |
| 66 | 66 | — | 3 | 3ഏക്കർ 1സെൻറ് | 1 ഏക്കർ 79സെൻറ് | ഇല്ല | ചുററുമതിൽ ഭാഗികം |
| 6 | 6 | — | — | 70സെൻറ് | ഇല്ല | ഇല്ല | ചുററുമതിൽ ഭാഗികം അററകുററപണി നടത്തിയിട്ടില്ല വാടകകെട്ടിടം |
| 8 | 7 | 1 | — | 28സെൻറ് | ഇല്ല | ഇല്ല | ചുററുമതിൽഇല്ല. അററകുററപണി യഥാസമയം നടത്തുന്നുണ്ട്. |
| 18 | 18 | — | — | 90സെൻറ് | ഇല്ല | ഇല്ല | ചുററുമതിൽഇല്ല |
| 7 | 7 | — | 1 | 1 ഏക്കർ | 50സെൻറ് | ഇല്ല | ചുററുമതിൽ ഇല്ല. അററകുററപണി ആവശ്യമുണ്ട്. |
| 4 | 4 | — | — | 8 ഏക്കർ | 50സെൻറ് | 7 ഏക്കർ | ചുററുമതിൽ ഇല്ല. അററകുററപണി അത്യാവശ്യം, |
| 43 | 43 | 1 PET | 2 | 2 ഏക്കർ 85സെൻറ് | ഇല്ല | ഇല്ല | ചുററുമതിൽ ഭാഗികം അററകുററപണി ആവശ്യമുണ്ട്. |
| 9 | 9 | — | 1 | 1 ഏക്കർ | ഇല്ല | ഇല്ല | ചുററുമതിൽഉണ്ട്. അററകുററപണി ആവശ്യമുണ്ട്. |
| 9 | 9 | — | — | 24 സെൻറ് | 10 സെൻറ് | ഇല്ല | ചുററുമതിൽ ഇല്ല. അററകുററപണി ആവശ്യമുണ്ട്. |
| 189 | 188 | 2 | 9 | | | | |

### 6 എ. എം. എൽ. പി. എസ്. നെടിയിരുപ്പ്

ആകെ 28 സെൻറ് സ്ഥലത്ത് പ്രവർത്തിച്ച് വരുന്ന ഈ സ്ഥാപനത്തിൽ 204 കുട്ടികളും 7 അദ്ധ്യാപകരും ഉണ്ട്. പ്രാഥമിക സൗകര്യങ്ങളായ കക്കൂസും, കളിസ്ഥലവും ഈ സ്ഥാപനത്തിൽ അത്യാവശ്യമാണ്.

### 7 വാക്കത്തൊടി എ. എം. എൽ. പി. എസ്.

1905–ൽ ആരംഭിച്ച 339 കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനം 24 സെൻറ് സ്ഥലത്താണ് പ്രവർത്തിച്ച് വരുന്നത്. 11 അദ്ധ്യാപകർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം എന്നിവയുടെ അഭാവം ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നു.

### 8 പി. എം. എസ്. എ. എ. എം. എൽ പി. സ്കൂൾ, ചോലമുക്ക്

204 കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 7 അദ്ധ്യാപകർ ജോലി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുര, കക്കൂസ് എന്നിവയുടെ അഭാവം ഈ വിദ്യാലയത്തിലുണ്ട്.

### 9 കെ. കെ. കെ. എം. ജി. എം. യു. പി. സ്കൂൾ, ചിറയിൽ

1927–ൽ എൽ. പി. സ്കൂളായി ആരംഭിക്കുകയും 1974-ൽ യു. പി. സ്കൂളായി ഉയർത്തുകയും ചെയ്ത ഈ സ്ഥാപനത്തിൽ 1519 കുട്ടികൾ പഠനം നടത്തിവരുന്നു. 2 ഏക്കർ 85 സെൻറ് സ്ഥലത്ത് പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ 43 അദ്ധ്യാപകരുണ്ട്. ഈ വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലം കുന്നമ്മൽ കുണ്ടുക്കോളിൽ കോമുക്കുട്ടി എന്ന വ്യക്തി സൗജന്യമായി നൽകിയതാണ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കെട്ടിടങ്ങളുടെ അപര്യാപ്തത ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ ഫർണ്ണിച്ചർ, മൂത്രപ്പുര, കളിസ്ഥലം, കുടിവെള്ളം ഇവ ഈ സ്ഥാപനത്തിൽ അത്യാവശ്യമാണ്. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനോടനുബന്ധിച്ച് നിർമ്മിക്കുന്ന ബെൽററ് റോഡ് ഈ സ്ഥാപനത്തിന് സമീപത്ത്കൂടി കടന്ന്പോകുന്നതിനാൽ ഒരു ചുററ്മതിൽ വളരെ അത്യാവശ്യമാണ്.

### 10 ദേവധാർ യു. പി. എസ്. നെടിയിരുപ്പ്

1935–ൽ സർവ്വൻസ് ഓഫ് ഇന്ത്യാസൊസൈററിയുടെ മാനേജ്മെൻറിന്റെ കീഴിൽ ആരംഭിച്ച ഈ വിദ്യാലയം 90 സെൻറ് സ്ഥലത്ത് 563 കുട്ടികളോട്കൂടി പ്രവർത്തിച്ച് വരുന്നു. 18 അദ്ധ്യാപകർ ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നു.

### 11 പി. പി. എം. ഹൈസ്കൂൾ, കൊട്ടുക്കര

1976–ൽ ആരംഭിച്ച പഞ്ചായത്തിലെ ഏക ഹൈസ്കൂളാണിത്. 2164 കുട്ടികൾ പഠനം നടത്തുന്ന ഈ വിദ്യാലയത്തിൽ 66 അദ്ധ്യാപകർ ജോലി ചെയ്യുന്നു. 3 ഏക്കർ 1 സെൻറ് സ്ഥലത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിലവിലുള്ള കളിസ്ഥലം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മേൽ കാണിച്ച അസൗകര്യങ്ങൾ ഈ പഞ്ചായത്തിൽ മൊത്തത്തിൽ വിദ്യാഭ്യാസ നിലവാരം താഴുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. അത് കൊണ്ട് തന്നെ ഇത്തരം പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. 3–ാം വാർഡിൽ (കാരിമുക്ക്) ഒരു L. P. സ്കൂൾ സ്ഥാപിക്കുക.
2. 5–ാം വാർഡിൽ പോത്തട്ടിപ്പാറയിൽ ഒരു L P സ്കൂൾ സ്ഥാപിക്കുക.
3. കോട്ടാശ്ശേരി പട്ടികജാതി കോളനിയിൽ ഒരു L P സ്കൂൾ സ്ഥാപിക്കുക.
4. കൊട്ടുക്കര ഭാഗത്ത് ഒരു U P സ്കൂൾ അനുവദിക്കുക.
5. 4, 5, 6 വാർഡുകൾ ഉൾപ്പെട്ട മുസ്ലിയാരങ്ങാടിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.
6. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ ഒരു ജൂനിയർ കോളേജ് സ്ഥാപിക്കുക.
7. മുഴുവൻ L P സ്കൂളുകളോടനുബന്ധിച്ച് P T A നിയന്ത്രണത്തിൽ പ്രി. പ്രൈമറി സ്കൂൾ അനുവദിക്കുക.
8. നെടിയിരുപ്പ് പട്ടികജാതി കോളനിയിൽ നിലവിലുള്ള GWLP സ്കൂളിന് എല്ലാ സൗകര്യങ്ങളോട് കൂടിയ ഒരു കെട്ടിടം നിർമ്മിക്കുക. കോമ്പൗണ്ടിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക.

9 പഞ്ചായത്തിൽ T T C സെൻറർ അനുവദിക്കുക.

10 P P M ഹൈസ്ക്കൂളിൽ +2 കോഴ്സ് അനുവദിക്കുക.

11 4-ാം വാർഡിൽ വെള്ളാട്ട് പുറായിൽ ഒഴിഞ്ഞ് കിടക്കുന്ന സർക്കാർ സ്ഥലത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക.

## പരിഹാരങ്ങൾ

1 ഓാം പ്രമേഷൻ നിർത്തലാക്കി മൂല്യനിർണ്ണയത്തിൻെറ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രമോഷൻ നൽകുക.

2 സ്ക്കൂളുകളിൽ ഇടഭിത്തി നിർമ്മിച്ച് ക്ലാസ്സ്മുറികൾ വേർതിരിക്കുകയും, അത്യാവശ്യമായ അററകുററപണികൾ നടത്തുകയും ചെയ്യുക.

3 അദ്ധ്യാപകരുടെ താൽക്കാലിക ഒഴിവുകളിൽ യോഗ്യരായവരെ നിയമിക്കാൻ പ്രധാനദ്ധ്യാപകന് അധികാരം നൽകുക.

4 ദരിദ്ര വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂനിഫോറവും വിതരണം ചെയ്യുക.

5 പഞ്ചായത്ത്തല വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കുകയും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പി. ടി. എയുടെ പ്രവർത്തനങ്ങളുമായി അതിനെ ഏകോപിപ്പിക്കുകയും ചെയ്യുക.

6 എല്ലാ സ്ക്കൂളുകൾക്കും ആവശ്യമായ സ്ഥലസൗകര്യം, കെട്ടിട സൗകര്യം, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവ നിർബന്ധമായി ഏർപ്പെടുത്തുക.

7 ടെക്സ്റ്റ്ബുക്കുകൾ സ്ക്കൂൾ തുറക്കുന്ന അവസരത്തിൽ തന്നെ കുട്ടികൾക്ക് കിട്ടത്തക്കവണ്ണം നടപടി സ്വീകരിക്കുക.

8 ഉച്ചഭക്ഷണ വിതരണം കുററമററതാക്കി പഞ്ചായത്തുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുക.

9 എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപകരുടെ ഒഴിവുകളും സ്ക്കൂൾ തുറക്കുന്ന അവസരത്തിൽ തന്നെ നികത്തുക.

10 ആവശ്യമുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണ റേഷൻ അനുവദിക്കുക.

11 അതത് വർഷത്തേക്കുള്ള എല്ലാ സ്കോളർഷിപ്പുകളും സ്ക്കൂൾ തുറക്കുന്ന അവസരത്തിൽ തന്നെ വിതരണം ചെയ്യാനുള്ള നടപടി എടുക്കുക.

12 പെൺകുട്ടികളെയും വനിതകളെയും ചെറുകിട വ്യവസായങ്ങൾക്ക് പരിശീലിപ്പിക്കാനാവശ്യമായ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുക.

13 S S L C വിദ്യാർത്ഥികൾക്ക് പഞ്ചായത്ത്തലത്തിൽ സൗജന്യമായി കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുക.

14 അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം ലാക്കാക്കി ഒരു ദൃശ്യ-ശ്രാവ്യ കേന്ദ്രത്തിന് രൂപം നൽകുകയും എല്ലാ വിദ്യാലയങ്ങളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കിയും മാതൃസംഗമങ്ങളും, പി. ടി. എകളും എല്ലാ സ്ക്കൂളുകളിലും വ്യാപിപ്പിച്ചും നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ പുരോഗതിയിലേക്ക് നയിക്കാം.

## ഭൗതിക സൗകര്യങ്ങൾ

ആകെ ക്ലാസ്മുറികളുടെ എണ്ണം 108 ആണ്. എന്നാൽ ആകെ ഡിവിഷനുകളുടെ എണ്ണം 142 ആണ്. സ്ഥിരം 22 കെട്ടിടങ്ങളും, അർദ്ധസ്ഥിരം കെട്ടിടങ്ങൾ 7 എണ്ണവും, താൽക്കാലിക കെട്ടിടങ്ങളുടെ എണ്ണം 2 ആണ്. 22 ക്ലാസ്മുറികൾ ഇനിയും ആവശ്യമാണെന്ന് പട്ടിക 9.3 സൂചിപ്പിക്കുന്നു. മൂത്രപ്പുരയില്ലാത്ത 2 സ്ക്കൂളുകൾ പഞ്ചായത്തിൽ ഉണ്ട്. 15 മൂത്രപ്പുരകൾ കൂടി ആവശ്യമാണ്. 7 സ്ക്കൂളുകളിൽ കക്കൂസ് ഇല്ല. 3 സ്ക്കൂളുകളിൽ തീരെ കുടിവെള്ളം ലഭ്യമല്ല. മററു സ്ക്കൂളുകളിൽ നാമമാത്രമായിട്ടാണ് കുടിവെള്ളലഭ്യത. 9 സ്ക്കൂളുകളിൽ വൈദ്യുതി ലഭ്യമല്ല. 6 സ്കൂളുകളിൽ പാചക മുറിയില്ല. സ്റ്റാഫ്റൂം ഇല്ലാത്ത 4 സ്ക്കൂളുകൾ ഉണ്ട്. 300 ഡെസ്ക്കും 110 ബെഞ്ചും 20 മേശയും 37 കസേരയും സ്ക്കൂളിൽ അത്യാവശ്യമാണ്. 2 സ്ക്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

( പട്ടിക 9.3 കാണുക )

## 9.3 സ്കൂളിന്റെ ഭൗതിക

| | സ്കൂളിന്റെ പേര് | ആകെ ഡിവിഷൻ എണ്ണം | കെട്ടിടങ്ങളം എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം, മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | | | | |
| 1 | AMLPS കാളോത്ത് | 8 | 4 | — | — | 9 | — | — | — | — | 1 | 1 |
| 2 | GMLPS കൊട്ടുക്കര | 8 | 1 | — | — | 1 | — | — | 5 | — | — | — |
| 3 | PPMHS കൊട്ടുക്കര | 40 | 6 | — | — | 44 | — | — | 5 | ഉണ്ട് | 2 | 40 |
| 4 | GLPS നെടിയിരുപ്പ് | 5 | 1 | — | — | 2 | — | — | 2 | 1 | 2 | 4 |
| 5 | AMLPS നെടിയിരുപ്പ് ചെറുപറമ്പ | 6 | 2 | 1 | — | 4 | 2 | — | 2 | ഉണ്ട് | 1 | 10 |
| 6 | ദേവധാർ യു. പി. സ്കൂൾ നെടിയിരുപ്പ് | 13 | 3 | 4 | — | 4 | 13 | — | 1 | — | 2 | 10 |
| 7 | PMSA AMLPS ചോലമുക്ക് | 7 | 2 | — | — | 8 | — | — | 1 | ഉണ്ട് | 1 | 4 |
| 8 | GWLPS, N H കോളനി | 4 | 1 | — | — | 5 | — | — | 2 | ഉണ്ട് | ഇല്ല | — |
| 9 | KKKMUMUPS ചിറയിൽ | 34 | 2 | 1 | 2 | 24 | 6 | 4 | 4 | ഉണ്ട് | 1 | 10 |
| 10 | AMLPS മണ്ണാരിൽ | 8 | 2 | — | — | 10 | — | — | — | — | 1 | 2 |
| 11 | വാക്കത്തൊടി AMLPS | 9 | 3 | 1 | — | 8 | 4 | — | — | ഉണ്ട് | 1 | 12 |
| | ആകെ | 142 | 22 | 7 | 2 | 79 | 25 | 4 | 22 | | | |

## സൗകര്യങ്ങളുടെ വിവരം

| ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 2 | — | — | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 24 | 20 | — | 4 | — |
| 2 | — | — | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 24 | — | — | 3 | — |
| 2 | 3 | — | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | — | — | — | — | — |
| 1 | — | — | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 25 | 5 | — | 2 | 2 |
| 1 | — | — | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | മതി | 15 | — | 3 | 5 | — |
| — | 1 | — | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | മതി | — | — | — | — | — |
| 1 | — | — | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 45 | 20 | 7 | 7 | 1 |
| 1 | — | — | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 10 | — | — | — | 1 |
| 2 | 3 | — | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 150 | 50 | 10 | 16 | 2 |
| 1 | 1 | — | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 12 | 10 | — | — | — |
| 2 | — | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | — | — | 1 |
| 15 | 7 | | | | | | | | | | | |

## അക്കാദമിക് സൗകര്യങ്ങൾ

2 സ്കൂളുകളിൽ ലൈബ്രറി സൗകര്യം ഇല്ല. ലബോറട്ടറി സൗകര്യം 6 സ്കൂളുകളിൽ ഇല്ല. 5 സ്കൂളുകളിൽ പഠനോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല. 5 സ്കൂളിൽ റേഡിയോയും, 6 സ്ക്കൂളുകളിൽ ടേപ്പ്റെക്കോർഡറും ഉണ്ട്. ഒരു സ്കൂളിൽ മാത്രമാണ് സ്ലൈഡ് പ്രൊജക്ടർ ഉള്ളത്. ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളായ **TV/ VCR/ VCP**/കമ്പ്യൂട്ടർ/ പ്രൊജക്ടർ ഒന്നുംതന്നെ സ്ക്കൂളുകളിൽ ഇല്ല. സമരങ്ങൾ സ്ക്കൂളിലെ അദ്ധ്യയന ദിനങ്ങളെ ബാധിച്ചതായി കാണുന്നില്ല. പട്ടിക 9.4 കാണുക. അക്കാദമിക് നിലവാരം സംബന്ധിച്ച വിവരം പട്ടിക 9.5ൽ കൊടുത്തിരിക്കുന്നു.

391ഓളം പട്ടികജാതി വിദ്യാർത്ഥികൾ പഞ്ചായത്തിൽ ഉണ്ട്. **L P** 148ഉം, **U P**യിൽ 49ഉം, **H S**ൽ 194ഉം ആണ്. ഹൈസ്ക്കൂൾ തലത്തിൽ 8 കുട്ടികൾ പഠനം നിർത്തിയതായി കാണുന്നു. ഇതിൽ ഒരു കുട്ടി പട്ടികജാതിയിൽ പെട്ടതും ബാക്കി മററുവിഭാഗത്തിൽ പെടുന്നതുമാകുന്നു. ●

### (9.4) അക്കാദമിക് സൗകര്യങ്ങൾ

| | ലൈബ്രറി ഉണ്ട്/ഇല്ല | ലബോറട്ടറി സയൻസ്കോർണർ | പഠനോപകരണങ്ങൾ മാപ്പ്, ചാർട്ട്, ഗ്ലോബ് ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ: റേഡിയോ | ടേപ്പ്റെക്കോർഡർ | T V സെററ് | കമ്പ്യൂട്ടർ VCR/VCP | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നില വിപ്പുള്ളത് | സമരങ്ങളിലൂടെ നഷ്ടപ്പെട്ടദിനം 95–96 | മാതൃസംഗമം സജീവം/ | ക്ലാസ് റൂം PTA ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉണ്ട് | 9 | 5 | 6 | 5 | 6 | — | — | — | 1 | — | 142 വേണം | 121 | ഇല്ല | 11 ഉണ്ട് | 10 ഉണ്ട് |
| ഇല്ല | 2 | 6 | 5 | 6 | 5 | 11 | 11 | 11 | 10 | 11 | 142 വേണം | 121 | — | — | — |



## 5-5 "കുടിവെള്ളം, ആരോഗ്യം, ശുചിത്വം."

### കുടിവെള്ളം

മനുഷ്യരാശി ഉൾപ്പെടെയുള്ള ജീവ ജാലങ്ങളുടെ നിലനില്പിന് തന്നെ അത്യന്താപേക്ഷിതമാണ് ശുദ്ധജലം. ഭക്ഷണമില്ലെങ്കിലും വെള്ളം മാത്രം കുടിച്ച് മനുഷ്യന് ഏറെക്കാലം ജീവിക്കുവാൻ കഴിയും. അതുകൊണ്ട് തന്നെയാണ് ഈ ജീവൽ പ്രശ്നത്തെ ജനങ്ങൾ മുഖ്യ പ്രശ്നമായി ഉയർത്തിപ്പിടിക്കുന്നത്.

മനുഷ്യന്റെ അടിസ്ഥാനാവശ്യമായ ശുദ്ധ ജലം ലഭ്യമാകാത്തേടത്തോളം കാലം ജീവിതം എന്നും മരീചിക തന്നെയായിരിക്കും. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 80% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഇവയിൽ 70%വും വേനൽകാലത്ത് വററുന്നു. ഡാനിഡ ശുദ്ധജല പദ്ധതിയും KWA യുടെ മിനി ശുദ്ധജല പദ്ധതിയുമാണ് പഞ്ചായത്തിൽ നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനം.

ഡാനിഡ പദ്ധതിയിൽ നെടിയിരുപ്പിൽ ആകെ 13 ജല സംഭരണ ടാങ്കുകളും 101 പൊതു ടാപ്പുകളും ഉണ്ട്. അവയിൽ 32 ടാപ്പുകൾ നിർമ്മാണ വൈകല്യം കാരണം പ്രവർത്തനക്ഷമമല്ല 11 പൊതു ടാപ്പുകൾ നിർമ്മാണത്തിലും, 22 ടാപ്പുകൾ ലൈനുമായി കണക്ട് ചെയ്യാനുമുണ്ട്. KWA യുടെ പദ്ധതിയിൽ 40 പൊതു ടാപ്പുകളും 110 സ്വകാര്യ കണക്ഷനുകളുമുണ്ട്. ഓരോ പൊതു ടാപ്പിനും പഞ്ചായത്ത് 875 രൂപ വാട്ടർ അതോറിററിക്കും, ഇലക്ട്രിസിററി ചാർജ്ജായി വാട്ടർ അതോറിററി മാസത്തിൽ ആകെ 80000 രൂപയും നൽകേണ്ടിവരുന്നു. വാട്ടർ ചാർജ്ജ് പഞ്ചായത്തിന്റെ മൊത്ത വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. നിലവിലുള്ള കുടിശ്ശിക റദ്ദ് ചെയ്യുകയും, പൊതു ടാപ്പിനുള്ള ഇലക്ട്രിസിററി സൗജന്യമാക്കുകയും, KWA ഫീസ് ഗണ്യമായി കുറക്കുകയോ, മററു മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്.

ഡാനിഡ പദ്ധതി പഞ്ചായത്തിന്റെ എല്ലാപ്രദേശത്തും, ശുദ്ധജല വിതരണം നടത്തുവാനുള്ളതാണെങ്കിലും, പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് തന്നെ ജല ദൗർലഭ്യം കാരണം ഈ പദ്ധതി നിരാശാജനകമായിരിക്കയാണ്. പദ്ധതിയുടെ ജല സ്രോതസ്സ് മുസ്ലിയാരങ്ങാടി മുതൽ കോടങ്ങാട് വരെ വയലിൽ കുഴിച്ച 6 കുഴൽ കിണറുകളാണ്. ഈ കിണറുകളിൽ പ്രതീക്ഷിച്ചത്ര ജലം ലഭ്യമല്ല.

ജലനിരപ്പ് ദിനംപ്രതി താഴ്ന്നുകൊണ്ടിരിക്കയാണ്. ഈ കുഴൽ കിണറുകളിൽ നിന്നും വെള്ളം അടിക്കുമ്പോൾ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം കുറയുന്നു ചിലത് വ

ററി വരളുന്ന പ്രത്യേകിച്ച് മുസ്ലിയാരങ്ങാടി, കോടങ്ങാട് എന്നിവിടങ്ങളിലെ കിണറുകൾ വററി വരളുന്നത് ഇത് സമീപവാസികൾക്ക് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. കൂടാതെ ഈ കുഴൽ കിണറുകളിൽ നിന്നും വിതരണം ചെയ്യുന്ന ജലം പൊതുജനങ്ങളുടെ എതിർപ്പ് അവഗണിച്ച് സമീപ പഞ്ചായത്തായ കൊണ്ടോട്ടിയിലേക്ക് ഒഴുകുന്നു. ഇത് നിർത്തിവെക്കൽ നെടിയിരുപ്പിലെ സുഗമമായ ശുദ്ധജല വിതരണത്തിന് അത്യാവശ്യമാണ്.

KWA ഡാനിഡ പദ്ധതികൾ പട്ടിക II

| പദ്ധതി | മൊത്തം ടാപ്പുകൾ | നിർമ്മാണത്തിലിരിക്കുന്നവ | വെള്ളം ലഭ്യമാകാത്തത് | സ്വകാര്യ കണക്ഷൻ |
|---|---|---|---|---|
| KWA പദ്ധതി | 40 | | | 110 |
| DANIDA | 101 | 33 | 32 | |

ശുദ്ധജലക്ഷാമം ഏററവും കൂടുതൽ അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ഡാനിഡ ശുദ്ധജലപദ്ധതിക്ക് ആവശ്യമായ ജലം ചാലിയാർ പദ്ധതിയിലൂടെ കണ്ടെത്തിയും പുതിയ മിനി വാട്ടർ സ്കീമുകൾ വാർഡ് തോറും സ്ഥാപിച്ചും പുതിയ ടാപ്പുകൾ ദൂരപരിധി കണക്കിലെടുക്കാതെ സ്ഥാപിച്ചും ആവശ്യക്കാർക്ക് സ്വകാര്യ കണക്ഷൻ നൽകിയും ജനങ്ങളുടെ പ്രതീക്ഷ നിറവേററാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമ സഭയിൽ നിന്നു യർന്നുവന്ന പരിഹാരനിർദ്ദേശങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതുമായ നിർദ്ദേശങ്ങളും കൂടുതൽ വിശകലനത്തിന്നായി ഇതിൽ ചേർത്തിരിക്കുന്നു

## കുടിവെള്ള ക്ഷാമ പ്രദേശങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ:-

### വാർഡ് 1

ഒന്നാം മൈൽ ചേപ്പിലിക്കുന്ന് താഴ്വര, കാളോത്ത്, മാട്ടിൽ-പള്ളിപ്പുറം ഭാഗം, അരീക്കോട്ട് പറമ്പ്, ചോലക്കൽ ഭാഗം ചൊണേങ്ങൽ തേവുന്ന് ഭാഗം എന്നിവിടങ്ങിൽ കുടിവെള്ളക്ഷാമമുണ്ട്. ഒന്നാം വാർഡിൽ ഒരു മിനി വാട്ടർ സ്കീം ഏർപ്പെടുത്തുകയാണെങ്കിൽ, ഇത് പരിഹരിക്കാവുന്നതാണ്. നിലവിലുള്ള ഡാനിഡ പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ കാളോത്ത്, മാട്ടിൽ ഭാഗങ്ങളിലേക്ക് നീട്ടുകയും, ലൈൻ പോകുന്ന ഭാഗങ്ങളിലെ വീട്ടുകാർക്ക് ഹൗസ് കണക്ഷൻ നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുകയും വേണം.

### വാർഡ് 2

കാളോത്ത്, തേവുകുന്ന്, കോടങ്ങാട് കുന്നത്ത് കോളനി, കാരിമുക്ക്, മച്ചിയാം കുന്ന്, കോടങ്ങാട്ട്, ചോലക്കൽ, വള്ളിക്കുഴി എന്നീ സ്ഥലങ്ങലിൽ രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. തേവുകുന്ന് ഭാഗത്ത് മിനിവാട്ടർ സ്കീം നടപ്പാക്കണം. കുന്നത്ത് കോളനിയിൽ കുഴൽ കിണർ കുഴിച്ച് ജല വിതരണം നടത്തണം, കാരിമുക്ക്, മച്ചിയാം കുന്ന്, കോടങ്ങാട്ട്, ആശാരികുന്ന്, കൊട്ടക്കര, വള്ളിക്കുഴി, കുത്താടിക്കുന്ന് പടിഞ്ഞാറെ ഭാഗം കുത്താടിക്കുന്ന് മുകൾ ഭാഗം പുള്ളിച്ചീരികുഴി അംഗനവാടിക്ക് സമീപം, കാരിമുക്ക് ചോലക്കൽ ഭാഗം, കോട്ടേപറമ്പ് കിഴക്കഭാഗം, കോടങ്ങാട് പള്ളിയാളി, കൊട്ടുക്കര താനാരി പാലേക്കത്ത്, തരുവറ ഭാഗം എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള ഡാനിഡ സ്കീം ശുദ്ധജല പദ്ധതിയുടെ ടാപ്പുകൾ സ്ഥാപിക്കുകയും, വീട്ടുകണക്ഷൻ നൽകുകയും വേണം. ചേന്നേത്ത് ചോലയിൽ അണകെട്ടി വെള്ളം സംഭരിച്ചാൽ കുറുപ്പത്ത്, കോടങ്ങാട്, കൊട്ടുക്കര തുടങ്ങിയ പ്രദേശങ്ങൾക്ക് ആവശ്യമായ ജലം ലഭിക്കും. ആയതിനാൽ ചേനോത്ത് ചോല മിനി വാട്ടർ സ്കീമായി ഉയർത്തി നടപ്പിലാക്കുക.

### വാർഡ് 3

കുമ്പളപ്പാറ, ഹരിജൻ കോളനി, ഞൊട്ടണം പാറ ഹരിജൻകോളനി, പൊയിലിക്കാവ്, പനക്കപറമ്പ്, കരാളംകുണ്ട്, പന്തലംകുന്ന്, പള്ളിയാളികുന്നത്ത്, മേലെക്കണ്ടി

കോളനിറോഡ് എന്നീ സ്ഥലങ്ങളിൽ ശുദ്ധ ജല ക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള ഡാനിഡ സ്കീമിൽ നിന്നും ഈ പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ അനുവദിക്കുകയും, ഏററവും ഉയർന്ന പ്രദേശങ്ങളായ കുമ്പളപ്പാറ, നൊട്ടണംപാറ എന്നീ ഹരിജൻ കോളനിയിൽ കുഴൽകിണർ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതുണ്ട്.

## വാർഡ് -4

വെള്ളാട്ടുപുറായ, പേങ്ങാട്, നാട്ടുകല്ലിങ്ങൽ മങ്ങാട്ടുകോളനി, കുന്നത്ത്, പേർകുത്ത്, പേരാംതൊടു എന്നീഭാഗങ്ങളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്.
വാർഡിലെ നിലവിലുള്ള അമ്പലകുളം ഒരു മിനി ശുദ്ധജലസ്കീം സ്ഥാപിക്കുകയും ഏററവും ഉയർന്ന പ്രദേശമായ കുമ്പളപറമ്പിൽ ജലസംഭരണി നിർമ്മിക്കുകയും ചെയ്താൽ വാർഡിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം. ഡാനിഡ സ്കീമിൽ നിലവിലുള്ള വാട്ടർ ടാപ്പുകളുടെ ദൂര പരിധികുറച്ചും മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിച്ചും ജലക്ഷാമം പരിഹരിക്കാം.

## വാർഡ് -5

ചാളക്കൽ, മൂന്നംപിലാക്കൽ, കപ്പിയോടം ചക്കിപ്പറമ്പ്, കാരാതടം, പാറക്കാടൻമുക്ക്, ആസ്പത്രിപ്പടി, വട്ടിയാർകുന്ന്, ചെമ്പാല, പോത്തട്ടിപ്പാറ, ചെനക്കപറമ്പ്, പുള്ളിച്ചീരികുണ്ട്, എളേററിൽകുന്ന്, വരിക്കലായ്, പുളിയത്ത്മേലെഅരു, ലക്ഷംവീട്താഴ്ഭാഗം, കമ്മിളികുന്നത്ത് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഡാനിഡ സ്കീമിലെ വെള്ളം കിട്ടാത്ത ടാപ്പുകളിൽ വെള്ളമെത്തിക്കുക, മുകളിൽ പറഞ്ഞ പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക, നിലവിലുള്ള ടാപ്പുകളുടെ ദൂരപരിധി കുറക്കുക, ഡാനിഡ സ്കീമിൽ നിന്നും ആവശ്യപ്പെടുന്നവർക്ക്ഹൗസ് കണക്ഷൻ കൊടുക്കുക, ചിങ്ങത്ത് പള്ളിയാളിയിൽ നിലവിലുള്ള പമ്പ്ഹൗസ് ഫലപ്രദമായി ഉപയോഗിച്ച് മുസ്ലിയാരങ്ങാടി, പോത്തട്ടിപ്പാറ, ചെനക്കപറമ്പ് കമ്മിളികുത്തരു എന്നീ പ്രദേശങ്ങൾക്കായി ഒരു മിനി വാട്ടർ സ്കീം നടപ്പിലാക്കുക, പൊതുടാപ്പുകളിൽ നിന്നും ജലം ദുരുപയോഗം ചെയ്യുന്നത് കർശനമായി നിരോധിക്കുകയും ചെമ്പാല, വട്ടിയാർകുന്ന്, ചക്കിപറമ്പ്, ചിനക്കപറമ്പ്, പോത്തട്ടിപ്പാറ, തച്ചർതൊടി, കുണ്ടേങ്ങാട്ട്, പുളിയത്ത് അരു, വരിക്കലായ്, ലക്ഷംവീട് എന്നിവിടങ്ങളിൽ പൊതുടാപ്പിന് പുറമെ ഹൗസ് കണക്ഷനും നൽകുക.

## വാർഡ് -6

കുററിപ്പാലംകുന്ന്, പടകുന്ന്, താമരകുന്ന്, കൊററങ്ങോട് മേലെമുക്ക്, മുസ്ലിയാരങ്ങാടി പ്രസ്സുരു, കുത്തുക്കാട്ട്, കോൽമല, കണ്ണൻനായർ മല, പുല്ലൻപടി എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം. ഡാനിഡ പദ്ധതിയിൽ നിന്നും ഹൗസ് കണക്ഷൻ നൽകണം വാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിന് ആവശ്യമായ മിനി വാട്ടർ സ്കീം നടപ്പിലാക്കുകയും വേണം.

## വാർഡ്- 7

മുച്ചികുണ്ട്, ചെരുപ്പടിയ, പോതോളിയ, വളനാകണ്ടാം, ചെറളകുണ്ട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു ചുള്ളിക്കുളം എന്ന പ്രദേശത്ത് വലിയ കുളം കുഴിച്ച് വാർഡിലെ ഏററവും ഉയർന്നപ്രദേശമായ മുച്ചികുണ്ടിൽ ടാങ്ക് സ്ഥാപിച്ച് മിനി വാട്ടർസ്കീം നടപ്പാക്കണം. ഡാനിഡ സ്കീമിന് വേണ്ടി അഞ്ച് ടാങ്കുകൾ വാർഡിൽ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പണിപൂർത്തിയാക്കി എല്ലാപ്രദേശങ്ങളിലേക്കും വെള്ളം എത്തിക്കുവാൻ നടപടി വേണം. ഡാനിഡ സ്കീമിൽ നിന്നും ഒററ കുടുംബത്തിനും പ്രയോജനം ലഭിക്കുന്നില്ല.

## വാർഡ്– 8

ചിറയിൽ സ്കൂൾ പരിസരം, മണ്ണാത്തിപ്പാറ, വട്ടപ്പറമ്പ്, തുമ്പരിപ്പാറ മൂച്ചിക്കുണ്ട്, കൈതക്കോട്, കോട്ടാശ്ശേരി, പുളിശ്ശേരി, ബിയ്യാമകുണ്ടി, മുക്കൂട് എന്നീ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. പ്രസ്തുത പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ അനുവദിക്കുകയും, കോട്ടാശ്ശേരി, ചിറയിൽ-ചുങ്കം, കുമ്മേരിപ്പാറ എന്നിവടങ്ങളിൽ കിണറുകൾ സ്ഥാപിക്കുക, നിലവിലുള്ള പൊതുടാപ്പുകളിൽ കുററമററ രീതി

യിൽ വെള്ളം വിതരണം ചെയ്യുകയും വേണം. പ്രാഥമികാരോഗ്യ കേന്ദ്രം, സ്കൂൾ, ചുററു പാടുള്ള വീടുകൾ എന്നീ സ്ഥലങ്ങളിലേക്ക് ഒരുമിച്ച് ശുദ്ധജലം എത്തിക്കാൻ താഴെ ഭാഗത്ത് പൊതുകിണർ കുഴിച്ച് പമ്പ് ചെയ്താൽ മതിയാകും. കോട്ടാശ്ശേരി കോളനിയിൽ ഡാനിഡ പദ്ധതി തീരെ പ്രവർത്തിക്കുന്നില്ല.

## വാർഡ് 9

കാര്യമ്പൂറം പാറ, പാലക്കപ്പറമ്പ് താഴെ ഭാഗം, കുററിവളത്തിൽ ഇടവഴി, തലാപ്പിൽ എന്നിവിടങ്ങളിൽ പൊതു ടാപ്പുകൾ അനുവദിക്കണം. കോന്നക്കുളം, തൊണ്ടിപ്പുറം, ക്ലർക്കനം കുന്നത്ത് എന്നിവിടങ്ങളിലേക്ക് പൈപ്പു ജലം എത്തിക്കുക, കാര്യമ്പാറയിൽ മിനി വാട്ടർ സ്കീം നടപ്പാക്കുക. കുറുപ്പത്ത് വയലിൽ കിണർ കുഴിച്ച് മിനി വാട്ടർ സ്കീം നടപ്പാക്കുകയും നിലവിലുള്ള ടാപ്പുകളുടെ ദൂരപരിധി കുറച്ച് കൂടുതൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക, ഡാനിഡ സ്കീമിൽ നിന്നു് ഹൗസ് കണക്ഷൻ നൽകുവാനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## പ്രാവർത്തികമാക്കാവുന്ന മററ് നിർദ്ദേശങ്ങൾ:-

1 നിലവിലുള്ള ഡാനിഡ ശുദ്ധജല പദ്ധതിക്ക് വെള്ളം ലഭ്യമാക്കുന്നതിന് ചാലിയാർ പദ്ധതിയിൽ നെടിയിരുപ്പ് പഞ്ചായത്ത് കൂടി ഉൾപ്പെടുത്തുക.

2 ചീക്കോട്, കുഴിമണ്ണ വില്ലേജുകളിലേക്ക് തുടങ്ങാൻ പോകുന്ന ചാലിയാർ പദ്ധതിയുടെ പ്രദേശത്തിൽ നെടിയിരുപ്പ് പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തണം. ഈ ജലം വിതരണം ചെയ്യാൻ നിലവിലുള്ള ഡാനിഡ സംവിധാനം ഉപയോഗിക്കാവുന്നതാണ്.

3 പൊതു ടാപ്പുകളിൽ നിന്നും ജലം ദുരുപയോഗം ചെയ്യുന്നതിനെതിരിൽ ബോധവത്കരണം നടത്തുക.

4 നിലവിലുള്ള തോടുകളിൽ പ്രത്യേകിച്ച് കുഴൽ കിണറുകൾക്ക് സമീപം ബണ്ടുകൾ കെട്ടിയും, വലിയ കുഴികൾ കുഴിച്ചും പാഴായി പോകുന്ന മഴവെള്ളം സംഭരിക്കുക.

5 സ്കീമുകൾ തുടക്കം മുതൽ ജനകീയ ശ്രദ്ധയോടെ ആരംഭിക്കുക.

6 പൊതുടാപ്പുകൾക്ക് സർക്കാർ ഏർപ്പെടുത്തിയ നികുതി ഒഴിവാക്കുക.

7 പ്രാദേശികമായി സ്വയം നിയന്ത്രണാധികാരമുള്ള ജനകീയമായ മിനി വാട്ടർ സപ്ലൈസ് സ്കീം നടപ്പാക്കി പൊതു ടാപ്പുകൾ അനുവദിക്കാതെ ഹൗസ് കണക്ഷൻ നൽകി പഞ്ചായത്ത് ചാർജ്ജ് ഈടാക്കുക.

## ആരോഗ്യം:-

25, 640 ജനങ്ങൾ വസിക്കുന്ന നെടിയിരുപ്പിലെ ആരോഗ്യ സേവന രംഗം വളരെ പരിതാപകരമാകുന്നു. ചിറയിലുള്ള ഒരു മിനി പബ്ലിക്ക്ഹെൽത്ത് സെൻററും, കാളോത്ത് മേലെപറമ്പ്, മില്ലുംപടി, ഹരിജൻകോളനി എന്നിവിടങ്ങളിലുള്ള ഹെൽത്ത് സബ്സെൻററുകളാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. മുസ്ലിയാരങ്ങാടിയിൽ ഒരു സഹകരണ ആശുപത്രിയും കോടങ്ങാട്, കുറുപ്പത്ത്, മുസ്ലിയാരങ്ങാടി എന്നിവിടങ്ങളിൽ പാരമ്പര്യ ചികിൽസാകേന്ദ്രങ്ങളും നിലവിലുണ്ട്. പബ്ലിക്ക് ഹെൽത്ത് സെൻററിൽ ഔട്ട്പേഷ്യൻറ് സംവിധാനം മാത്രമേയുള്ളൂ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ പ്രതിരോധ കുത്തിവെപ്പുകൾക്കും സ്കൂൾ പരിശോധനക്കും ഡോക്ടർ പോകുമ്പോൾ സെൻററിൽ രോഗികൾക്ക് എല്ലാദിവസവും ചികിൽസ കിട്ടുന്നില്ല. ചിറയിൽ, ഹരിജൻകോളനി, മേലെപറമ്പ് എന്നീ പ്രദേശങ്ങളിൽ മാത്രം ഹെൽത്ത് സെൻററിൻെറ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രികളെയും P H C യെയുമാണ് ഭൂരിഭാഗം ജനങ്ങളും ചികിൽസക്കായി സമീപിക്കുന്നത്. വിദഗ്ധ ചികിത്സക്കായി പതിനഞ്ച് കിലോമീററർ ദൂരെയുള്ള മഞ്ചേരിജില്ലാ ആശുപത്രിയേയൊ 40കി.മീ. ദൂരത്തുള്ളകോഴിക്കോട് മെഡിക്കൽ കോളേജിനെയോആണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ഭൂരിഭാഗവും കാർഷിക നിർമ്മാണ മേഖലകളിൽ ജോലി ചെയ്യുന്നവരാണ് സമയനിഷ്ടയില്ലായ്മയും ആവശ്യമായ വിശ്രമമില്ലാതെ ജോലിചെയ്യുന്നത് മൂലവും സമയത്തിന് ഭക്ഷണം കിട്ടാത്തതിനാലും ജീവിത ചിലവ് ദാരിദ്ര്യം വർദ്ധിപ്പിക്കുന്നതിനാലും ഈ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സ്ഥിതി ദയനീയമാണ്. വയറിളക്കരോഗങ്ങൾ, മഞ്ഞപിത്തം, ടൈഫോയിഡ് തുടങ്ങിയ പകർച്ച വ്യാധി രോഗങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കണ്ട്‌വരുന്നു. അശാസ്ത്രീയമായി കീടനാശിനികളും മററും ഉപയോഗിക്കുന്നത് കൊണ്ട് അവ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. പഞ്ചായത്തിലെ ജനന നിരക്ക് 16. 2 ഉം മരണ നിരക്ക് 6. 1 ഉം ശരാശരി കുടുംബ വലിപ്പം 6ഉം ആണ്. പഞ്ചായത്തിലെ 90% കുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയിട്ടുണ്ട്. അയെൺ ആസിഡ് ഗുളികകൾ ഉപയോഗിക്കുന്നത് മൂലം ഗർഭിണികൾക്ക് സാധാരണ കണ്ട് വരുന്ന വിളർച്ചാ രോഗങ്ങൾ താരതമ്യേന കുറവാണ്. കുടുംബക്ഷേമ പ്രവർത്തനങ്ങളും രോഗ പ്രതിരോധ പ്രവർത്തനങ്ങളും പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടക്കുന്നുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി സബ് സെൻററുകൾ സ്ഥാപിച്ചും ആരോഗ്യപ്രവർത്തകരെ നിയമിച്ചും പ്രശ്നം പരിഹരിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ:-

നിലവിലുള്ള P H C ആധുനിക ചികിൽസാ സൗകര്യങ്ങളുള്ള ആശുപത്രിയാക്കി ഉയർത്തുക. P H Cക്ക് കോമ്പൗണ്ട്‌വാൾ ഉണ്ടാക്കുക.

2 പഞ്ചായത്തിൽ ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ ആവശ്യമാണ്. അത് സ്ഥാപിക്കാൻ വേണ്ട സൗകര്യങ്ങൾ ജനപങ്കാളിത്തത്തോടെ ലഭ്യമാക്കാവുന്നതാണ്.

3 ആരോഗ്യ രംഗത്ത് നിലനിൽക്കുന്ന ഭീഷണികളായ മയക്ക് മരുന്ന് ഉപയോഗം, പുകവലി, ചാരായം, തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ എന്നിവയെപററിയും രക്തദാനം, നേത്രദാനം എന്നിവയെ പററിയും ആവശ്യമായ ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ പരിപാടി കൈകൊള്ളണം.

4 എല്ലാ വാർഡുകളിലും സബ്സെൻററുകൾ സ്ഥാപിച്ച് ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

5 മില്ലുംപടി, ഹരിജൻകോളനി എന്നിവിടങ്ങളിലുള്ള സബ്സെൻററുകൾ ഡിസ്പെൻസറിയായി ഉയർത്തുക.

## കക്കൂസ്

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 25% വീടുകളിലും കക്കൂസ് ഇല്ല. സാമ്പത്തികമായ ബുദ്ധിമുട്ട് ഉള്ളതിനാലാണ് കക്കൂസ് നിർമ്മിക്കാൻ സാധിക്കാത്തത്. പ്രാഥമിക ആവശ്യം നിർവ്വഹിക്കാനുള്ള ഈ സൗകര്യം പഞ്ചായത്തിലെ ഓരോ പൗരനും നിർബന്ധമായും ലഭിക്കേണ്ടതാണ്. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും, സഹായത്തോട് കൂടി കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള പ്രവർത്തനം പഞ്ചായത്ത് ഏറെറടുത്ത് നടത്തേണ്ടതുണ്ട്. അതുപോലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കക്കൂസ് ഉൾപ്പെട്ട കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ     പട്ടിക. ആരോഗ്യം

| No | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | ലഭിക്കുന്ന സേവനങ്ങൾ |
|---|---|---|---|---|---|
| 1 | P H C ചിറയിൽ | VIII | 1993 | 16 | OP സൗകര്യം പ്രതിരോധ കുത്തിവെപ്പ് ഗർഭ ശുശ്രൂഷ |
| 2 | I P P സെൻറർ കാളോത്ത് | I | 1994-'95 | 1 | ഗർഭ ശുശ്രൂഷ പ്രതിരോധ കുത്തിവെപ്പ് |
| 3 | I P P സെൻറർ* മില്ലുംപടി | VI | 1994-'95 | 1 | ,, |
| 4 | I P P സെൻറർ NH കോളനി | VII | 1994-'95 | 1 | ,, |
| 5 | കുടുംബക്ഷേമ കേന്ദ്രം മേലെപറമ്പ് * | VII | | 1 | ,, |

* മില്ലുംപടി I P P യിലും മേലെ പറമ്പ് കുടുംബക്ഷേമ കേന്ദ്രത്തിലും വെള്ളവും വെളിച്ചവും ലഭ്യമല്ലാത്തതിനാൽ Jr P H N താമസിക്കുന്നില്ല.

## ശുചിത്വം

നെടിയിരുപ്പ് പഞ്ചായത്തിൻെറ എല്ലാ വാർഡുകളിൽ നിന്നും പരിസര മലിനീകരണത്തെപ്പററിയുള്ള പരാതികൾ ഗ്രാമസഭയിൽ ഉയർന്നു വരികയുണ്ടായി. തുറസ്സായ സ്ഥലങ്ങളിൽ അറവ് നടത്തുകയും വഴിയോരങ്ങളിൽ മത്സ്യ മാംസ വിൽപന നടത്തുന്നതും നിത്യ സംഭവമാണ്. പഞ്ചായത്തിനു സ്വന്തമായി ഒരു അറവ് ശാലയോ മാർക്കററോ ഇല്ല. പഞ്ചായത്തിനു് മൊത്തമായി ഒരു ആധുനിക അറവുശാല (Slaughter House) സ്ഥാപിച്ച് നിലവിലുള്ള ആരോഗ്യ പ്രവർത്തകരെ ഉപയോഗിച്ച് പരിശോധയ്ക്ക് വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറവ് നടത്തുന്നതിനുള്ള സംവിധാനവും പ്രസ്തുത അറവുശാലയിൽ അറക്കുന്ന മാംസ വില്പനക്കായി പ്രധാന കേന്ദ്രങ്ങളിൽ പൊതു മാർക്കററുകളും വേണം.

പഞ്ചായത്തിലെ റോഡുകൾക്ക് ഇരു വശവും അഴക്ക്ചാൽ സംവിധാനം ഇല്ല. ഹോട്ടലുകൾ മററു കച്ചവടശാലകൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി പൊതു സ്ഥലങ്ങളിൽ കുന്നു കൂട്ടുന്നു. വ്യവസായ ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശരിയായി സംസ്കരിക്കപ്പെടുന്നില്ല. ചകിരിമില്ലുകൾ, ചെരുപ്പു നിർമ്മാണ കേന്ദ്രങ്ങൾ എന്നീ വ്യവസായങ്ങൾ നിക്ഷേപിക്കുന്ന അവശിഷ്ടങ്ങൾ നമുക്ക് ചുററിലും കാണാവുന്നതാണ്. വീടുകളിലെ അടുക്കളയിലെ ചപ്പുചവറുകളും അവശിഷ്ടങ്ങളും വേണ്ട വിധം സംസ്കരിക്കപ്പെടുന്നില്ല. ഇത്മൂലം പഞ്ചായത്തിൽ കൊതുക് ശല്ല്യവും വർഷകാലത്തും വരൾച്ച കാലത്തും പകർച്ച വ്യാധികളും സർവ്വസാധാരണമാകുന്നു. റോഡുകൾക്കിരുവശവും ശരിയായ ഡ്രെയ്നേജ് സംവിധാനം ഉണ്ടാക്കുക. ഹോട്ടലുകൾ മററുകച്ചവട സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ ഇവയിലെ അവശിഷ്ടങ്ങളും മലിന ജലവും പൊതുസ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നതിനെതിരിൽ ബോധവൽക്കരണം നടത്തണം. ലംഘിക്കുന്നവർക്ക് കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപനയും മററും

ആരോഗ്യ– നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും അത് പാലിക്കുന്നുണ്ടോ എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കുകയും കുളിമുറി, അടുക്കള ഇവയിൽ നിന്നും ഒഴികിയെത്തുന്ന മലിനജലം അടുക്കള തോട്ടങ്ങളിലേക്ക് തിരിച്ച് വിടുകയും ചെയ്യണം. വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുകയും കുത്താടികളുള്ള സ്ഥലത്തു മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുകയും, കക്കൂസ് ടാങ്കുകളുടെ വിള്ളൽ സിമൻറ് ഉപയോഗിച്ച് അടക്കുകയും ഗ്യാസ് പൈപ്പുകൾ കക്കൂസിൻെറ നെററ് ഉപയോഗിച്ച് അടക്കുകയും, വീടുക ളിൽ DDT അടിക്കുകയും ചെയ്യുക ഇത്തരം കാര്യങ്ങളിലൂടെ കൊതുക് നശീകരണം ഫലപ്രദമാക്കാം. ഇവ സാധ്യമാക്കുന്നതിന് ആരോഗ്യ ബോധവൽക്കരണവും ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും, പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

## പ്രാവർത്തിക മാക്കാവുന്ന നിർദ്ദേശങ്ങൾ

1 കാലഹരണപ്പെട്ട പൊതുജന ആരോഗ്യ ആക്ടുകൾ കാലോചിതമായി പരിഷ്കരിക്കുകയും അതിന് ആവശ്യമായ നിയമ നിർമ്മാണ നടപടികൾ സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാവുകയും വേണം.

2 പഞ്ചായത്തിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് മാലിന്യങ്ങൾ സംസ്ക്കരിക്കാൻ സ്ട്രഞ്ചിംഗ് ഗ്രൗണ്ട് സ്ഥാപിക്കുകയും വേണം.

ചലനമാണ് പുരോഗതിയുടെ അടിത്തറ സുഗമമായ ചലനത്തിനും ഗതാഗതത്തിനും ഗതാഗതമാർഗ്ഗങ്ങളും അത്യാവശ്യമാണ്. എളുപ്പത്തിൽ നീങ്ങുവാൻ കഴിയുമ്പോഴേ വികസനവും പുരോഗതിയും കരകതമാകൂ. അതിനു വേണ്ടത് നല്ല റോഡുകളും ഗതാഗത മാർഗ്ഗങ്ങളുമാണ്. നാനാതുറകളിലുമുള്ള പുരോഗതിയുടെ ശക്തമായ ഒരു ഘടകം ഊർജ്ജമാണ്. ഊർജ്ജമില്ലാതെ ഒരു കാര്യത്തിലും ഒരടി പോലും മുന്നോട്ട് ഗമിക്കുവാനോ ചിന്തിക്കുവാനോ സാധ്യമല്ല.

നെടിയിരുപ്പ് പഞ്ചായത്ത് കുന്നും സമതലവും വയലും ഉൾപ്പെട്ട ഒരു ഗ്രാമീണ പ്രദേശമാണ്. പണ്ട് കാലത്ത് കാൽനടയായും മഞ്ചലേറിയുമാണ് ആളുകൾ സഞ്ചരിച്ചിരുന്നത്. തലചുമടായും കാളവണ്ടികളിലും ചരക്കുകടത്ത് നിർവഹിക്കപ്പെട്ടു. നെടിയിരുപ്പ് പഞ്ചായത്താഫീസും സാംസ്കാരിക നിലയവും സ്ഥിതി ചെയ്യുന്ന സ്ഥലം പണ്ടത്തെ കാളവണ്ടിപ്പേട്ടയായിരുന്നു. ഇന്നിപ്പോൾ നമ്മുടെ പഞ്ചായത്തിൽ മൊത്തം 101 260 കി. മീ. നീളത്തിൽ റോഡുകളുടെ ഒരു ശൃംഖല തന്നെയുണ്ട്.

ഇവയെ മൂന്നിനങ്ങളായി തിരിക്കാം.

1 സ്റ്റേററ് ഹൈവെ.
2 ജില്ലാറോഡ്. (M D R)
3 ഗ്രാമീണ മൺ റോഡുകൾ.

സ്റേററ് ഹൈവെയിൽപ്പെട്ട പാലക്കാട്- കോഴിക്കോട്- റോഡ് കി. മീ. 29. 600 മുതൽ 35 വരെയും കൊണ്ടോട്ടി ബൈപാസ് കി. മീ. 1 200 മുതൽ കി.മീ. 1.600 വരെയും (ആകെനീളം 5.800കി. മീ.) നമ്മുടെ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു.

ജില്ലാറോഡിൽപ്പെട്ട കൊണ്ടോട്ടി– അരീക്കോട് റോഡ് കി. മീ. 0. 400മുതൽ കി.മീ 2. 400 വരെ പഞ്ചായത്തിലെ ഒന്നാം വാർഡിലൂടെ കടന്ന് പോകുന്നു. ആകെ നീളം 2 കിലോമീററർ

മററുജില്ലാറോഡിൽപ്പെട്ട (O D R)നെടിയിരുപ്പ് ഹരിജൻ കോളനിറോഡ്, മുസ്ലിയാരങ്ങാടി, അറിമ്പ്ര റോഡിൻെറ ഒരുഭാഗം എന്നിവ ചേർന്ന് 7,400 കി.മീ ദൂരത്തിൽ ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്ന എയർപോർട്ടിൻെറ കിഴക്ക്ഭാഗം ചുററിവരുന്ന പുതിയ ബെൽററ് റോഡ് നിർമ്മാണ ഘട്ടത്തിലാണ്.

കേരളത്തിലെ പ്രധാന ഹരിജൻ കോളനികളിലൊന്നായ നെടിയിരുപ്പ് ഹരിജൻ കോളനിയിലേക്ക് 1957 ൽ L D works

നെടിയിരുപ്പിൽ നിന്നും 4.800 കി. മീ.നീള ത്തിൽ ആദ്യമായി റോഡുണ്ടാക്കി. പ്രസ്തുത റോഡ് 1965ൽ ടാറ് ചെയ്തു.

പിന്നീട് പലവർഷങ്ങളിൽ, പല ഘട്ടങ്ങളായി,

മുസ്ലിയാരങ്ങാടി-അരിമ്പ്ര റോഡ്.
മുസ്ലിയാരങ്ങാടി- ഒഴുകൂർ റോഡ്.
മേലെപറമ്പ്- ചിറയിൽ റോഡ്.
കോടങ്ങാട്- ചിറയിൽ, മുക്കൂട് റോഡ്.
കുറുപ്പത്ത്- പാലക്കാപറമ്പ് റോഡ്.
കോടങ്ങാട്- കുന്നത്ത് ഹരിജൻ കോളനി റോഡ്, മുതലായവയും.

അതിന്ശേഷം വിവിധ കാലങ്ങളിലായി പഞ്ചായത്തിലെ ഉദാരമനസ്കരായ മഹൽ വ്യക്തികൾ ദാനമായി വിട്ടുതന്ന സ്ഥലങ്ങളിലൂടെ വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെറുതും വലുതുമായ പല റോഡുകളും നിർമ്മിക്കുകയുണ്ടായിട്ടുണ്ട്.

ഇതിൽ P W D ഏറ്റെടുത്ത 15. 260 കി. മീററും പഞ്ചായത്ത് വകയിലുള്ള 4.125 കി മീററും ആകെ 19. 385 കി. മീററർ റോഡ് മാത്രമാണ് ടാറിട്ടിട്ടുള്ളത്. ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ നാം പിറകിലാണെന്നുകാണാം. ബാക്കി 81. 875 കി മീ ടാറിടാത്ത ഗ്രാമീണ മൺപാതകളാണ്.

## ഗതാഗത രംഗത്തെ പ്രധാന പ്രശ്നങ്ങൾ

സ്റ്റേററ് ഹൈവേ:-

നമ്മുടെ പഞ്ചായത്തിലെ ഏററവും ആദ്യത്തേതും ഏററവും പഴയതും കോഴിക്കോട്- പാലക്കാട് റോഡാണ്. 1935 ലാണിത് പണിതു തുടങ്ങിയത്. അമിതമായ വാഹന തിരക്ക് ഈ റോഡിലെ ഗതാഗതം ദുഷ്കരമാക്കിയിട്ടുണ്ട്. വേണ്ടത്ര വീതിയില്ലാ ഈ റോഡിലെ പല വളവുകളും സ്ഥിരം അപകട മേഖലയാണ്. കരിപ്പൂർ എയർപോർട്ട് സ്ഥാപിച്ചതുമുതൽ ഇതുവഴി വാഹനങ്ങളുടെ നിലക്കാത്ത പ്രവാഹമാണ്-വഴിയോര വർക്ക്ഷാപ്പുകളും-നിർമ്മാണ സാമഗ്രികളുടെ ശേഖരണം എന്നിവ കാൽനടക്കാർക്കും വാഹനങ്ങൾക്കും ഒരു പോലെ പ്രയാസങ്ങളുണ്ടാക്കുന്നു. ജലവിതരണ വകുപ്പ്, ടെലഫോൺ വകുപ്പ് എന്നിവർ ഇടക്കിടെ റോഡരികുകൾ വെട്ടിക്കീറിയിടുന്നത് കാരണം യാത്രക്കാരും വാഹനങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെയേറെയാണ്-ഇത് റോഡ് തകർച്ചക്കും കാരണമാകുന്നു.

## ജില്ലാറോഡ്

വൻ കയററിറക്കകളും കൊടും വളവുകളും കാരണം കൊണ്ടോട്ടി - അരീക്കോട് റോഡിലെ യാത്ര സുരക്ഷിതമല്ല. മററു ജില്ലാ റോഡുകളുടെ ഇനത്തിൽ പെടുന്ന NH കോളനി റോഡിൻെറ സ്ഥിതിയും ഒട്ടും മെച്ചമല്ല. ഈ ഇനത്തിൽ ആകെ 7 - 400 കി. മീ. റോഡാണുള്ളത്.

## ഗ്രാമീണ റോഡുകൾ

വിവിധ കാലങ്ങളിലായി വിവിധ സർക്കാർ വകുപ്പുകളുടെ വിവിധ പദ്ധതികളിലുൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഗ്രാമീണ മൺ റോഡുകൾ ഭൂരിപക്ഷം ശരിയായ വാഹന ഗതാഗതത്തിനു് അനുയോജ്യമല്ല. എങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ വളരെ സാഹസപ്പെട്ട ആളുകൾ ഇവയെ ആശ്രയിച്ചുവരുന്നുണ്ട്. ഈ ഇനത്തിൽ 4-125 കി. മീററർ മാത്രമാണ് ടാറിട്ടിട്ടുള്ളത്. ബാക്കിവരുന്ന 81-875 കീ. മീററർ അടിയന്തിരമായും ടാറിട്ട് ഗതാഗതയോഗ്യമാക്കേണ്ടതാണെന്ന് നമ്മുടെ ഗ്രാമസഭകൾ ശക്തിയായി നിർദ്ദേശിച്ചിട്ടുണ്ട്.

## നടപ്പാതകളും ഇടവഴികളും

പഞ്ചായത്തിൻെറ തലങ്ങും വിലങ്ങുമായി ഏകദേശം 25 കി. മീററർ നീളത്തിൽ നടപ്പാതകളുണ്ടെന്ന് കരുതാം. ഇവയിൽ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കോൺക്രീററ് ചെയ്തിട്ടുള്ളത് ഏകദേശം 6 കി. മീററർ മാത്രമാണ്.

## ഗതാഗത രംഗത്തെ സാദ്ധ്യതകൾ

N. H. കോളനി റോഡിനെ ഊരകം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതുകൊണ്ടും

ബൽററ്റോഡ് ചിറയിൽ നിന്ന്- മേലെപറമ്പ് വഴി മൂച്ചിക്കുണ്ടുമായി ബന്ധിപ്പിക്കുന്നതുകൊണ്ടും രണ്ട് സമാന്തരറോഡ് ശൃംഖല രൂപപ്പെടുത്താവുന്നതാണ്.

നിർമ്മാണത്തിലുള്ള ബൽററ് റോഡുമായി ചേർന്നുകിടക്കുന്ന ചിറയിൽ- കോടങ്ങാട് റോഡ്, പാലക്കപറമ്പ്- കുറുപ്പത്ത്- റോഡ് എന്നിവ വികസിപ്പിക്കുന്നതും പ്രയോജനകരമാണ്. കൂടാതെ വിശേഷാൽ ഗ്രാമസഭകമുഖേന നിർദ്ദേശിക്കപ്പെട്ട നാല്പത്തിയാറോളം ടാറിട്ട് അഭിവൃദ്ധിപ്പെടുത്തേണ്ട റോഡുകളും (അനുബന്ധം- I)പുതുതായി നിർമ്മിക്കേണ്ടറോഡുകളും (അനുബന്ധം II)സർക്കാർ, പഞ്ചായത്ത് സഹായങ്ങളും, ബഹുജന പങ്കാളിത്തവും ചേർത്തി നിർമ്മിക്കുന്നതുകൊണ്ട് ഗതാഗത രംഗത്ത് നമ്മുടെ പഞ്ചായത്തിന് വമ്പിച്ച നേട്ടം കൈവരിക്കാവുന്നതാണ്.

കാർഷിക, വ്യാവസായിക, വ്യാപാരാ വാണിജ്യനിർമ്മാണ മേഖലകളിലെല്ലാം ഇനിയങ്ങോട്ടുള്ള ഏതുതരം പ്രവർത്തനങ്ങൾക്കും അത്യാവശ്യമായ അടിസ്ഥാന സൗകര്യം ഗതാഗത മാർഗ്ഗമാണെന്നതിൽ തർക്കമില്ല. ഉല്പന്നങ്ങളും ഉപകരണങ്ങളും തലചുമടായി കടത്തികൊണ്ടു പോയിരുന്ന കാലം കഴിഞ്ഞ് പോയി. തേങ്ങയും, കപ്പയും, വലിയവലിയ കന്നക്കെട്ടുകളുമായി ഊടുവഴികളിലൂടെ കുതിച്ചുപൊയ്കൊണ്ടിരുന്ന കർഷക തൊഴിലാളികളുടെ യഥാർഥ പിൻഗാമികൾ ഗുഡ്സ് വണ്ടികളും പിക്കപ്പ് വാനുകളിലും ചരക്ക് കടത്തുന്നു. മിനി വാഹനങ്ങൾക്കെങ്കിലും സുഖമായ വീഥി ഒരുക്കിക്കൊടുക്കുയല്ലാതെ മറ്റൊരു നിവൃത്തിയുമില്ലാത്ത ഒരവസ്ഥയിൽ എത്തി നിൽക്കുകയാണ് നാം ഇന്ന്.

## ഗതാഗതം നിർദ്ദേശങ്ങൾ

1 സ്റ്റേററ് ഹൈവെ:-

1935ൽ സ്ഥാപിച്ച ഈറോഡ് പിന്നീടൊരിക്കലും വീതി കൂട്ടിയിട്ടില്ല. കാൽനടക്കാർക്ക് നടപ്പാതയില്ല. അടിയന്തിരമായും വീതി കൂട്ടി നാലുവരി ഗതാഗതം സ്ഥാപിക്കുക. നിലവിലുള്ള സ്ഥിരം അപകടമേഖലകളായ വളവുകൾ (മില്ലുംപടി- 20-ാം മൈൽ-മുസ്ലിയാരങ്ങാടി)വളവുതീർത്ത് ആവശ്യമായിടത്തൊക്കെ കുട്ടികൾക്കും, യാത്രക്കാർക്കും റോഡ് മുറിച്ചുകടക്കാൻ സ്ഥലം നിർണ്ണയിക്കുക.

ആവശ്യമായിടത്തൊക്കെ ഓവുചാലുകൾ നിർമ്മിക്കുകയും അടഞ്ഞുകിടക്കുന്ന ചാലുകളും ഓവുകളും തുറന്നുകൊടുക്കുക നിലവിലുള്ള നീർചാലുകൾ സംരക്ഷിച്ചുകൊണ്ട് ആവശ്യമുള്ളിടത്തൊക്കെ സൈഡ് കെട്ടിഉറപ്പിച്ച് റോഡ് യഥാവിധി സംരക്ഷിക്കേണ്ടതുണ്ട്.

അമിത വേഗത നിയന്ത്രിക്കാനും പരിശോധിക്കാനും വേണ്ട സംവിധാനങ്ങൾ അടിയന്തിരമായും ഏർപ്പെടുത്തേണ്ടതുണ്ട്. വാഹന ബാഹുല്യം കൊണ്ട് വിഷമിക്കുന്ന ഈ റോഡിന്റെ ഓരത്ത് പ്രവർത്തിക്കുന്ന മോട്ടോർ വർക്ക് ഷോപ്പുകളുടെ റോഡ്കൈയേറിയുള്ള പ്രവർത്തനം തടയുക. കെട്ടിട നിർമ്മാണ സാമഗ്രികളും മററും കൂട്ടിയിട്ട് ഗതാഗതത്തിനു് പ്രയാസം ഉണ്ടാക്കുന്നവരെ കാലോചിതമായി ശിക്ഷിക്കുക. പ്രകടനങ്ങൾക്കും, ജാഥകൾക്കും കർശന നിയന്ത്രണം ഏർപ്പെടുത്തുക. വാഹനങ്ങളുടെയും ജീവനക്കാരുടെയും കാര്യക്ഷമത ഉറപ്പ് വരുത്തുക. ആവശ്യമായിടത്തൊക്കെ റോഡ് സിഗ്നലുകൾ കൃത്യമായും വൃത്തിയായും സ്ഥാപിക്കുക സിഗ്നൽ ലംഘിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുക എന്നിവയൊക്കെ നടപ്പിലാക്കാവുന്ന നിർദ്ദേശങ്ങളാണ്.

ജലവിതരണത്തിനും, ടെലിഫോൺ കേബിളുകൾ സ്ഥാപിക്കുന്നതിനുമായി കാൽനടക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നവിധം റോഡരികുകൾ മാസങ്ങളോളം കിളച്ചിടുന്ന ഇന്നത്തെ രീതിമാററി വകുപ്പുകൾ മുൻകൂട്ടി ആലോചിച്ച് പണികൾ അതതു ദിവസം തീർക്കത്തക്ക വിധം ക്രമീകരിക്കുക.

## ജില്ലാറോഡ്:-

കാണ്ടോട്ടി- അരീക്കോട് റോഡ് ജംഗ്ഷനിൽ പതിവായി അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് ഒഴിവാക്കാനും അപകട സാദ്ധ്യതയേറിയ പ്രസ്തുത റോഡിലുള്ള ഗതാഗതം വൺ-വേ ആക്കാനും നിലവിൽ നാലുമീററർ വീതിയുള്ള കാളോത്ത്- കുറുപ്പത്ത് റോഡ്

ബൈപാസാക്കി വികസിപ്പിക്കുന്നത്കൊണ്ട് സാധിക്കുന്നതാണ്. ഇതിന്റെ ആകെദൂരം 800 മീററർ മാത്രമാണ്.

എയർപോർട്ട് വികസിപ്പിക്കുന്നതുമൂലം അടച്ചിടുന്ന കൊണ്ടോട്ടി- മേലങ്ങാടി- തിരൂരങ്ങാടിറോഡ്– നെടിയിരുപ്പ് പഞ്ചായത്തിലെ 9-10- വാർഡുകളിലൂടെ തിരിച്ചുവിടുന്ന പ്രവർത്തി നടന്നുവരികയാണ്. പ്രസ്തുത ബെൽററ് റോഡ് മേലെപറമ്പുമായും– കോടങ്ങാട്, കുറുപ്പത്ത് എന്നിവയുമായും ബന്ധിപ്പിക്കേണ്ടതാണ്.

## ഗ്രാമീണറോഡുകൾ:–

ഗ്രാമീണ മൺപാതകൾ രൂപപ്പെടുത്താൻ നിലവിലുള്ള വീതിപരിധിവ്യവസ്ഥ എടുത്തുകളയേണ്ടതാണ്. വാഹന ഗതാഗതത്തിന് മതിയായ വീതിയുള്ള എല്ലാറോഡുകളും ടാറിട്ട് വാഹന ഗതാഗത യോഗ്യമാക്കേണ്ടതാണ്.എട്ട്മീററർ വ്യവസ്ഥ പാലിക്കാൻ കഴിയാത്തതിന്റെ പേരിൽ പലമൺപാതകളും ദശകങ്ങളായി വികസിപ്പിക്കാനോ– ടാറിടാനോ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ മുഴവൻ റോഡുകളുടെ മാപ്പ്(MAP,)നീളം, വീതി, കലുങ്കുകൾ, അഴുക്കുചാലുകൾ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം കടന്നുപോകുന്ന പ്രദേശം എന്നിങ്ങനെ അത്യാവശ്യവിവരങ്ങൾ ഉൾകൊള്ളിച്ച് റോഡ് റജിസ്റ്റർ പുതുക്കേണ്ടതാണ്. റോഡ് കാര്യങ്ങൾക്കായി പ്രത്യേകം വിഭാഗം തന്നെ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

ഗ്രാമീണജീവിതത്തിന്റെ നാഡീവ്യൂഹങ്ങളായ ഇത്തരം പാതകൾ മാത്രമാണ് ഉൾനാടുകളിലേക്കുള്ള വികസനപാതകൾ എന്നവസ്തുത മറന്നുകൂടാ.

## ഇടവഴികൾ:-

കുണ്ടും കുഴികളും മാററി പഞ്ചായത്തിലെ ഇടവഴികളൊക്കെയും സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. കല്ലിട്ട് ഉറപ്പുവരുത്തിയും കോൺക്രീററ് ചെയ്തും ഇവയെ സംരക്ഷിക്കേണ്ടതുമുണ്ട്.

നെടിയിരുപ്പ് പഞ്ചായത്തിന്റെ പടിഞ്ഞാറെ അററം കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കരിപ്പൂർ വിമാനത്താവളത്തിന്റെ റൺവെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നത്. വ്യോമഗതാഗത്തിൽ മലബാറിന്റെ ചിറകുകളുടെ ഒരററം നമ്മുടെ പഞ്ചായത്തിലാണെന്ന കാര്യവും സ്മരണീയമാണ്.

### ഗതാഗതം

അനുബന്ധം 1

ഗ്രാമീണ റോഡുകൾ ടാറിട്ട് അഭിവൃദ്ധിപ്പെടുത്തേണ്ടവ.

| വാർഡ് നമ്പർ. | റോഡിന്റെ പേരു്. | ദൂരം. |
|---|---|---|
| I | കുറുപ്പത്ത്– കാളോത്ത് | 0.800 കി.മീററർ |
| | ഒന്നാംമൈൽ കൊട്ടുക്കര ഹൈസ്കൂൾ | 1.800 ,, |
| | കാളോത്ത്-ചോലക്കൽ | 1.000 ,, |
| II | കൊട്ടുക്കര–ചെറാട്ട്-കരിമ്പനതോട്ടം | 2½ ,, |
| | ചെറാട്ട്-മുണ്ടശ്ശേരിപറമ്പ്. | |
| | കോടങ്ങാട്–കുന്നത്ത് ഹരിജൻ കോളനി | |
| | കൊട്ടുക്കര ഹൈസ്കൂൾ–മുണ്ടക്കോട് | |
| | വില്ലേജ് ആഫീസ്—കുന്നത്ത് ഹരിജൻകോളനി | |
| | കുന്നത്ത് ഹരിജൻകോളനി—ചേനോത്ത്ചോല-കൊട്ടെപറമ്പ്. | |
| | പോക്കുന്നത്ത്—ആര്യമ്പിൽ. | |
| III | പൊയിലികാവ്—കുമ്പളപാറ ഹരിജൻ കോളനി | 3 കി. മീ. |
| | കോളനിറോഡ്—നൊട്ടണംപാറ ഹരിജൻകോളനി വഴി ഒഴുകൂർ | 2½ കി.മീ. |
| | ചാരംകുത്ത്—പനക്കപറമ്പ്—ചുണ്ടക്കാട്—കാരാട്ട്കുണ്ട് | 1 കി. |

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം |
|---|---|---|
| IV | വെള്ളാട്ട് പുറായ്—20-ാം മൈൽ | |
| | മില്ലുംപടി—പനക്കപറമ്പ് | |
| V | കയനിക്കര—കല്ലംകുത്ത് | |
| | മുസ്ലിയാരങ്ങാടി—കപ്പിയോടം—ഒഴകൂർ. | |
| | കല്ലംകുത്ത്—ചോലമുക്ക് സ്കൂൾ | |
| | 5 കണ്ടം—പേർകുത്ത് | |
| | പോത്തുവെട്ടിപ്പാറ—ചെമ്പാല | |
| | പോത്തുവെട്ടിപ്പാറ-കുണ്ടേങ്ങാട്ട് | |
| VI | മുസ്ല്യാരങ്ങാടി—മൂച്ചിക്കണ്ട് കോളനി | |
| | കയനിക്കര—കല്ലംകുത്ത്—ചോലമുക്ക്—ലക്ഷംവീട് | |
| | മുസ്ലിയാരങ്ങാടി—ചിങ്ങത്ത് പള്ളിയാളി—കല്ലംകുത്ത് | |
| | ചോലമുക്ക് പള്ളി —വൈത്തലതൊടി | |
| | മണ്ണാരംകുന്നത്ത്പാറ—കൊററങ്ങോട്മുക്ക്—മില്ലംപടി | |
| | വിരുത്തിപള്ളിയാളി—താമരകുന്നത്ത് ചോല | |
| | കൊററങ്ങോട്മുക്ക്—പുല്ലിത്തൊടി | |
| | താന്നിക്കാട്ട് അരു—പള്ളിയാളിതൊടി, കാവുങ്ങൽ മദ്രസ്സ | |
| VII | മേലെപറമ്പ്—ചെറളകുണ്ട് | 1.500 കി. മീ |
| | മൂച്ചിക്കണ്ട്—മുസ്ല്യാരങ്ങാടി | 1.500 ,, |
| | N H കോളനി—ചെരുപ്പടിയ | 0.250 ,, |
| | N H കോളനി—ഊരകം | 1.500 ,, |
| VIII | ചിറയിൽ ചുങ്കം—മേലെപറമ്പ് | |
| | ചിറയിൽ ചുങ്കം—കുണ്ട്കുളിൽ | |
| | കുഴിക്കപ്പാറ—കിഴക്കെ ചുങ്കം—തുമ്പേരിപാറ | |
| | കോളനിറോഡ്—കാവുങ്ങൽ—മില്ലുംപടി | |
| | ചിറയിൽ പോസ്റ്റാഫീസ്—തുമ്പേരിപാറ | |
| | മേലെപറമ്പ്—തുമ്പേരി | |
| | മുക്കൂട്ട് അങ്ങാടി—കൊണ്ടോതിപാടം | |
| | കോട്ടാശ്ശേരി—കരുവാൻകല്ല് | |
| | മുക്കൂട്ട്—കളത്തിങ്ങൽ | |
| | മേലെപറമ്പ്—പൊതുശ്മശാനം | |
| | മുക്കൂട്ട് കുണ്ടുകൂളിൽ ഗ്രസാമ്പ്യ | |
| | കൂന്തലവളവ്—കക്കാട്ട്അരു | |
| IX | കററിയോളം—പള്ളിയാളി | |
| | കൂലിരി ജംഗ്ഷൻ—മേക്കാട്ട് | |
| | പടിക്കൽ പള്ളി—മണ്ണാൻകണ്ടി കാക്കാട്ട് | |
| X | കുറുപ്പത്ത്—പാലക്കാപറമ്പ് | |
| | കോയങ്ങാടി—മണ്ണാരിൽ | |
| 46 | മേക്കാട്ട്—മണ്ണാരിൽ | |
| | മേക്കാട്ട്—കുന്നത്ത്പറമ്പ് | |

## ഗതാഗതം

### അനുബന്ധം II

ഗ്രാമസഭകൾ നിർദ്ദേശിച്ച പുതുതായി ഉണ്ടാക്കേണ്ട റോഡുകൾ (മൺപാതകൾ)

| വാർഡ് നമ്പർ | റോഡിന്റെ തുടക്കവും-എത്തിചേരുന്ന സ്ഥലവും | ഏകദേശം നീളം |
|---|---|---|
| I | കുറുപ്പത്ത്-പള്ളിപ്പുറം | |
| | പള്ളിപ്പുറം-മാതേരി | |
| | കാളോത്ത് ചോല-അത്തംപള്ളിയാളി | |

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം |
|---|---|---|
| | കാളോത്ത്-കണ്ണപ്പൻകുഴി-കൊരലാരക്കൽ | |
| | കാളോത്ത് LP സ്കൂരം-ചൊണേങ്ങൽ-വില്ലേജ് ആഫീസ് | |
| | കാളോത്ത്-ഇല്ലംകണ്ടി | |
| | ഇല്ലംകണ്ടി-ചൊണേങ്ങൽ | |
| | ഒന്നാംമൈൽ-അച്ചുതൊടിക | |
| | ഒന്നാംമൈൽ തേവുന്ന് | |
| II | ഇരുത്തൊടിക-ചേനോത്ത്ചോല | |
| | കോടങ്ങാട്-ചേനോത്ത്ചോല | |
| | മുണ്ടക്കോട്ട് ചെറാട്ട് | |
| | അച്ചുതൊടിക കരിമ്പനതോട്ടം | |
| III | | |
| IV | മേലെചാരംകുത്ത്-പനക്കപറമ്പ്. | |
| | ചാരംകുത്ത്- മേലത്തികുന്നത്ത്. | |
| | ചീനിതൊടി- പൂളക്കപറമ്പ്. | |
| | മെയിൻറോഡ്- അമ്പലകുളം. | |
| | - പാലേക്കോട്- | |
| | പാതിരിക്കാട്- അക്കര. | |
| V | പോത്തുവെട്ടിപ്പാറ- ചെമ്പാല- ഒഴകൂർ [ബാക്കിഭാഗം] | |
| | കുണ്ടേങ്ങാട്- മുറിത്തോട്- അരിമ്പ്രറോഡ്. | |
| | മാനാതൊടി- അരിമ്പ്രറോഡ്. | |
| | പൂവ്വത്തിക്കൽ- കയനിക്കര-കല്ലംകുത്ത്. | |
| | മെയിൻറോഡ്-അഞ്ചുകണ്ടം-പേർകുത്ത്-ഒഴകൂർറോഡ്. | |
| | അഞ്ചുകണ്ടം- ഒഴകൂർറോഡ്. | |
| | പുള്ളിശ്ശേരികുത്ത്-ഒഴകൂർറോഡ്. | |
| | കല്ലംകുത്ത്- ചോലമുക്ക്സ്കൂരം -അവറാൻകുന്ന്-അരിമ്പ്രറോഡ്, | |
| | കാളങ്ങാട്-തൊട്ടിത്തൊടി-മാനാതൊടി അരിമ്പ്രറോഡ്. | |
| | കയനിക്കര-ചെമ്പാല. | |
| | ചോലമുക്ക്-പുളിയത്ത് അരു, അരിമ്പ്രറോഡ്. | |
| | പുളിയത്ത്അരു-മുറിത്തോട്. | |
| VI | കുത്തുക്കാട്ട്-ചിങ്ങത്ത്പള്ളിയാളി-എളേററിൽലിങ്ക്. | |
| | മഠത്തിൽപടി-ചിങ്ങത്ത്പള്ളിയാളി. | |
| | മുസ്ലിയാരങ്ങാടിമേലെബസ്സ്സ്റേറാപ്പ്-അരിമ്പ്ര ലിങ്ക്. | |
| | ചാഞ്ഞിലാക്കൽ- പാറക്കൽ- ലക്ഷംവീട്. | |
| | കൊററങ്ങോട്ടുപുറായ്—നെറുവിൽപാറ | |
| | ഭ്രാന്തൻകാവ്-പൊററമ്മൽ | |
| | പുല്ലിത്തൊടി-20-ാം മൈൽ | |
| | കൊററങ്ങോട് മുക്ക്-മല-ഹരിജൻ കോളനി ലിങ്ക് | |
| VII | ചെറളകുണ്ട്-ക്രഷർവഴി-NH കോളനി | |
| | മൂച്ചിക്കുണ്ട് – ഇരട്ടത്തോട് | |
| | പൂളക്കച്ചാൽ– ചെറളകുണ്ട് | |
| | ഇരട്ടത്തോട്–നരിമട–മുസ്ലിയാരങ്ങാടി | |
| | കാഞ്ഞിരത്തിങ്ങൽ-ചെറളക്കുണ്ട് | |
| | തുമ്പേരിപാറ-കരിമ്പിൽ-കോട്ടാശ്ശേരി | |
| VIII | ചിറയിൽചുങ്കം–പൊതുസ്മശാനം | |
| | മണ്ണാന്റെ ഇടവഴി–മേലെപറമ്പ് | |
| | കക്കാട്ട് അരു-കോളനിറോഡ് | |
| | ചിറയിൽ ചുങ്കം-കക്കാട്ട് ഇടവഴി | |
| | തരിപ്പക്കളം-കോട്ടാശ്ശേരി | |

| | |
|---|---|
| | ചിറയിൽ ചുങ്കം - തൊട്ടിപ്പുറം–ചോലങ്ങോട്ട് പറമ്പ് |
| | മോൽവിലാക്കൽ-കോട്ടാശ്ശേരി |
| IX | നീളംപാറപടി–പള്ളിയാളി |
| | കൊട്ടക്കര-കക്കാട്ട് |
| | വടക്കീൽ—ചിറയിൽ ചുങ്കം |
| | കോടങ്ങാട് ചിറയിൽ ചുങ്കം—കുറുപ്പത്ത്—പാലക്കാപറമ്പ് ലിങ്ക് |
| | വടക്കിൽ പള്ളിയാളി—വടക്കീൽ പു ായി |
| | നെഗിൽകുണ്ട് – വടക്കിൽ പുറായി |
| | ഇല്ല്യംപറമ്പ് — പള്ളിയാളി |
| | ബെൽററ്റോഡ് - പടിഞ്ഞാറീൽ—ചെറളതൊടി—കോടങ്ങാട് |
| | കൊട്ടക്കര—തെങ്ങിൻതറ പള്ളിയാളി |
| | ഹൈസ്കൂൾപടി—ആയേങ്ങരപള്ളിയാളി |
| | വടക്കീൽപുറായി ചങ്ങരംപള്ളിയാളി |
| | പൂളക്കൽ—പമ്പ് ഹൗസ് |
| | പള്ളിയാളി—കാര്യംപുറത്ത് പാറ വടക്കീൽ പുറായ് |
| X | |

## ഗതാഗതം

അനുബന്ധം III

ഫുട്ട്പാത്തുകൾ ഇടവഴികൾ അഭിവൃദ്ധിപ്പെടുത്തേണ്ടവ

| വാർഡ് | | പേര് | ഏകദേശദൂരം |
|---|---|---|---|
| II | | ചെറാട്ട്—മുണ്ടശ്ശേരി | |
| | | കൊട്ടക്കര – ആര്യമ്പിൽ | |
| | | കൊട്ടക്കര—കാരിമുക്ക്-അത്താണിക്കൽ | |
| | | മച്ചിയാംകുന്ന്ചോല—പടിപ്പുകണ്ടം | |
| III | | കുണ്ടുകണ്ടം-മരക്കാട്ടുപുറം | |
| | | കുന്നത്ത്–നൊട്ടണംപാറ | |
| | | കൊട്ടക്കര-കാരിമുക്ക് റോഡിലേക്ക് | |
| | | താമുളിപറമ്പ് ഇടവഴി | |
| V | 1 | നെച്ചിതടം പാറക്കുഴി-പൂഞ്ചോലപാറ ഫുട് പാത്ത് | |
| | 2 | അച്ചുകണ്ടം—ഒഴകൂർറോഡ് ഫുട് പാത്ത് | |
| | 3 | വട്ടിയാർകുന്ന്—പൂഞ്ചോലക്കൽ ഫുട്പാത്ത് | |
| | 4 | ഒഴകൂർ റോഡ്—പുളിശ്ശീരികണ്ട് ,, | |
| | 5 | കയനിക്കര—ചെമ്പാല ഫുട്പാത്ത് | |
| | 6 | പോത്തട്ടിപ്പാറ—ചെനക്കപ്പറമ്പ് ഫുട്പാത്തുകൾ | |
| | 7 | കാളങ്ങാട്ടിടവഴി—മൊടാംതൊടി ഫുട്പാത്തുകൾ | |
| | 8 | കമ്മിളികുന്നത്ത് ഫുട്പാത്ത് | |
| | 9 | കുണ്ടേണ്ടാട്ട് മുറിത്തോട് ഫുട്പാത്തുകൾ | |
| | 10 | | |
| VI | | കുത്തുക്കാട്ട് -കരണ്ടക്കാട്ട്. | |
| | | അയ്യപ്പൻപോക്ക്— പൂക്കോൾ— വാട്ടർ ടാങ്ക് | |
| | | പുല്ലിത്തൊടി— 20—ാംമൈൽ. | |
| VII | | മാരാം കണ്ടി ഇടവഴി. | |
| | | ചിറയിൽ പോസ്റ്റാഫീസ്—ഓണകുണ്ട്. | |
| | | കരുമാനത്ത് —ഇടവഴി. | |
| | | കോട്ടാശ്ശേരി—പള്ളിക്കൽ പഞ്ചായത്ത് അതൃത്തി. | |
| | | കോൽപറമ്പത്ത് അരു—കൊട്ടക്കര. | |
| | | കക്കാട്ട് അരു – തട്ടാൻപടി | |

പുതിയ പാലങ്ങൾക്കുള്ള നിർദ്ദേശം. അനുബന്ധം IV

| വാർഡിന്റെ നമ്പർ | | സ്ഥലം |
|---|---|---|
| II | 1 | ചേനോത്ത് ചോലയിൽ ഒന്ന്-കോൺക്രീററ്—ഫൂട്പാത്ത് |
| | 2 | മച്ചിയാം കുന്ന് ചോല ഒന്ന് ,, ,, |

## ഊർജ്ജം

1957ന് മുമ്പുവരെ നമ്മുടെ പഞ്ചായത്തിൽ വിളക്കുകത്തിക്കാൻ ആവണക്കെണ്ണ, വെളിച്ചെണ്ണ, മണ്ണെണ്ണ എന്നിവയായിരുന്നു ഉപയോഗിച്ചിരുന്നത് വിറകടുപ്പുകളെ കുറിച്ചല്ലാതെ മറെറാന്നിനെകുറിച്ചും അക്കാലത്ത് ആരും ചിന്തിച്ചിരുന്നില്ല. ഒന്നോരണ്ടോ വീടുകളിൽമാത്രം ജനറേററോ ബാററിയോഉപയോഗിച്ച് വൈദ്യുതിവിളക്കുകൾ കത്തിച്ചിരുന്നത് അക്കാലത്ത് ആളുകൾ വളരെ കൗതുകത്തോടെ യാണ് കണ്ടിരുന്നത്.

1957ന് ശേഷമാണ് നമ്മുടെ പഞ്ചായത്തിലൂടെ വൈദ്യുതി ലൈൻ സ്ഥാപിക്കാൻ തുടങ്ങിയത്. കൊണ്ടോട്ടി അങ്ങാടിയിൽ അന്ന് ആകെ ഉണ്ടായിരുന്ന ഒരുട്രാൻസ്ഫോർമറിൽ നിന്ന് കോടങ്ങാട് വരെയും നമ്മുടെ പഞ്ചായത്തിൽ ഏററവും ആദ്യം സ്ഥാപിക്കപ്പെട്ട ചാരംകുത്ത് ട്രാൻസ്ഫോർ മറിൽ നിന്ന് ബാക്കി ഭാഗങ്ങളിലും വൈദ്യുതി വിതരണം ചെയ്തു പോന്നു. വിരലിലെണ്ണാവുന്ന വീടുകൾ മാത്രമാണ് അന്നും വൈദ്യുതീകരിക്കപെട്ടിരുന്നത്. വകുപ്പുദ്യോഗസ്ഥർ നാട്ടുകാരെ വീടുകൾ വൈദ്യുതീകരിക്കുന്നതിനായി പ്രേരിപ്പിക്കുമായിരുന്നു അന്നൊക്കെ. ഉൽപാദനം കൂടുതലും വിതരണം കാര്യക്ഷമവും ഉപഭോഗം കുറവുമായിരുന്ന അക്കാലങ്ങളിൽ വൈദ്യുതി ക്ഷാമവും ലോഡ്ഷെഡിഗും പവർകട്ടും എന്താണെന്നറിഞ്ഞിരുന്നില്ല.

1977 ന് ശേഷം നമ്മുടെ പ്രദേശങ്ങളിൽനിന്നും ഒട്ടുവളരെ പേർ വിദേശങ്ങളിലെത്തിപ്പെടുകയും നാട്ടുമ്പുറങ്ങൾ പൊതുവെ സാമ്പത്തികാഭിവൃദ്ധി നേടുകയും ചെയ്തതോടെ സ്ഥിതിഗതികൾ മാറിതുടങ്ങി. നല്ലൊരു വീടുണ്ടാക്കുക. വൈദ്യുതിയടക്കം കിട്ടാവുന്ന സൗകര്യങ്ങളൊക്കെ സ്ഥാപിക്കുക എന്നീകാര്യങ്ങൾക്ക് മുൻഗണന വന്നു. വൈദ്യുതീകരിച്ച വീടുകൾവർദ്ധിച്ചതനുസരിച്ച് വോൾട്ടേജ്ക്ഷാമവും അനുഭവപ്പെട്ട്തുടങ്ങി. ഗാർഹിക, കാർഷിക, വ്യാപാര, വ്യാവസായിക, രംഗങ്ങളിലൊക്കെ വൈദ്യുതിയുടെ ആധിപത്യം നിലനിന്നു കഴിഞ്ഞിരുന്നു.

അതുപോലെ മുൻകാലങ്ങളിൽ മലകളിൽ നിന്നു് സുലഭമായി വിറക് ലഭിച്ചിരുന്നു. മലയിൽപോയി വിറക് ശേഖരിച്ച് കെട്ടുകെട്ടായി അങ്ങാടികളിലെത്തിച്ച് വിൽപ്പന നടത്തിയിരുന്ന കാലമൊക്കെ ഓർമ്മമാത്രമായി തീന്നിരിക്കുന്നു. വിറകിൻെറലഭ്യതകുറയുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്തതോടെ ചകിരി, ചിരട്ട മരപ്പൊടി എന്നിവയൊക്കെ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ഊർജ്ജ ക്ഷമമല്ലാത്ത പഴയനാടൻഅടുപ്പുകൾക്ക് മുകളിൽ ചിമ്മിനി രൂപപ്പെടാൻ തുടങ്ങി. പുകയില്ലാത്തഅടുപ്പുകളും മണ്ണെണ്ണസ്ററൗവുകളും അടുക്കളകളിൽ സ്ഥാനം നേടി. ഹീററുകളും ഗ്യാസടുപ്പുകളും സ്ഥാനം നേടി ക്കൊണ്ടിരിക്കുകയാണിന്ന്.

## വൈദ്യുതീരംഗം പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള 2887 വീടുകളിൽ 2400 എണ്ണം വൈദ്യുതീകരിച്ചവയാണ് എന്നാൽ പഞ്ചായത്തിൽ ഒട്ടുവളരെ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത. നമ്മുടെ വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇനിയും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത അത്തരം പ്രദേശങ്ങളുടെ പേര് വിവരം വാർഡടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധം 1 ൽ കൊടുത്തിട്ടുണ്ട്.

ഗ്രാമസഭകൾ പൊതുവെ ഉന്നയിച്ചിട്ടുള്ള മറെറാരു പ്രധാന പ്രശ്നമാണ് വോൾട്ടേജ് കുറവ്. കാർഷിക, ഗാർഹിക, വ്യവസായ, വ്യാപാര മേഖലകളിലൊക്കയും വോൾട്ടേജ് ക്ഷാമം പ്രതിഫലിക്കുന്നുണ്ട്. പതിനേഴോളം ട്രാൻസ്ഫോർമറുകൾ നമ്മുടെ പഞ്ചായത്തിൻറ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും വോൾട്ടേജ് പ്രശ്നം കാര്യമായ ഒരു പോരായ്മയായി നിലനില്ക്കുന്നു. ആവശ്യാനുസരണമായ ഉല്പാദനമോ, വിതരണമോ. മററുസേവനങ്ങൾ നല്കുന്നതിലോ സംസ്ഥാന വൈദ്യുതി വകുപ്പിന് സാധിച്ചിട്ടില്ലെന്നത് ഒരു വസ്തുതയാണ്.

നമ്മുടെ അടുത്തപ്രദേശങ്ങളിലോ-ജില്ലയിൽ എവിടെയെങ്കിലുമോ വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നില്ലാ എന്നതിനാൽ വിദൂര ജില്ലകളിൽ നിന്നും, അന്തർ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന വൈദ്യുതിയെ മാത്രം ആശ്രയിച്ചാണ് നമുക്ക് കഴിഞ്ഞുകൂടേണ്ടിവരുന്നത് ഇത് ഏററവും വലിയ ഒരു പ്രശ്നമാണ്.

വൈദ്യുതി വിതരണ രംഗത്ത് നിലവിലുള്ള വളരെ പഴകിയ ഉപകരണങ്ങളും ലൈനുകളും പരിമിതമായ ജീവനക്കാരും മററു പോരായ്മകളാണ്. കേടുവന്ന മീററുകൾ, മരച്ചില്ലകളിൽ തട്ടി ആടിയുലയുന്ന ലൈനുകൾ എന്നിവ വകുപ്പിനുണ്ടാക്കുന്ന നഷ്ടം എത്രയോ ഭീമമാണ്.

മുപ്പത്തിരണ്ടോളം വൈദ്യുതീകൃത ചെറുകിട വ്യവസായ യൂനിററുകളും ഒട്ടനവധി വ്യാപാര സ്ഥാപനങ്ങളും തെരുവുവിളക്കുകളും വൈദ്യുതി കുഴപ്പം കാരണം വമ്പിച്ച നഷ്ടം

നേരിട്ടുകൊണ്ടിരിക്കുകയാണ്. പിടിച്ചു നിൽക്കാൻ വേണ്ടി പലയൂനിററുകളും ജനറേററുകൾ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇത് മൂലം ഉൽപാദന ചിലവ് കൂടുകയും യൂനിററ് തകർച്ചയെ അഭിമുഖീകരിക്കുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൽ എല്ലാ ഭാഗത്തും ക്രമമായി വൈദ്യുതി എത്തിക്കാൻ കിശ്ശേരി സബ്സ്റ്റേഷനുമായി ബന്ധിപ്പിച്ചിട്ടുള്ള നിലവിലുള്ള 11KV ലൈനുകൾ പര്യാപ്തവുമല്ല. പഞ്ചായത്തിലെ പല ഭാഗത്തും ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ടെങ്കിലും ലൈൻ വലിക്കാതെന്തുചെയ്യും.

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടികയും, ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയും (വാർഡടിസ്ഥാനത്തിൽ) അനുബന്ധം 2ൽ ചേർത്തിട്ടുണ്ട്.

### തെരുവ്‌വിളക്കുകൾ

തെരുവ് വിളക്കുകൾ കത്തിക്കാനായി നമ്മുടെ പഞ്ചായത്ത് പ്രതിവർഷം നാല്പതിനായിരത്തോളം രൂപ ചിലവഴിക്കുന്നതായിട്ടാണ് കണക്ക് എങ്കിലും നമ്മുടെ ഗ്രാമ സഭകളൊക്കെയുംതെരുവ് വിളക്ക് ശരിയായികത്താത്തതിനെകുറിച്ചാണ് പരാതിപ്പെട്ടിട്ടുള്ളത്. 11 സോഡിയം വിളക്കുകളും 130 ലധികം ബൾബുകളും ട്യൂബുകളും നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും പതിവായി കത്താറില്ലെന്നതുമാണ് വസ്തുത.

### വൈദ്യുതി സാദ്ധ്യതയും പരിഹാര നിർദ്ദേശങ്ങളും

വൈദ്യുതി രംഗത്ത് ഉല്പാദനത്തിലും ഉപഭോഗത്തിലും ഇന്നു നിലനില്ക്കുന്ന വൻ വിടവ് നികത്താനായി വളരെ ദീർഘ ദൃഷ്ടിയോടു കൂടിയ പ്രവർത്തനങ്ങളാണ് വേണ്ടത്. അനുയോജ്യമായ ഏതുതരം ഉല്പാദന പദ്ധതിയും നടപ്പിൽ വരുത്താൻ ബഹുജന പങ്കാളിത്തവുംവിഭവസമാഹരണവുംനിർലോഭംലഭിക്കുമെന്നതിൽ സംശയമില്ല. ശരിയായ ചുവടുവെപ്പാണ് അടിസ്ഥാന പരമായ പ്രശ്നം. ഈ രംഗത്ത്ജില്ല ബ്ലോക്ക് പഞ്ചായത്ത അടിസ്ഥാനത്തിലോ നമ്മുടെആവശ്യംപൂർണ്ണമായുംനിറവേററാൻ കഴിയുന്ന ഏതെങ്കിലും ഒരുവൈദ്യുതി ഉല്പാദന കേന്ദ്രം ആരംഭിക്കേണ്ട ആവശ്യം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

കീഴിശ്ശേരി സബ്സ്റേറഷനിൽ നിന്ന് നമ്മുടെ പ്രദേശത്തേക്ക് വിതരണം നടത്തുന്ന നിലവിലുള്ള 11KVലൈനിന് താഴെതന്നെ ഒരു അഡീഷനൽ ലൈൻ കൊണ്ടുവന്നു് വൈദ്യുതി ക്ഷാമംഅനുഭപ്പെടുന്ന സ്ഥലങ്ങളിൽ പുതിയട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കാര്യക്ഷമമായി വിതരണം നടത്താനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

തുടക്കത്തിൽ മുടക്കുമുതൽ ഒരൽപം കൂടുമെങ്കിലും വീടുകളിലും പൊതുസ്ഥലങ്ങളിലും വെളിച്ചത്തിനും മററു ഉപയോഗത്തിനും സൗരോർജ്ജം പ്രോത്സാഹിപ്പിക്കേണ്ടതാണ്

ഒററപ്പെട്ടുകിടക്കുന്ന വിദൂരസ്ഥലങ്ങളിൽ കാററിൽ നിന്നു് വൈദ്യുതി ഉല്പാദിപ്പിച്ചു (മുസ്ലിയാ ങ്ങാടിയിലെ ചെമ്പാല മൂച്ചിക്കുണ്ടിലെ അടയാളം പാറ)വിതരണംനടത്തുക. ലഭ്യമായ ചെറുവെള്ളച്ചാട്ടങ്ങൾ ഉപയോഗപ്പെടുത്തി അനുയോജ്യമായ സ്ഥലങ്ങളിൽ മിനി ജലവൈദ്യുത പദ്ധതികൾ തുടങ്ങുക (ഉദാഹരണം ചേനോത്ത്ചോല, മൂച്ചികുണ്ട്)വൈദ്യുതിവിതരണരംഗത്ത് ഇന്നുള്ള പോരായ്മകൾ നികത്തി വിതരണരംഗം കുററമററതാക്കുക. ജീവനക്കാരുടെ കുറവ് നികത്തുക വിതരണരംഗംകർശനമായി നിരീക്ഷിക്കുകയുംതകരാറുകളും പോരായ്മയും മുൻകൂട്ടി കണ്ടെത്തി അവ പരിഹരിക്കുക

മിക്ക ഗ്രാമസഭകളും നിലവിലുള്ള സിംഗിൾഫെയ്സ് ലൈനുകൾത്രീഫെയ്സാകിമാററാൻനിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെപട്ടിക അനുബന്ധം IIIൽ കൊടുത്തിട്ടുണ്ട്. ഫെയ്സ് വർദ്ധനയും പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കലും സമയബന്ധിതമായി നടപ്പിലാക്കേണ്ട കാര്യങ്ങളാണ്.

വീട് വയറിംഗ് നടത്തി ആവശ്യമായ പണമടച്ച് കണക്ഷനും വേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന ഒട്ടു വളരെ പേരുടെ പ്രശ്നം ഗ്രാമസഭകൾ ഉന്നയിച്ചിട്ടുണ്ട്. വളരെ ഗൗരവമായി കൈ കാര്യം ചെയ്യേണ്ട പ്രശ്നമാണിത്

ഇത്തരക്കാരുടെ ക്ഷമ ഇനിയും പരീക്ഷിക്കുന്നത് ഒട്ടും ശരിയല്ല. അതോടൊപ്പം ദുർബല ജനവിഭാഗങ്ങൾക്കു മാത്രമായുള്ള കുടീർ ജ്യോതിപോലെയുള്ള പദ്ധതികൾകാര്യക്ഷമമാക്കാൻ പഞ്ചായത്ത് തന്നെ മുൻ കൈയെടുത്ത് ആവുന്നത്ര പേർക്ക് വൈദ്യുതി എത്തിച്ചു കൊടുക്കേണ്ടതാണ്.

ഊർജ്ജ ക്ഷമമായ ഫ്ലൂറസന്റ് ലാമ്പുകൾചോക്കുകൾ മുതലായവ സഹായവിലക്ക്വിതരണം ചെയ്യുക മണ്ണെണ്ണ, പാചകവാതകം എന്നിവക്കായി പഞ്ചായത്തുതലഏജൻസി ഏർപ്പെടുത്തി വിതരണവും ലഭ്യതയും എളുപ്പമാക്കുക. അടുക്കളകളിൽ പുകയില്ലാത്ത ശാസ്ത്രീയ അടുപ്പുകൾ പ്രചരിപ്പിക്കുക തുടങ്ങിയവ ഊർജ്ജ രംഗത്തെ അടിയന്തിര പ്രശ്നപരിഹാരങ്ങളാണ്.

### തെരുവ്- വിളക്കുകൾ നിർദ്ദേശങ്ങൾ

ഉൾനാടുകളിലെ തെരുവ് വിളക്കുകൾ ഘട്ടംഘട്ടമായെങ്കിലും സൗരോർജ്ജത്തിലൂടെ

കത്തിച്ചാൽ ജലവൈദ്യുതിയെ മാത്രം ആശ്രയിക്കേണ്ടിവരികയില്ല. മൂച്ചിക്കുണ്ട്, ചെമ്പാല കരിമ്പനത്തോട്ടം മുതലായ ധാരാളം കാററ് ലഭിക്കുന്ന, സൂര്യപ്രകാശം കിട്ടുന്ന സ്ഥലങ്ങളിൽ അനുയോജ്യമായ സൗരോർജ ഉൽപാദന കേന്ദ്രമോ കാററിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപകരണങ്ങളോ സ്ഥാപിച്ച് തെരുവ് വിളക്കുകൾ കത്തിക്കാവുന്നതാണ്.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ കത്തിക്കാൻ പ്രാദേശികമായി ഊർജസ്വലതയോടെ പ്രവർത്തിക്കുന്ന പൗരസമിതികളെ ചുമതലപ്പെടുത്തേണ്ടതാണ്. ഗ്രാമസഭകൾ നിർദ്ദേശിച്ചുള്ള തെരുവ്‌വിളക്കുകൾ മുഴുവനും സ്ഥാപിക്കുന്നതിന് ത്വരിതഗതിയിലുള്ള പ്രവർത്തനം ആവശ്യമാണ്.

കൊണ്ടോട്ടി വൈദ്യുതി മേജർ സെക്ഷൻ ആഫീസ് പടിഞ്ഞാറെ അററത്താണെങ്കിലും നമ്മുടെ പഞ്ചായത്തിനകത്താണ് പ്രവർത്തിച്ചുവരുന്നതെന്നത്‌മാത്രമാണ് ഈ രംഗത്ത് നമുക്കുള്ള ഏക ആശ്വാസം. ഓഫീസ് കാര്യങ്ങൾക്കും പണമടക്കുന്നതിനും മററുപ്രദേശത്തുകാർ അനുഭവിക്കുന്ന ബദ്ധപ്പാടുകൾ നമ്മുടെ പഞ്ചായത്തുകാർ അനുഭവിക്കേണ്ടിവരുന്നില്ല.

പക്ഷെ, വൈദ്യുതി രംഗത്തെ യഥാർത്ഥ സ്ഥിതിഗതികൾ വളരെ കൃത്യമായി പഞ്ചായത്തടിസ്ഥാനത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലഎന്നതിനാൽ നിജസ്ഥിതിഅറിയാൻ മാർഗമൊന്നും ഇല്ല. വൈദ്യുതി സംബന്ധമായ സകല വിവരങ്ങളും ലഭ്യമാകുന്നവിധം പഞ്ചായത്തുതല രേഖകൾ ക്രമീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തും KSEBയും സംയുക്തമായി പ്രവർത്തിക്കേണ്ടതുണ്ട്.

## അനുബന്ധം 1.

### നെടിയിരുപ്പ് പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്തതും ഗ്രാമസഭകൾ വൈദ്യുതീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രദേശങ്ങൾ

| വാർഡ് നമ്പർ | സ്ഥലപ്പേര് | ഏകദേശ ദൂരം |
|---|---|---|
| I | അരീക്കോട്ട്പറമ്പ് ഹരിജൻ കോളനി പ്രദേശം | 400 മീററർ |
| | തേവുന്ന് ഭാഗം | |
| II | കോട്ടേപറമ്പ് പുറായ് | |
| III | പനക്കപറമ്പ് | |
| | മരക്കാട്ടുപുറം പള്ളിയാളിഭാഗം | |
| | കുമ്പളപാറ ഹരിജൻ കോളനി | |
| IV | കപ്പീയോടം പുളിശേരികുണ്ട് | |
| V | കമ്മിളികുന്നത്ത് കോളനി–കുണ്ടേങ്ങാട് | |
| | ചെമ്പാല, ലക്ഷംവീട്, പുളിയത്ത് മേലേഅരു വരിക്കലായ് | |
| VI | കൊററങ്ങോട്– I P P പരിസരം | |
| | ചാഞ്ഞിലാക്കൽ | |
| VII | മൂച്ചിക്കുണ്ട് | |
| | ചെറളകുണ്ട്–കിഴക്കെപറമ്പ് | |
| | മണ്ണാറക്കൽപാറ–നെച്ചിലക്കാട് | |
| VIII | തുമ്പേരിപാറ കോളനി | |
| | കോട്ടാശേരികോളനി ബാക്കി ഭാഗം | |
| IX | കാര്യംപുറത്ത്പാറ | |
| X | | |

## അനുബന്ധം 2 (a)

### നെടിയിരുപ്പ് പഞ്ചായത്തിൽ നിലവിലുള്ള L T ട്രാൻസ്ഫോർമറുകളുടെ വിവരം

| | | | |
|---|---|---|---|
| 1 | മുസ്ലിയാരങ്ങാടി II | 2 | മുസ്ലിയാരങ്ങാടി II |
| 3 | മൂച്ചിക്കുണ്ട് | 4 | നെടിയിരുപ്പ് I |
| 5 | നെടിയിരുപ്പ് II | 6 | മേലെപറമ്പ് |
| 7 | ഹരിജൻ കോളനി | 8 | ചെരിപ്പടി |
| 9 | കൊട്ടുക്കര | 10 | കോടങ്ങാട് I |
| 11 | കോടങ്ങാട് II | 12 | കോടങ്ങാട് III |
| 13 | മുക്കൂട് (ചിറയിൽ) | 14 | കോട്ടാശേരി |
| 15 | കറുപ്പത്ത് | 16 | ഒന്നാം മൈൽ (കാളോത്ത്) |
| 17 | പോത്തട്ടിപ്പാറ | | |

## അനുബന്ധം II (b)

| വാർഡ് നമ്പർ | ഗ്രാമസഭകൾ നിർദ്ദേശിച്ച പ്രകാരം പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥല വിവരം |
|---|---|
| I | കാദളാത്ത് സ്കൂളിന് പടിഞ്ഞാറ് ഭാഗം |
| II | ചെറാട്ട്കുന്നത്ത് ഹരിജൻ കോളനി<br>കോട്ടപറമ്പ് |
| III | |
| IV | വെള്ളാട്ട്പുറായ് |
| V | മുറിത്തോട് ചോലമുക്ക്, കപ്പിയോടം, ചെമ്പാല, വട്ടിയാർകുന്ന് |
| VI | മണ്ണാരംകുന്നത്ത്പാറ |
| VII | ചെറളമുക്ക് |
| VIII | ചിറയിൽ |
| IX | |
| X | മണ്ണാരിൽ |

| വാർഡ് നമ്പർ | സൗരോർജം കൊണ്ടോ കാററുകൊണ്ടോ വൈദ്യുതിയുണ്ടാക്കാൻ അനുയോജ്യമായ പ്രദേശങ്ങൾ ഗ്രാമസഭകൾ നിർദ്ദേശിച്ചവ. |
|---|---|
| 1 | ചേപ്പിലിക്കുന്ന് |
| 2 | കരിമ്പനത്തോട്ടം |
| 3 | കമ്പളപാറ, കമ്പളപറമ്പ് |
| 4 | |
| 5 | ചെമ്പാല, പോത്തുവെട്ടിപ്പാറ |
| 6 | |
| 7 | മൂച്ചിക്കുണ്ട്, അടയാളംപാറ, ചെരുപ്പടി, കുട്ടിച്ചാത്തംകുന്ന് |
| 8 | ചുങ്കത്ത്, കോട്ടാശേരി |
| 9 | |
| 10 | കുന്നത്ത്പറമ്പ് |

| വാർഡ് നമ്പർ | പുതുതായി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ ഗ്രാമസഭകൾ നിർദ്ദേശിച്ചത്. |
|---|---|
| 1 | 15 |
| 2 | 15 |
| 3 | 15 |
| 4 | 10 |
| 5 | 20 |
| 6 | 15 |
| 7 | 15 |
| 8 | 16 |
| 9 | 20 |
| 10 | 15 |

## 5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും

ഒരു മനുഷ്യന്റെ ഏററവും വലിയ സ്വപ്നമാണ് സ്വന്തമായി ഒരു കൂര. അന്തിയുറങ്ങുവാൻ ഒരു വീട് നിർമ്മിക്കുക എന്നത് ഭൂരിപക്ഷം പേരുടെയും ഒരു ചിരകാലാഭിലാഷമാണ്. സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്നാൽ വലിയ ഒരു കാര്യം സാധിച്ച സംതൃപ്തിയാണ് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരനും ഇത് എന്ത്കൊണ്ടാണ് സംഭവിച്ചതെന്ന് അന്വേഷിച്ചാൽ ജന്മിമാരുടെ കയ്യിലായിരുന്നു ഭൂമികളത്രയും. ഒരു തുണ്ട് ഭൂമിപോലും ഇല്ലാത്തവരായിരുന്നു ഭൂരിപക്ഷം ജനതയും. ജന്മിയുടെ കുടികിടപ്പുകാരായി തലമുറകളോളം ഒരു കൊച്ചു കൂരയിൽ കഴിയാൻ വിധിക്കപ്പെട്ടവരായിരുന്നു മുക്കാൽ ഭാഗം ജനങ്ങളും. സാമൂഹ്യ–സാമ്പത്തിക മേഖലകളിൽ വന്ന മാററമാണ് ഇതിന് അല്പമെങ്കിലും പരിഹാരം ഉണ്ടാക്കിയത്. ജോലി തേടി ഗൾഫ് രാഷ്ട്രങ്ങളിൽ ചെന്ന് പററിയവർ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കിയ കാശുകൊണ്ടാണ് പലർക്കും സ്വന്തമായി വീട് നിർമ്മിക്കാൻ കഴിഞ്ഞതെന്നത് ഒരു വസ്തുതയാണ്. നമ്മുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ പരോക്ഷമായി നാം ഗൾഫ് രാഷ്ട്രങ്ങളോട് കടപ്പെട്ടിരിക്കുന്നുവെന്ന് പറയാം.

ഏകദേശം 15 വർഷങ്ങൾക്ക് മുമ്പ്‌വരെ പഞ്ചായത്തിലെ ബഹുഭൂരിഭാഗവും ഓല മേഞ്ഞവയോ, മൺകട്ടകൊണ്ട് നിർമ്മിച്ച ഓട് പാകിയ വീടുകളും ആണെന്ന് പറയാം. ഇവയിൽ തന്നെ മിക്ക വീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല.

സർക്കാർ മേഖലയിൽ ജോലിയുള്ളവർ വളരെ കുറവായിരുന്നു. ഗവൺമെൻറ് ഉടമസ്ഥതയിലോ, സ്വകാര്യ മേഖലയിലോ വ്യവസായങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ട് വ്യവസായ തൊഴിലാളികളും ഇല്ല. വരുമാനം കാര്യമായി ഒന്നും ഇല്ലാത്തതുകൊണ്ട് അന്തിയുറങ്ങാൻ അത്യാവശ്യ സൗകര്യമുള്ള വീട് നിർമ്മിക്കാൻ ബഹുഭൂരിഭാഗം ജനങ്ങൾക്കും സാധിച്ചിരുന്നില്ല എന്ന്മാത്രമല്ല കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തികശേഷിയില്ലായ്മ കാരണം അവർ വീടുകൾക്ക് ചുററുമുള്ള വെളിപ്രദേശങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. ഇത്കാരണം കുടിവെള്ളം മലിനപ്പെടുകയും ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും സ്ഥിരമായി ജനങ്ങളെ വേട്ടയാടിയിരുന്നു.

ഈ അവസ്ഥക്ക് പരിഹാരമായത് ഗൾഫിലെ തൊഴിൽ സാധ്യതകളാണ്. ഉള്ളതെല്ലാം വിററുപെറുക്കിയത് കൊണ്ടാണ് ആളുകൾക്ക് ഗൾഫിലെത്താൻ കഴിഞ്ഞത്. ഈ മാററമാണ് കേരളത്തിന്റെ സാമൂഹ്യ–സാമ്പത്തിക മേഖലയിൽ ചലനം സൃഷ്ടിച്ചത്. ഈ കഠിനാദ്ധ്വാനം തന്നെയാണ് പാർപ്പിട പ്രശ്നങ്ങളെ ഏറെകുറെ പരിഹരിച്ചതും.

പഞ്ചായത്തിലെ മൊത്തം വീടുകളെ കണക്ക് പരിശോധിക്കുമ്പോൾ 15%ത്തിൽ കൂടുതൽ കോൺക്രീററ് സൗധങ്ങൾ ഇല്ല. ലഭ്യമായ കണക്കനുസരിച്ച് ആകെയുള്ള വീടുകളിൽ 2887 വീടുകൾ ഓടിട്ടതും 507 വീടുകൾ കോൺക്രീററ് ചെയ്തതും 225 വീടുകൾ ഓലമേഞ്ഞ

ന്നുമാണ്. ഏകദേശം 800ൽപരം കുടുംബങ്ങൾക്ക് ഇന്നും താമസിക്കാൻ പററുന്ന വീടുകളില്ല. പഞ്ചായത്തിൽ ഏകദേശം 650ഓളം കുടുംബങ്ങൾ അററകുററപണി നടത്താൻ കഴിയാതെ വിഷമിക്കുന്നുണ്ട്.

## ആകെ വീടുകളുടെ എണ്ണം (ICDS സർവ്വെ)

| വാർഡ് | ഓട് | കോൺക്രീററ് | ഓല | ആകെ |
|---|---|---|---|---|
| I | 290 | 60 | 15 | 365 |
| II | 297 | 52 | 15 | 364 |
| III | 250 | 40 | 10 | 300 |
| IV | 240 | 35 | 12 | 287 |
| V | 280 | 50 | 15 | 335 |
| VI | 300 | 60 | 15 | 375 |
| VII | 320 | 30 | 70 | 420 |
| VIII | 360 | 80 | 40 | 480 |
| IX | 390 | 60 | 18 | 368 |
| X | 260 | 40 | 15 | 345 |

സാധന സാമഗ്രികളുടെ വിലവർദ്ധനവും നിർമ്മാണ ചെലവും കൂടുതലുള്ള ഇന്നത്തെ സാഹചര്യത്തിൽ സ്വന്തമായി വീടില്ലാത്തവരെ സർക്കാറും സാമ്പത്തിക സ്ഥാപനങ്ങളും അകമഴിഞ്ഞ് സഹായിച്ചാൽ മാത്രമേ ദുർബ്ബല വിഭാഗങ്ങൾക്ക് സുരക്ഷിതമായ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളു. വിവിധ പദ്ധതികളിലായി പഞ്ചായത്തിൽ 78 വീട്ടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം വീടുകളും പട്ടികജാതിക്കാർക്കാണെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

## പ്രശ്നങ്ങൾ

* നിലവിലുള്ള ഭവന വായ്പാസംവിധാനങ്ങളിലൂടെ വായ്പ ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും ഉയർന്ന പലിശ നിരക്കും ഭവന നിർമ്മാണം പലർക്കും ഒരു സ്വപ്നമായി അവശേഷിപ്പിക്കുകയാണ്.
* വീട് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ഉയർന്ന കൂലിനിരക്കും ഭവന നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നു.
* സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ പലർക്കും വീട് നിർമ്മിക്കാൻ കഴിയുന്നില്ല.
* ഗതാഗത സൗകര്യങ്ങളുടെ അഭാവം ഭവന നിർമ്മാണത്തിന് തടസ്സം സൃഷ്ടിക്കുന്നു.
* ലഭ്യമായ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്കൊണ്ട് ഭവന നിർമ്മാണം ഒരു സ്വപ്നമായി നിലകൊള്ളുന്നു.

## നിർദ്ദേശങ്ങളും പരിഹാര മാർഗങ്ങളും

* നിലവിലുള്ള വായ്പ വ്യവസ്ഥകൾ ലഘൂകരിച്ച് ദുർബ്ബല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും വായ്പ ലഭ്യമാക്കണം.
* സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് കഴിയുന്നതും അവരുടെ താമസ പ്രദേശങ്ങളിൽ തന്നെ ഭൂമി ലഭ്യമാക്കി വീട് നിർമ്മിച്ച് കൊടുക്കുക.

## വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ

| വർഷം | JRY | Millionwell | IAY | NREP | RLEGP | ആകെ |
|---|---|---|---|---|---|---|
| 1986–87 | 4 | — | — | — | 5 | 9 |
| 87–88 | — | — | — | 7 | — | 7 |
| 90–91 | — | 9 | — | — | — | 9 |
| 92–93 | — | — | 16 | — | — | 16 |
| 93–94 | 3 | — | 6 | — | — | 9 |
| 94–95 | — | 2 | 21 | — | — | 23 |
| 95–96 | — | 5 | — | — | — | 5 |
| | | | | | ആകെ | 78 |

അവലംബം: സെക്കൻററി ഡാററ

* ദുർബല വിഭാഗങ്ങൾക്ക് സർക്കാറിൽ നിന്നും ലഭിച്ച വീടായാലും സ്വന്തം നിർമ്മിച്ച വീടായാലും അററകുററപണികൾക്ക് മതിയായ തുക അനുവദിക്കുക.
* I A Y, J R Y, MILLION WELL സ്കീമുകളിൽ ഹരിജൻ സങ്കേതങ്ങളുടെ എണ്ണത്തിനനുപാതികമായി തുക പ്രാദേശികമായി വിലയിരുത്തുക. ഈ മേഖലകളിൽ കൂടുതൽ തുക ചിലവഴിക്കുക.
* വിവിധ സ്കീമുകളിൽ അനുവദിക്കുന്ന വീടുകൾക്കുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കുക.
* ദേശീയ തലത്തിൽ തുക നിർണ്ണയിക്കുമ്പോൾ കേരളത്തിലെ വർദ്ധിച്ച കൂലി നിരക്കും അസംസ്കൃത വസ്തുക്കളുടെ വിലയും കണക്കിലെടുത്ത് പ്രത്യേക വദ്ധിത വിഹിതം കൂടെ അനുവദിക്കുക.
* വീട് നിർമ്മാണത്തിൻെറ കൂടെ കക്കൂസ് നിർമ്മാണത്തിനും കൊടുക്കുന്ന തുക ചുരുങ്ങിയത് 5000 രൂപയെങ്കിലും വേണം.
* പുകകുഴൽ വെച്ചുള്ള അടുപ്പ് നിർമ്മാണത്തിന്, മുകളിൽ പറഞ്ഞ സ്കീമുകളിൽ നൽകുന്ന നാമമാത്ര തുക 3000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള സർക്കാർ പദ്ധതികൾ മാത്രമാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളത്. പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പ്രത്യേക പദ്ധതികളും സർക്കാർ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

മുഖ്യമായും ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ജനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നത്. ഇതര പദ്ധതികളെ സംബന്ധിച്ചുള്ള വിവരക്കുറവ് അർഹതപ്പെട്ടവർക്ക് അവയുടെ പ്രയോജനം ലഭിക്കാതെ പോകുന്നു.

പല ഗുണഭോക്താക്കളും തങ്ങൾക്കു കിട്ടിയ സഹായം യഥാർത്ഥ ആവശ്യത്തിനു വിനിയോഗിക്കാതെ വക മാററി ചിലവഴിക്കുന്നതായും കണ്ടുവരുന്നുണ്ട്. ആവശ്യമായ ബോധവൽക്കരണത്തിൻെറകുറവും അറിവില്ലായ്മയും ഇതിനു കാരണങ്ങളാണ്.

### 91-92 സർവ്വെ പട്ടിക 1

IRDP സർവ്വെ പ്രകാരം ദാരിദ്ര രേഖക്ക് താഴയായി കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം

| ആകെ കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചവർ | അർഹരായ പട്ടികജാതി കുടുംബങ്ങൾ | പട്ടികജാതിയിൽ സഹായം ലഭിച്ചവർ |
|---|---|---|---|
| 1401 | 329 | 239 | 131 |

അവലംബം: സെക്കൻററി ഡാററ

1992—93 മുതൽ IRDP മുഖേന അനുവദിച്ച സഹായ ധന കണക്ക് പട്ടിക 2

| വർഷം | ആകെ എണ്ണം | പട്ടികജാതി | സബ്സിഡി രൂപ | വായ്പത്തുക രൂപ |
|---|---|---|---|---|
| 92—93 | 49 | 20 | 131790 | 229406 |
| 93—94 | 51 | 29 | 148100 | 237824 |
| 94—95 | 39 | 16 | 188576 | 380049 |
| 95—96 | 37 | 14 | 123845 | 246072 |
| ആകെ | 176 | 79 | 592311 | 1093341 |

അവലംബം: സെക്കൻററി ഡാററ

തൊഴിലില്ലായ്മ വേതനം, വിവിധ പെൻഷനുകൾ (വാർധക്യകാല, വിധവ, കർഷക തൊഴിലാളി, വികലാംഗ) അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭിക്കുന്നില്ലെങ്കിലും ഭാഗികമായി ലഭിച്ചുവരുന്നുണ്ട്. സാമൂഹ്യക്ഷേമ രംഗത്ത് കൊണ്ടോട്ടി ബ്ലോക്കിനു കീഴിൽ നെടിയിരുപ്പ്, ചിറയിൽ എന്നീ രണ്ടു സർക്കിളുകളിലായി രണ്ട് V E O മാർ പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന ഹരിജൻ കോളനികളിലൊന്നായ നെടിയിരുപ്പ് ഹരിജൻ കോളനി സ്ഥിതിചെയ്യുന്ന പഞ്ചായത്തെന്ന നിലക്ക് ഇവിടെ നടപ്പിലാക്കിയ പദ്ധതികളിൽ ഭൂരിഭാഗം ഗുണഭോക്താക്കളും ഹരിജനങ്ങളാണെന്നുകാണാം. സെക്കൻററി ഡാററയിൽ ലഭ്യമായ 1992 മുതൽക്കുള്ള ഏകദേശ കണക്കാണ് മുകളിലെ രണ്ട് പട്ടികകളിൽ കൊടുത്തിട്ടുള്ളത്.

## I R D P രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ.

1 കേരളത്തിൽ കണ്ടുവരുന്ന ഉയർന്ന ജീവിത നിലവാരം കണക്കിലെടുത്ത് സഹായത്തിനുള്ള അർഹത നിർണ്ണയിക്കാൻ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഉർത്തേണ്ടതാണ്

2 പട്ടികജാതിക്കാരല്ലാത്ത മററു ദുർബല വിഭാഗങ്ങൾക്ക് ഒരിക്കൽ സഹായം അനുവദിച്ചു കഴിഞ്ഞാൽ പിന്നീട് അവരുടെ തൊഴിലും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ സഹായം അനുവദിക്കില്ല. അർഹതനോക്കി ആവർത്തന സഹായം ലഭ്യമാക്കേണ്ടതുണ്ട്.

3 IRDP സഹായധനം നൽകുന്ന കാര്യത്തിൽ ബേങ്കുകൾ സ്വീകരിച്ചുവരുന്ന വിമുഖത അവസാനിപ്പിച്ച് ഇക്കാര്യത്തിൽ പ്രഥമ പരിഗണന കൊടുക്കേണ്ടതുണ്ട്.

4 നിലവിലുള്ള അപൂർണ്ണ സർവ്വേരീതി മാററി ഓരോ വർഷവും അർഹതപ്പെട്ടവരെ വർഷാരംഭത്തിനുമുമ്പുതന്നെ കണ്ടെത്തി വർഷാരംഭത്തിൽ സഹായം വിതരണം ചെയ്യേണ്ടതാണ്.

5 യൂനിററ് കോസ്ററ് ഓരോ വർഷവും ആരംഭത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്.

6 യൂനിററ് കോസ്ററ് നിശ്ചയിക്കാനായി പ്രാദേശിക ബാങ്ക് പ്രതിനിധി, ബ്ലോക്കിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, ബ്ലോക്ക്പഞ്ചായത്തിൻെറയും ഗ്രാമപഞ്ചായത്തിൻെറയും പ്രതിനിധി എന്നിവരുൾക്കൊള്ളുന്ന കമ്മററി രൂപീകരിക്കുക.

7 IRDP വായ്പകൾ വിതരണം ചെയ്യുന്നതിൽ സഹകരണ സംഘങ്ങളും ബേങ്കുകളും ഇന്നഭിമുഖീകരിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സർക്കാർ തലത്തിൽ നീക്കം ചെയ്യേണ്ടതാണ്.

8 IRDP വായ്പകളെ കുറിച്ച് നേരിട്ടറിയാനും നേടിയെടുക്കാനും പ്രസ്തുത സഹായം യഥാവിധി ചിലവഴിക്കാനും വായ്പത്തുക കൃത്യസമയങ്ങളിൽ തിരിച്ചടക്കാനും ഉള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പഞ്ചായത്തുതലത്തിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വാർഡുമെമ്പർമാർ വികസന വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരുൾക്കൊള്ളുന്ന ഒരു മോണിററിംഗ് സമിതി ഉണ്ടാവേണ്ടതാണ്. വായ്പയുടെ ദുരുപയോഗം തടയാൻ ഇതുമൂലം കഴിയുന്നതാണ്.

### D W C R A സഹായ ലഭ്യതാകണക്ക്

| വർഷം | സ്ത്രീകളുടെ എണ്ണം | സബ്സിഡി തുക രൂപ | വായ്പ തുക രൂപ |
|---|---|---|---|
| 90—91 | 11 | 22000 | 22000 |
| 91—92 | 12 | 54000 | 54000 |
| 92—93 | 10 | 33500 | 33500 |
| 93—94 | 10 | 32760 | 34240 |
| ആകെ | 43 | 142260 | 143740 |

സെക്കൻററി ഡാററ

ഒരു DWCRA യൂനിററ് റജിസ്റ്റർചെയ്തു പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് പത്ത് അംഗങ്ങൾ വേണമെന്ന നിബന്ധന കാരണം വളരെ താല്പര്യമുള്ള പത്തിൽ താഴെയുള്ള ഗ്രൂപ്പുകൾക്ക് അവർ ഉദ്ദേശിക്കുന്ന സംരംഭം തുടങ്ങാൻ കഴിയാതെ പോകുന്നു. ആയതുകൊണ്ട് രണ്ടംഗങ്ങൾ മുതലുള്ള ഗ്രൂപ്പുകളെ അംഗീകരിച്ച് ഈ സഹായം നൽകേണ്ടതാണ്.

ട്രൈസം പരിശീലന ലഭ്യതാ കണക്ക്

| വർഷം | പരിശീലനം നൽകിയത് |
|---|---|
| 92—93 | 7 |
| 93—94 | 3 |
| 94—95 | 6 |
| 95—96 | 2 |
| ആകെ | 18 |

അവലംബം: സെക്കൻററി ഡാററ

1 തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ എവിടെയായാലും അവിടെപോയി മതിയായ കാലയളിൽ പരിശീലനം നേടാനുള്ള സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയുള്ളൂ.

2 വിവിധ കോഴ്സുകൾ ആരംഭിക്കുന്നത് വിവിധ ടേമുകളിൽ ആയതിനാൽ അത് മുൻകൂട്ടി കണ്ടുകൊണ്ട് കോഴ്സുകളുടെ സമയമനുസരിച്ച് അപേക്ഷ സ്വീകരിക്കുന്ന രീതി നടപ്പാക്കേണ്ടതാണ്.

3 ട്രൈസം പദ്ധതിയിൽ ആരംഭിച്ച ഡയറിയൂനിററ്,92–93, 93 94 വർഷങ്ങളിൽ ആരംഭിച്ച ആട് വളർത്തലും പായനെയ്ത്തും നിലനിൽക്കുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പ്രതീക്ഷക്കൊത്ത വരുമാനമില്ലായ്മതന്നെയാണ് പരാജയത്തിന്കാരണം.

നമ്മുടെ പഞ്ചായത്തിലും അയൽപ്രദേശങ്ങളിലും ആരംഭിച്ചിട്ടുളള ക്രഷറുകൾ കൈകൊണ്ടുള്ള ½ഇഞ്ച് കല്ല്നിർമ്മാണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൈതോല പായകൾക്ക് ഡിമാൻറ് കുറഞ്ഞതും അസംസ്കൃത വസ്തുവായ കൈത ഓലയുടെ ലഭ്യതക്കുറവും പായനിർമ്മാണത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ യഥാസമയം ശേഖരിച്ച് വിപണികളിലെത്തിക്കാൻവേണ്ട സൗകര്യങ്ങളുടെ കുറവ് ഡയറികളെയും ബാധിച്ചു.

പാൽ നിത്യേന ശേഖരിച്ച് വാർഡ്തല സഹകരണ സംഘങ്ങൾവഴി വിററഴിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയും **IRDP, DWCRA** ഉൽപന്നങ്ങൾക്ക് സ്ഥിരമായ വിപണികണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കിയും ഇത്തരം പദ്ധതികൾ ഏറെക്കുറെ വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

തൊഴിൽ സാധ്യതയുള്ള കോഴ്സുകൾക്ക് ട്രെയിനിംഗ് നൽകുന്നത് എവിടെ ആയാലും അവിടെ പോയി ട്രെയിനിംഗ് നേടുന്നതിന് ആവശ്യമായ തുക സ്റ്റൈപൻറായി നൽകണം.

## ടൂൾ കിററ് വിതരണം

ടൂൾ കിററുകൾ അനുവദിച്ചതിൻെറ വിവരം

| വർഷം | എണ്ണം |
|---|---|
| 93—94 | 8 |
| 94—95 | 6 |
| 95—96 | 3 |
| ആകെ | 17 |

സെക്കൻററി ഡാററ

ആശാരി, കൊല്ലൻ എന്നീ തുറകളിൽ പണിയെടുക്കുന്നവർക്ക് മാത്രമാണ് ഇതുവരെ ടൂൾകിററ് വിതരണം ചെയ്തുവരുന്നത്. മററു നിരവധി മേഖലകളിൽ ഏർപ്പെട്ടവർക്കും ടൂൾ കിററുകൾ വിതരണം ചെയ്യേണ്ടതാണ്. പാരമ്പര്യ കൈതൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് അവർക്കാവശ്യമായ ഉപകരണങ്ങൾ നേരിട്ടുവാങ്ങാവുന്ന വിധത്തിൽ പദ്ധതി പുനഃക്രമീകരിക്കേണ്ടതാണ്.

പാവപ്പെട്ടവർക്കുള്ള കക്കൂസ് നിർമ്മാണം.

| വർഷം | CRSP | JRY | SEU | ആകെ |
|---|---|---|---|---|
| 91–92 | — | 26 | — | 26 |
| 92–93 | — | 20 | — | 20 |
| 93–94 | 10 | — | — | 10 |
| 94–95 | 18 | — | 557 | 575 |
| 95–96 | 12 | — | — | 12 |
| ആകെ | 40 | 46 | 557 | 643 |

**CRSP, JRY** മുഖേന 86 കക്കൂസുകളും **DANIDA (SEU)** മുഖേന 557 കക്കൂസുകളും ഈ പഞ്ചായത്തിൽ നിർമ്മിച്ച നൽകിയിട്ടുണ്ട്. ഇനിയും കക്കൂസുകളില്ലാത്ത ധാരാളം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് അത്യാവശ്യമായ ഇക്കാര്യത്തിൽ ഇനിയും വളരെയധികം പ്രവർത്തിക്കേണ്ടതുണ്ട്.

**IRDP** മുഖേന കക്കൂസ് നിർമ്മാണത്തിന് നൽകിവരുന്ന തുക വളരെ അപര്യാപ്തമാണ്. തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

## സാമൂഹ്യ വനവൽക്കരണ പരിപാടി

സാമൂഹ്യ വനവൽക്കരണ പദ്ധതിക്കു കീഴിൽ പഞ്ചായത്തിൽ വിതരണം നടത്തിയ തൈകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | കവുങ്ങ് | മാവ് | ജാതി | ഗ്രാമ്പു | കൊടമ്പുളി | പേരക്ക | സർവ്വ സുഗന്ധി | തേക്ക് | മാഞ്ചിയം |
|---|---|---|---|---|---|---|---|---|---|
| 93 | 158 | 72 | 40 | 36 | 6 | 8 | — | — | — |
| 94 | 79 | 35 | 20 | 17 | 3 | 4 | — | — | — |
| 96 | 90 | 65 | — | 25 | — | 35 | 85 | 70 | 7 |
| ആകെ | 327 | 172 | 60 | 78 | 9 | 47 | 85 | 70 | 7 |

ഈ സ്കീമിൽ വിതരണം നടത്തിയ തൈകളുടെ എണ്ണവും പഞ്ചായത്തിൻെറ വിസ്തൃതിയും പരിഗണിക്കുമ്പോാം വിതരണം വളരെ അപര്യാപ്തമാണെന്ന് കാണാം. ഗുണമേന്മകുറഞ്ഞ തൈകളാണ് വിതരണത്തിന് ലഭിക്കുന്നതെന്നും പറയപ്പെടുന്നു. ഈ സ്കീമിൽ കാലവർഷാരംഭത്തിൽ തന്നെ തൈകാം വിതരണം ചെയ്യുക. പ്രാദേശികമായി ഗുണമേന്മയുള്ള തൈകാം ഉല്പാദിപ്പിച്ച് യഥാസമയം വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്.

### വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യുവകുപ്പ് മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷനുകളും, വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം തുടങ്ങിയവ എണ്ണത്തിൽവളരെ പരിമിതമായിട്ടേയുള്ളു. അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും ഇപ്പോഴിത് കിട്ടുന്നില്ല. അതുപോലെ ഈ സഹായം യഥാസമയത്ത് കിട്ടുന്നില്ല എന്നതും വസ്തുതയാണ്. ഇവയുടെ പൂർണ്ണ പ്രയോജനം ലഭിക്കാനായി ഇവയുടെ തെരഞ്ഞെടുപ്പും വിതരണവും മററു ചുമതലകളും ഗ്രാമപഞ്ചായത്തും റവന്യൂവകുപ്പും സംയുക്തമായി ഏറെറടുക്കേണ്ടതാണ്. ഇവക്കുള്ള ഫണ്ട് കൃത്യമായി ലഭ്യമാക്കേണ്ടതുമാണ്.

വിവിധ പെൻഷനുകാം സംബന്ധിച്ച പട്ടിക

| വർഷം | 1991 | 92 | 93 | 94 | 95 | 96 |
|---|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 3 | 1 | — | 1 | — | — |
| വിധവാ പെൻഷൻ | 2 | 7 | 4 | 8 | 3 | 4 |
| വികലാംഗ പെൻഷൻ | 6 | 2 | 1 | 5 | 1 | 2 |
| തൊഴിലില്ലായ്മ വേതനം | 40 | 26 | 38 | 40 | 38 | 46 |
| കർഷക തൊഴിലാളി പെൻഷൻ | 70 | 74 | 9 | 8 | 36 | 18 |

അവലംബം: സെക്കൻററി ഡാററ

### പൊതുവിതരണ രംഗം

നെടിയിരുപ്പ് പഞ്ചായത്തിലെ പൊതുവിതരണ രംഗം കൊണ്ടോട്ടി P C C സൊസൈററിക്കുകീഴിൽ നടത്തപ്പെടുന്ന 8 റേഷൻ ഷാപ്പുകളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചുമതല ഏല്പിച്ച് നടത്തപ്പെടുന്ന ചരുക്കം ഷാപ്പുകളും ഉാംപ്പെട്ടതാണ്. ഇവയുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. റേഷൻ ഷാപ്പുകളിലൂടെ നിത്യോപയോഗ സാധനങ്ങാം ക്രമമായി വിതരണം ചെയ്യാൻ കൂടുതൽ പ്രയത്നിക്കേണ്ടതുണ്ട്.

### ഈ രംഗത്തേക്കുള്ള നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തുകാർക്കും പ്രയോജനപ്പെടുന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുക.

2 ഉത്സവകാലത്ത് മാത്രം പ്രവർത്തിക്കുന്ന സഹകരണ മാവേലി സ്റ്റോറുകൾ സഹകരണ ബാങ്കിനുകീഴിൽ പഞ്ചായത്തിലെ രണ്ടു കേന്ദ്രങ്ങളിലെങ്കിലും പതിവായി വൈകുന്നേരങ്ങളിലെങ്കിലും പ്രവർത്തിക്കുക

3 അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾകൂടി നിലവിലുള്ള റേഷൻ കടകൾ വഴി വിതരണം നടത്തുക.

### അംഗൻവാടികൾ

വനിതാ, ശിശുക്ഷേമവും ആരോഗ്യവും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ രൂപംകൊടുത്ത പദ്ധതിയാണിത്. തുടക്കത്തിൽ വലിയ പ്രതീക്ഷക്ക് വക നൽകിയിരുന്നില്ലെങ്കിലും പിന്നീട് വൻമാററങ്ങൾ ഈ രംഗത്തുണ്ടാക്കാൻ അംഗൻവാടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ 10 വാർഡുകളിലായി 19 അംഗനവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവക്കൊന്നിനും അടിസ്ഥാന സൗകര്യം ഇല്ല എന്നുതന്നെ പറയാം. രണ്ട് അംഗൻവാടികൾക്ക് മാത്രമെ സ്ഥലവും കെട്ടിടവുമുള്ളു.

അംഗനവാടികളെ സംബന്ധിച്ച
വിവര പട്ടിക.

| വാർഡ് | അംഗനവാടികളുടെ പേര് | സ്ഥലം | കെട്ടിടം |
|---|---|---|---|
| I | കാളോത്ത് | — | — |
| II | കുറുക്കൻചോല, ചെറാട്ട് | — | — |
| III | കാരിമുക്ക് | — | — |
| IV | ചെറുപറമ്പ് | | ഉണ്ട് |
| | വാക്കത്തൊടി | | |
| | വെള്ളാട്ടപുറായ | — | — |
| V | ചോലമുക്ക് | ഉണ്ട് | — |
| | പോത്തട്ടിപ്പാറ | | |
| | മുസ്ലിയാരങ്ങാടി | | |
| VI | താണിക്കാട് | — | — |
| VII | ചെരുപ്പടി | ഉണ്ട് | — |
| | ചെറളമുക്ക് | — | — |
| | N H കോളനി | ഉണ്ട് | — |
| VIII | കോട്ടാശേരി | | ഉണ്ട് |
| | ചിറയിൽ | — | — |
| IX | കോടങ്ങാട് | — | ഉണ്ട് |
| X | മണ്ണാരിൽ | — | — |

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിലും ഒരു സർക്കാർ ഏജൻസി എന്ന നിലയിൽ ഇവ ഭംഗിയായി പ്രവത്തിച്ചുവരുന്നുണ്ട്. മാതൃസംഗമങ്ങളും മററു ബോധവൽക്കരണ പരിപാടികളും വിജയകരമായി നടത്താൻ സന്നദ്ധ സംഘടനകൾ അംഗനവാടികളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

### നിർദ്ദേശങ്ങൾ

1 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

2 എല്ലാ അംഗനവാടികൾക്കും കളിസ്ഥലം ലഭ്യമാക്കുക.

3 അംഗനവാടി ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക.

4 അംഗനവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യ രക്ഷാപ്രവർത്തന സെൻററുകൾ പ്രവർത്തിക്കുക.

5 ബോധവൽക്കരണം എളുപ്പമാക്കാൻ ചിത്രപ്രദർശനം നടത്താൻ ആവശ്യമായ T V, V C R എന്നിവ നൽകുക.

C B N Pയുടെ പ്രവർത്തനവും പഞ്ചായത്തിൽ സജീവമായി നടന്നുവരുന്നുണ്ട്.

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 48 | 37 | 20 | 27 | 11 | 20 | — | — |
| 1–3 വയസ് | 84 | 75 | 72 | 75 | 48 | 62 | — | — |
| 3–6 വയസ് | 125 | 123 | 88 | 68 | 66 | 46 | — | — |

അവലംബം: സെക്കൻററി ഡാററ

1—ാം ഗ്രേഡ് ലഘുവായ പോഷണ കുറവുള്ളവർ
2—ാം ഗ്രേഡ് മിതമായ പോഷണ കുറവുള്ളവർ
3—ാം ഗ്രേഡ് ഗുരുതരമായ പോഷണ കുറവുള്ളവർ

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | BCG | DPT | | 3D | BD | POLIO | | | BD | | | | | Measels |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | | | 1D | 2D | 3D | | 1D | 2D | 3D | BD | |
| 1 വയസിൽ താഴെ | 434 | 221 | 168 | 271 | — | 221 | 168 | 29 | | | | | | 223 |
| 1–3 വയസ് | 655 | 118 | 93 | 491 | — | 81 | 106 | 493 | | | | | | 503 |
| 3–6 വയസ് | 629 | 484 | 412 | 638 | | | | | | 209 | 110 | | | 495 |

അവലംബം: സെക്കൻററി ഡാററ

### ടെററനസ് ടേക്സോയിഡ്

| | | | |
|---|---|---|---|
| ഗർഭിണികൾ | 213 | 207 | |

അവലംബം സെക്കൻററി ഡാററ

ഇരുമ്പ്–ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 456
,, ,, ,, കുട്ടികളുടെ എണ്ണം : 743
വിററാമിൻ **A** തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 584

നെടിയിരുപ്പ് പഞ്ചായത്തിലെ വിവിധ ജാതിമതസ്ഥരായ ജനങ്ങൾ ഒരു മനസ്സോടെ ഒരു ശരീരത്തോടെ നാടിന്റെ വികസനത്തിനായി പൊരുതുന്നു. അവരെ ഒരു മെയ്യാക്കി പരിവർത്തിപ്പിച്ചത് കാലം നെടിയിരുപ്പിന് നൽകിയ സാംസ്ക്കാരിക പൈതൃകമാണ്. നെടിയിരുപ്പിലെ മൺമറഞ്ഞ മഹാരഥൻമാർ നൽകിയ സാംസ്കാരിക വെളിച്ചത്തിന്റെ പ്രഭാപൂരത്തിലൂടെ തന്നെയാണ് ഇന്നും നെടിയിരുപ്പ് ജനത സഞ്ചരിക്കുന്നത്. അതുകൊണ്ട്തന്നെ മററൊരു ഭാഗത്തും കാണാത്ത ശാന്തിയും ഐക്യവും പരസ്പര സ്നേഹവും, ബഹുമാനവും ഈ ഗ്രാമപഞ്ചായത്തിന്റെ മുഖമുദ്രയായിത്തീർന്നു.

നെടിയിരുപ്പിൽ ഇങ്ങിനെയുള്ള സാംസ്കാരിക ചൈതന്യം നൽകിയതിന് പിന്നിൽ ജീവിതം സമർപ്പിച്ചവരെ ഈ വേളയിൽ ആദരപൂർവ്വം സ്മരിക്കുമ്പോൾ നാം നമ്മളോട്തന്നെയാണ് നീതി ചെയ്യുന്നത്. ഭൂതകാലത്ത് നന്മകൾ നൽകിയവരെ മറന്നുപോയ്കൊണ്ടുള്ള ചരിത്രാഖ്യാനം അവന്റെയുള്ളിലെ തിന്മകളെയാണ് പ്രകടമാക്കുന്നത്. നാം ബഹുമാനിച്ചാലും ഇല്ലെങ്കിലും ചരിത്രം രചിക്കുമ്പോൾ സ്മരിച്ചാലും ഇല്ലെങ്കിലും രാജ്യത്തിനും സമൂഹത്തിനുംവേണ്ടി ത്യാഗംചെയ്തവരുടെ സേവനങ്ങൾ ഇല്ലാതെയാകുന്നില്ല, മറിച്ച് നമ്മുടെ നിസ്സാരതയും, സാംസ്കാരിക വൈകൃതവും വെളിവാക്കുകയും ചെയ്യുന്നു. നെടിയിരുപ്പിന്റെ പൊതുജീവിതത്തിന് സംസ്കാരത്തിന്റെ പൊൻപ്രഭ നൽകിയ മഹാന്മാരെ ജാതി മത കക്ഷി രാഷ്ട്രീയഭേദമന്യേ സ്മരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

നെടിയിരുപ്പിൽ വിവിധ കാലഘട്ടങ്ങളിൽ അനേകം പ്രതിഭാശാലികൾ ജീവിച്ചിരുന്നു. തരുവറ മരക്കാർ മുസ്ലിയാർ, തരുവറ മൊയ്തീൻകുട്ടി മുസ്ലിയാർ മുതലായവർ അക്കൂട്ടത്തിലെ പ്രമുഖരായിരുന്നു. തരുവറ മൊയ്തീൻകുട്ടി മുസ്ലിയാർ ഉന്നതനായ അറബി സാഹിത്യകാരനായിരുന്നു. നല്ലൊരു അറബി കവികൂടിയായിരുന്ന അദ്ദേഹം പുള്ളിയില്ലാത്ത അറബി അക്ഷരങ്ങൾകൊണ്ട്മാത്രം നബിതിരുമേനിയെ സംബന്ധിച്ച് അദ്ദേഹം ഒരു മൗലിദ് എഴുതിയിട്ടുണ്ട്.

മരക്കാർ മുസ്ലിയാർ ഉന്നതനായ സൂഫിയും, മത ഭക്തനുമായിരുന്നു. മാപ്പിള കലകൾക്കും, സാഹിത്യത്തിനും അദ്ദേഹം കനപ്പെട്ടസംഭാവനകൾ നൽകിയിട്ടുണ്ട്.

കമ്പളത്ത് ഗോവിന്ദൻനായർ, തെരുവത്ത് കോരുക്കുട്ടിമാസ്ററർ തുടങ്ങിയ മഹാരഥൻമാരായ മനുഷ്യ സ്നേഹികൾ ഈ ഗ്രാമപഞ്ചായത്തിന്റെ തനതായ സാമൂഹ്യ സാംസ്കാരിക പുരോഗതിക്കുവേണ്ടി ജീവിതം അർപ്പിച്ച മഹത് വ്യക്തികളാണ് വിദ്യാഭ്യാസരംഗത്തും, മററു സാംസ്കാരിക രംഗങ്ങളിലും അവരുടെ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്.

ചോല പരീക്കുട്ടിഹാജി നല്ലൊരു മാപ്പിള കവിയും, മാപ്പിള ക്ലാസിക്കൽ സാഹിത്യങ്ങളുടെ ആദികാരിക വക്താവുമായിരുന്നു. മലയാളം, തമിഴ്, ഹിന്ദുസ്ഥാനി, സംസ്കൃതം എന്നീ ഭാഷകളിൽ അദ്ദേഹത്തിന് അവഗാഹം

ഉണ്ടായിരുന്നു. മദ്രസ്സാ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം രചിച്ചു. ഹിന്ദുസ്ഥാനി പാഠപുസ്തകത്തിന്റെ അപൂർണ്ണമായ പ്രതിയും അദ്ദേഹം എഴുതി. നിരവധി ഇസ്ലാമിക് ഗ്രന്ഥങ്ങളുംഅദ്ദേഹം രചിക്കുകയുണ്ടായി ജീവിതാന്ത്യകാലത്ത് **'സർവോപകാര നിഘണ്ടു'** എന്നൊരു ഗദ്യപദ്യ നിഘണ്ടുവും അദ്ദേഹം രചിച്ചു.

നെടിയിരുപ്പ് സ്വദേശിയായിരുന്ന പൂളക്കൽ ഖാദിർഹാജി കൊണ്ടോട്ടി തങ്ങൻമാർക്ക് അനുകൂലമായി കത്ത്പാട്ടുകൾ എഴുതി പരീക്കുട്ടിഹാജിക്ക് അയച്ചുകൊടുക്കാറുണ്ടായിരുന്നു. അതിനെല്ലാം വശ്യതയാർന്ന ശൈലിയിൽ ഹാജി സാഹിബ് മറുപടിയും അയച്ചിരുന്നു. അവയിൽ പലതും പ്രകാശംകാണാതെ നശിച്ചുപോയി. നാല് ദശാബ്ദങ്ങൾക്ക്മുമ്പ് അദ്ദേഹം കാല യവനികക്കുള്ളിൽ തിരോധനം ചെയ്തു.

നെടിയിരുപ്പിലെ പ്രമുഖ പഴയകാല കാവ്യ രചയിതാക്കളിൽ പ്രമുഖസ്ഥാനമാണ് കടായിക്കൽ മൊയ്തീൻകുട്ടിഹാജിക്കുള്ളത്. അദ്ദേഹത്തിന്റെ കവിതാ രചനയുടെയും കവിതാപാരായണത്തിന്റേയും ഫലമായി ഒരുവേള ജയിൽ മോചിതനാകാൻവരെ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പ്രശസ്ത പണ്ഡിതനും സൂഫിയുമായിരുന്നു അദ്ദേഹം.

നെടിയിരുപ്പിലെ ആത്മീയവും, സാംസ്കാരികവും, ഭൗതികവുമായ വിദ്യാഭ്യാസ പ്രചരണത്തിൽ അർപ്പണ ഭാവത്തോടുകൂടി പ്രവർത്തിച്ചിരുന്ന കർമ്മധീരരായ മററു രണ്ട് പേരാണ് വലിയമൊല്ലാക്ക എന്നപേരിൽ അറിഞ്ഞിരുന്ന നാനാക്കൽ മുഹ്യുദ്ദീൻ മൊല്ലയും പുത്രനായ മുഹമ്മ്ഷാ മൊല്ലയും. ഇരുവരും പണ്ഡിതൻമാരായിരുന്നു.

മുഹമ്മദ്ഷാമൊല്ല വൈദ്യൻ. അദ്ധ്യാപകൻ,ബഹുഭാഷാപണ്ഡിതൻ എന്നീനിലകളിൽ അറിയപ്പെട്ടിരുന്നു. 1962ൽ അദ്ദേഹം മരിച്ചു. അദേഹത്തിന്റെ പിതാവ് നാനാക്കൽ മോനുദീൻ മൊല്ലയും, വേലൻ മാധവൻ വൈദ്യരും കൂട്ടു മാനേജ്മെൻറായി 1905ൽ സ്ഥാപിച്ചതാണ് വാക്കത്തൊടി AMLP സ്ക്കൂൾ, ആദ്യം മനാതൊടിയിലും, പിന്നീട് പണാർതൊടി, വാക്കതൊടി എന്നീ സ്ഥലങ്ങളിലേക്ക് മാററിയ ഈ സ്ഥാപനം ഈ നാടിന്റെ സാംസ്കാരിക വളർച്ചക്ക് അതിപ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. അതുപോലെതന്നെ NMEAയുടെകീഴിൽ സ്തുത്യർഹമായരീതിയിൽ പ്രവർത്തിക്കുന്ന പാണക്കാട് പൂക്കോയതങ്ങൾ മെമ്മോറിയൽ ഹൈസ്കൂൾ കൊട്ടുക്കര ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചക്ക്ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ അതുല്യമാണ്.

1968–ൽ സ്ഥാപിതമായ മുസ്ലിയാരങ്ങാടിയിലെ ഇർശാദുൽ മുസ്ലിമീൻ സംഘം സാമൂഹ്യസാംസ്കാരിക രംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത് ജനങ്ങളെ നേരായ മാർഗത്തിലൂടെ ചലിപ്പിക്കുവാൻ സംഘംചെയ്ത പ്രവർത്തനം എന്നെന്നും സ്മരിക്കപ്പെടും.

മലയാളം, അറബി, തമിഴ് എന്നീ ഭാഷകളിൽ പാണ്ഡിത്യമുള്ള കഴിഞ്ഞ തലമുറയിലെഅറിയപ്പെടുന്ന മാപ്പിളകവിയായിരുന്നു മഠത്തിൽ അബ്ദുൽഖാദർ. പടപ്പാട്ടുകളും പ്രാർത്ഥനാ ഗാനങ്ങളും ധാരാളമായി അദേഹം രചിച്ചു.

പൊട്ടവണ്ണിപറമ്പൻവീരാൻകുട്ടിമുസ്ലിയാർ സ്വാതന്ത്ര്യസമര പോരാളിയും അറബി ഭാഷയിലെ പണ്ഡിതനുമായിരുന്നു. വിദേശാധിപത്യത്തിൽനിന്നും ഇന്ത്യയെ മോചിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ച് അദ്ദേഹം അറബി മലയാളത്തിൽ ഗ്രന്ഥങ്ങൾ രചിച്ചു. അക്കാലത്ത് ബ്രിട്ടീഷുകാരോട് ധീരധീരംപോരാടിയിരുന്ന പള്ളിപ്പുറം മുഹമ്മദ്ഹാജിയോടൊപ്പം വീരാൻകുട്ടി മുസ്ലിയാരും അറസ്റ്റു ചെയ്യപ്പെടുകയുണ്ടായി. കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജയിലിൽ കിടന്നിട്ടുണ്ട്.

ആദ്യകാലങ്ങളിൽ എല്ലാവിഭാഗം ജനങ്ങളും ഒത്ത്ചേർന്നിട്ടാണ് കാളപൂട്ട്, ഊർച്ച (പാടത്ത് നട്ടുന്നതിന്മുമ്പ് തോൽകുഴച്ച് പാകമാക്കുക) എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നത്. അക്കാലത്ത് ഹിന്ദുക്കളും മുസ്ലിംകളും ഒരുമയോടെ തന്നെയായിരുന്നു മത്സരങ്ങളിൽ പങ്കെടുത്തിരുന്നത്. പരസ്പരം വലിയ സ്നേഹവുമായിരുന്നു. അതിന്റെ പൈതൃകമായിട്ടാണ് ഇന്നും നെടിയിരുപ്പിൽ കാണുന്ന ഐക്യവും സ്നേഹവും. കോടങ്ങാട് കാളപൂട്ട് കണ്ടം അക്കാലത്തെ പ്രധാന മത്സര വേദിയായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് ഇവിടേക്ക് കന്നുകൾ വന്നിരുന്നു. വലിയ ജനാവലി അക്കാലത്തെ പ്രത്യേകതയുമായിരുന്നു. പട്ടികജാതിക്കാരുടെ ചവിട്ടുകളി അന്നത്തെ കലാരംഗത്തെ പ്രധാന വിഭവമായിരുന്നു. കൊണ്ടോട്ടി നേർച്ചയിലും, മററു പ്രധാന ഉത്സവങ്ങളിലും അവരത് തനതായ ശൈലിയിൽ അവതരിപ്പിച്ചിരുന്നു.

മുമ്പ്കാലങ്ങളിൽ നികുതി അടക്കാത്ത സ്ഥലം സർക്കാറിൽ നിക്ഷിപ്തമായിരുന്നു. ഇങ്ങിനെ വളരെയധികം ഏക്കർ സ്ഥലം പട്ടികജാതിക്കാർക്ക് പതിച്ചുകൊടുക്കാൻ കോഴിക്കോട് താമസിച്ചിരുന്ന ശ്യാംജി സുന്ദർദാസ് നൽകിയ മഹത്തായ സേവനങ്ങളുടെ ഫലമായിട്ടാണ് നാം ഇന്ന് കാണുന്ന നെടിയിരുപ്പ് ഹരിജൻ കോളനി, കോട്ടാശേരി കോളനി എന്നിവ സ്ഥാപിക്കപ്പെട്ടത്. കേരളത്തിലെ പ്രധാനപ്പെട്ട ഏററവും ഹരിജനങ്ങൾ തിങ്ങി താമസിക്കുന്ന കോളനിയാണ് നെടിയിരുപ്പ് ഹരിജൻ കോളനി, കോട്ടാശേരി കോളനി, N H കോളനി 59ലും, കോട്ടാശേരി കോളനി 75ലും നിലവിൽ വന്നു. N H കോളനിയുടെ ആദ്യ പ്രസിഡൻറ് പഞ്ചായത്തിലെ കോളനി വാർഡിലെ മെമ്പർ കൂടിയായ പറമ്പീരി കുഞ്ഞാത്തനായിരുന്നു. ഈ കോളനികളുടെ ആവിർഭാവം ഹരിജനങ്ങളുടെ സാമ്പത്തിക സാംസ്ക്കാരിക വളർച്ചക്കും സാമൂഹ്യ പുരോഗതിക്കും കാരണമായിട്ടുണ്ട്.

അരീക്കാട്ട് മൂസ്സഹാജി, കാവുങ്ങൽ കുട്ട്യാൻ, കമ്പളത്ത് ഗോവിന്ദൻ നായർ കാവുങ്ങൽ നമ്പില്ലത്ത് മുഹമ്മദുകുട്ടി, പി. ഇ. മുഹമ്മദ് അധികാരി, അരീക്കാട്ട് അഹമ്മദ് ഹാജി എന്നിവർ കമ്പളത്ത് ഗോവിന്ദൻ നായർ നാടക കലയിൽ പ്രശസ്തനായിരുന്നു. 1936ൽ ബ്രിട്ടീഷ് ഭരണകാലത്ത് ചാവക്കാട്ട് മജിസ്ട്രേട്ട് നെടിയിരുപ്പ് ചിറയിൽ സ്വദേശി കുന്നമ്മൽ കോഴിപറമ്പിൽ വീരാൻകുട്ടി സാഹിബായിരുന്നു. തികഞ്ഞ മതഭക്തനായതിനാൽ കോടതി വളപ്പിൽ അധികൃതർ അദ്ദേഹത്തിന് അക്കാലത്ത് ഒരു പള്ളി നിർമ്മിച്ചുകൊടുക്കുകയുണ്ടായി.

ബ്രിട്ടീഷ് വിരോധം മൂലം ഇംഗ്ലീഷ് ഭാഷതന്നെ ഉപേക്ഷിച്ച മുസ്ലിംകൾ ഓത്തുപള്ളികളിൽ കേന്ദ്രീകരിച്ചുകൊണ്ട് നടത്തിയ പഠനം അക്കാലത്ത് സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ വെളിച്ചം നൽകാൻ കഴിഞ്ഞു എന്നത് വസ്തുതയാണ്. ഇതിനായി പ്രവർത്തിച്ചവരിൽ നാനാക്കൽ വലിയ മോന്ദട്ടീൻമൊല്ല, നാനാക്കൽ മുഹമ്മദ്ഷാ മൊല്ല, അഹമ്മദ് മൊല്ല, കോട്ട കുഞ്ഞാലൻകുട്ടി മാസ്റ്റർ, ആടംബുലാൻ മോയിൻകുട്ടി മാസ്റ്റർ, കടായിക്കൽ അലവിക്കുട്ടി മാസ്ററർ, നാനാക്കൽ പോക്കർ മാസ്ററർ, നാനാക്കൽ കുഞ്ഞാലൻകുട്ടി മൊല്ല പൂക്കോയതങ്ങൾ, പൊയിലി മമ്മദ് മാസ്ററർ, എന്നിവർ. അതുപോലെ തന്നെ ഉണ്ണീരി നായർ, ഉള്ളാട്ട് കുഞ്ഞിരാമൻ നായർ, M. D. ദാമോദരൻ മാസ്ററർ, കലങ്ങോടൻ അലവി മാസ്ററർ, ഞെണ്ടോളി അബ്ദുല്ല മൊല്ല, ഞെണ്ടോളി മൂസ്സക്കോയ മൊല്ല എന്നിവർ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളാണ്.

കൊണ്ടോട്ടി നേർച്ച ഒരു സാംസ്കാരിക സമന്വയത്തിൻെറ പ്രതീകമാണ്. വ്യത്യസ്ഥ മതവിഭാഗങ്ങൾ അവരുടെ തനത് കലാരൂപങ്ങൾ അവതരിപ്പിച്ചുകൊണ്ട് നടത്തപ്പെടുന്ന പെട്ടിവരവുകൾ വർണ്ണശബളിമയാർന്നതാണ്. നെടിയിരുപ്പിൽ നിന്ന് പുറപ്പെടുന്ന പെട്ടിവരവുകളിൽ പ്രകടമാകുന്ന കലാപ്രകടനങ്ങൾ നാടിൻെറ സാംസ്കാരിക വളർച്ചക്ക് നവോന്മേഷം പകർന്നിട്ടുണ്ട്.

മാപ്പിള കലകളിൽ ഒരു പ്രധാന ഇനമായ അറവാന കളിയിൽ മുൻപ്രധാന മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയിൽനിന്ന് അവാർഡ് വാങ്ങിയ മർഹൂം കാട്ടിൽ പീടികക്കൽ അവറാൻമൊല്ലാക്ക നെടിയിരുപ്പിൻെറ സന്തതിയാണ്. അദ്ദേഹത്തിൻെറ ശിഷ്യൻമാരിൽ പ്രമുഖരായ ചെറാഞ്ചീരി ഇബ്രാഹിം, കവുങ്ങും തോടൻ മുഹമ്മദ് എന്നിവരും അവരുടെ ശിഷ്യന്മാരും ഇന്നും അറവാനകളിൽ തനതായ ശൈലി അവതരിപ്പിക്കുന്നവരാണ്.

പരിചമുട്ട് കളിയിൽ പ്രശസ്തനായ പരേതനായ കിഴക്കേകര കുഞ്ഞപ്പനും ചവിട്ടുകളിയിൽ പ്രമുഖരായ വട്ടിയാർകുന്ന് കോളനിയിലെ ചെറള നീലാണ്ടനും, കീരനും കോട്ടാശീരിയിലെ വെളുത്തോൻ ശങ്കരൻ, പെരവൻ ചെറള കുഞ്ഞാത്തൻ തുടങ്ങിയവർ ഈ രംഗത്തു നടത്തിയ സേവനങ്ങൾ സ്മരണീയമാണ്. ജീവിച്ചിരിപ്പുള്ളവരിൽ N H കോളനിയിലെ പറമ്പീരി നീലാണ്ടൻ ചവിട്ടുകളിയുടെ ഗുരുക്കളാണ്.

ഹൈന്ദവ കലകളായ തിരുവാതിരകളി, ഓണത്തല്ല് എന്നിവ മുൻ കാലങ്ങളെയപേക്ഷിച്ച് കുറഞ്ഞിരിക്കുകയോ, നിർജീവാവസ്ഥ സംഭവിക്കുകയോ ചെയ്തിരിക്കുന്നു.

പടകളി, കോൽക്കളി, കളരിപ്പയററ് തുടങ്ങിയ കലകളിൽ കോൽകളിയൊഴികെ മററെല്ലാം നാമാവശേഷമായിരിക്കുന്നു. കോൽക്കളിയിൽ മുസ്ലിയാരങ്ങാടിയിലെ പരേതനായ പാമ്പോടൻ മമ്മുട്ടി പ്രശസ്തനായിരുന്നു. അദ്ദേഹത്തിൻെറ സേവനങ്ങൾ സ്മരണീയമാണ്.

മുൻകാലങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന നടീൽ പാട്ട് (വടക്കൻപാട്ട്) ഇന്ന്അപ്രത്യക്ഷ മായിരിക്കുന്നു. മുൻകാലങ്ങളിൽ നാ

ടൻ ചിറകളിൽനിന്നു് വെള്ളം ഒഴുക്കികളഞ്ഞും, കൊയ്ത്തുപാടങ്ങളിലും, കുളങ്ങളിലും നടന്നിരുന്ന മീൻപിടുത്തമെന്ന "മീൻ നായാട്ട്" ഇന്ന അപ്രത്യക്ഷമായിരിക്കുന്നു. ഇതിനൊരു ഉത്സവഛായതന്നെ അക്കാലത്തുണ്ടായിരുന്നു.

നെടിയിരുപ്പിലെ വിവിധ ക്ഷേത്രങ്ങളിലും വിശിഷ്യാ പൊയിലിക്കാവ് ക്ഷേത്രത്തിൽ ഉണ്ടാകാറുള്ള ഉത്സവങ്ങളും വിവിധ കലാപ്രകടനങ്ങൾക്ക് വേദിയാകാറുണ്ട്. അനുഷ്ഠാന കലകളും ക്ഷേത്രകലകളുമായി ബന്ധപ്പെട്ട കലാ രൂപങ്ങൾ ആദ്യകാലത്ത്തന്നെ ഇവിടെ ആഘോഷപൂർവ്വം അവതരിപ്പിച്ചിരുന്നു. താലപ്പൊലികൾ കണ്ണിനും, കരളിനും ആനന്ദം നൽകുന്നവയാണ്.

നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ പ്രധാനപ്പെട്ടത് ഗ്രന്ഥശാലകളാണ്. മൂന്ന് പ്രധാന ലൈബ്രറികളും, ഇരുപതോളം സന്നദ്ധസംഘടനകളും നെടിയിരുപ്പിൽഉണ്ട്. എന്നത് ചാരിതാർത്ഥ്യ ജനകമാണ്. 1954–ൽ സ്ഥാപിച്ച പൊതുജനവായനശാല ഗ്രന്ഥാലയം മുസ്ലിയാരങ്ങാടി. ഇസ്ലാഹി വായനശാല മുസ്ലിയാരങ്ങാടി, ശേഷം സ്ഥാപിക്കപ്പെട്ട മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സ്മാരക ഗ്രന്ഥാലയം കൊട്ടുക്കര CH മുഹമ്മദ്കോയ മെമ്മോറിയൽ ലൈബ്രറി & വായനശാല കോടങ്ങാട്, മൗലാനാ മുഹമ്മദലി ഇസ്ലാമിക് ലൈബ്രറി കൊട്ടുക്കര എന്നിവ പ്രധാനപ്പെട്ടവയാണ്. കൂടാതെ പതിനൊന്ന് സ്ക്കൂളുകളും ആറ് അമ്പലങ്ങളും, ഇരുപതോളം പള്ളികളും, അത്രതന്നെ മദ്രസ്സകളും, ഇരുപതിൽപരം അംഗൻവാടികളും നഴ്സറികളും ഈ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക സ്തംഭങ്ങളാണ്.

ടാസ്ക് മുസ്ലിയാരങ്ങാടി, പ്രതീക്ഷ നെടിയിരുപ്പ്, നെഹ്റു യൂത്ത് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, മുസ്ലിയാരങ്ങാടി, കൈരളി കുറുപ്പത്ത്, തനിമ കുറുപ്പത്ത്, പുതുമ കാളോത്ത്, ഉദയ ചാരംകുത്ത് യുണൈററഡ് യൂത്ത് സെൻറർ കൊട്ടുക്കര ജംഇയ്യത്തുൽ ശുബ്ബാനുൽ മുസ്ലിമീൻ, ഉദയ കോട്ടാശേരി, അംബേദ്കർ കോട്ടാശേരി, നെഹ്റു ക്ലബ്ബ് NH കോളനി. അതുല്യ NH കോളനി, നവോദയ ചെരുപ്പടി, അനുഗ്രഹ മേലേപറമ്പ് എന്നീ ക്ലബ്ബുകൾ പ്രധാനപ്പെട്ടവയാണ്.

ഗ്രന്ഥശാലകളുടെയും ക്ലബ്ബുകളുടെയും, പ്രവർത്തനങ്ങൾ നെടിയിരുപ്പിൻെറ സാമൂഹ്യസാംസ്കാരിക രംഗത്ത് കാതലായ മാററങ്ങൾ സംഭാവന നൽകിയിട്ടുണ്ട് എന്ന് ഈ അവസരത്തിൽ എടുത്ത് പറയട്ടെ. എന്നാൽ മുൻകാലങ്ങളിലുണ്ടായിരുന്ന ഉന്മേഷദായകമായ ഒരു മുന്നേററം സാംസ്കാരിക രംഗത്ത് ഈയിടെയായി കാണാനാവുന്നില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. അടുത്തകാലത്തായി യുവതലമുറയെ പിടികൂടിയിരിക്കുന്ന മയക്കമരുന്നുകളുടെയും, ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം തടയുന്നതിനും, യുവാക്കളെ അതിൽനിന്നു് പിൻതിരിപ്പിക്കുവാനുമായി ബോധവൽക്കരണം നടത്തേണ്ടതാണ്. വിദ്യാഭ്യാസ രംഗത്തും, വികസന രംഗത്തും കലാകായികരംഗത്തും മററു നിർമ്മാണ പ്രവർത്തന രംഗത്തും ഇപ്പോൾ നിലവിലുള്ളക്ലബ്ബുകൾക്ക് നേതൃത്വം കൊടുക്കാൻ കഴിയേണ്ടതാണ്. സെമിനാറുകളും, ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കണം. ആരോഗ്യകരമായ മനസ്സും ശരീരവും ഉണ്ടാകുമ്പോഴെ നാട്ടിൽ സാംസ്കാരിക ഉണർവ്വുണ്ടാകൂ. സ്ത്രീധനത്തിനെതിരെയും ആഭരണ ഭ്രമത്തിനെതിരെയും ബോധവൽക്കരിക്കേണ്ടതുണ്ട്. സാംസ്കാരിക പ്രവർത്തനത്തിൻെറ ഭാഗമാണത്. അനീതികളോടും, അധർമ്മങ്ങളോടും പ്രതികരിക്കുവാനുള്ള മനസ്ഥിതി യുവാക്കളിൽ കുറഞ്ഞുവരുന്നു. അദ്ധ്വാനിക്കുവാനുള്ള താല്പര്യം ഇല്ലാതാകുന്നു. ഇതെല്ലാം സാംസ്കാരിക അപചയങ്ങൾക്ക് നാന്ദിയായേക്കാം. പഞ്ചായത്തിലെ സന്നദ്ധ സംഘടനകൾ പൂർണ്ണമായും സജീവമല്ല എന്നത് ഖേദകരമാണ്. കഴിഞ്ഞകാല യുവാക്കൾ ചെയ്ത സേവനങ്ങൾ നാം അറിഞ്ഞു. നമ്മളും ചരിത്രത്തിൽ ഒരുവരിയെങ്കിലും ആയിത്തീരാൻ നമ്മുടെ ജനങ്ങളോടുള്ള, നാടിനോടുള്ള ബാധ്യത നിറവേററാൻ നിർജ്ജീവാവസ്ഥയിൽ നിന്നും ഉണർന്ന് ആവേശദായകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. യുവാക്കൾക്കേ അതിനു കഴിയൂ. യുവാക്കൾ ഒററക്കല്ല അവർക്ക് ക്ലബ്ബുകളും, സംഘടനകളുമുണ്ട്. അവരുടെ മനസ്സും, ശരീരവും പുതിയൊരു തീരുമാനത്തോടെ ഇപ്പോൾ പ്രവർത്തിക്കുന്നതിൽ നിന്നും ഉപരിയായി പ്രവർത്തിക്കുവാൻ രംഗത്തിറങ്ങുമെങ്കിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സാംസ്കാരിക ഭാവിയെക്കുറിച്ച് പരിതപിക്കേണ്ടതില്ല.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

1 മയക്ക്മരുന്ന്, ലഹരി പദാർത്ഥങ്ങൾ ഇവയുടെ ഉപയോഗം വർദ്ധിച്ച് വരുന്നു.

2 ഉപഭോഗ സംസ്കാര വ്യാപനം

3 വൈററ് കോളർ ജോബ് അവലംബം

4 വട്ടിപ്പണ വ്യാപനം

5 അദ്ധ്വാന തല്പരതയുടെ കുറവ്

6 ഗൾഫ് പണത്തിൻെറ ദുർവിനിയോഗം

7 സ്ത്രീധന ആഭരണഭ്രമം

8 നിർമ്മാണ രംഗത്തെ അമിത ചെലവ്

9 ആർഭാഢാധിഷ്ഠിത പരിപാടികൾ

10 ആത്മഹത്യ വർദ്ധനവ്

11 സന്നദ്ധ സംഘടനകളുടെ നിർജ്ജീവാവസ്ഥ

12 രാഷ്ട്രീയാധിപ്രസരം

പരിഹാരമാർഗ്ഗങ്ങൾ

1 ലഹരി പദാർത്ഥങ്ങളുടെ സുഖകരമായ ലഭ്യത തടയുക. വിതരണക്കാരെയും പ്രചാരകരെയും കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഉല്പാദനരംഗത്ത് ആവശ്യമായ പ്രോത്സാഹനവും സാങ്കേതിക സഹായവും നൽകുക. സമഗ്രമായ ബോധവൽക്കരണം ആവശ്യമാണ്.

3 പരമ്പരാഗതമായ തൊഴിലുകൾക്ക് അർഹമായ പരിഗണന നൽകുകയും ഏതൊരു തൊഴിലും മാന്യമായ തൊഴിലാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4 ബാങ്കിംഗ് സംവിധാനം കൂടുതൽ ലളിതവൽക്കരിക്കുകയും ലോൺ ലഭ്യമാകുന്നതിനുള്ള പ്രയാസങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. വട്ടിക്കാരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കാൻ കർമ്മസമിതി രൂപീകരിക്കുക.

5 യുവാക്കൾക്ക് അവരുടെ കഴിവുകൾ കണ്ടെത്തി വേണ്ടത്ര സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകേണ്ടതാണ്.

6 വ്യവസായ മേഖലയിൽ സാധ്യതയുള്ള മേഖലകളിലേക്ക് ആകർഷിപ്പിക്കുക.

7 സ്ത്രീ വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുകയും രക്ഷിതാക്കളിൽ ബോധവൽക്കരണം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

8 വിദഗ്ദമായ എജിനീയറിംഗ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് തലത്തിൽ ലിമിററ് എമൗണ്ട് സിസ്ററം നടപ്പിലാക്കുക. സ്റ്റോട്ടിലേക്ക് ഗതാഗത സൗകര്യം ഉറപ്പുവരുത്തുക. പൊങ്ങച്ചത്തിന്റെ വിപത്തിനെതിരിൽ ബോധവത്ക്കരണം നൽകേണ്ടതാണ്.

9 കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രവത്തിക്കാൻ കഴിവുള്ള സംഘടനകളെ കണ്ടെത്തി അവർക്ക്‌വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ഒരു സ്പോർട്സ് കൗൺസിൽ ആരംഭിക്കുക. അഫിലിയേഷനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ സൃഷ്ടിക്കുക. യുവാക്കളെ ആകർഷിപ്പിക്കുന്ന പരിപാടികൾക്ക് പഞ്ചായത്ത് തലത്തിൽ രൂപം നൽകുക. വികസന പ്രവർത്തനത്തിൽ അവരെ പങ്കാളികളാക്കുക.

10 രാഷ്ട്രീയാതിപ്രസരം വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ബഹുജന പങ്കാളിത്വമില്ലായ്മ പദ്ധതികളെ നിർജ്ജീവമാക്കുന്നു. സമഗ്രമായ ബോധവത്ക്കരണം നടത്തി പ്രശ്ന പരിഹാരം കാണേണ്ടതാണ്. ●

## 5-9 വനിതാക്ഷേമം

മനുഷ്യ സമൂഹത്തിന്റെ ഉന്നതിക്ക് വനിതാക്ഷേമം ആവശ്യമാണ്. സ്ത്രീ നന്നായാൽ കുടുംബം നന്നായി. കുടുംബം നന്നായാൽ നാടും നന്നായി. എന്നാൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും സാമൂഹ്യ പരമായ ജ്ഞാനം വർദ്ധിപ്പിക്കുന്നതിലും, സമൂഹം വളരെ പിന്നിലാണ്. സമീപ കാലത്ത് ഈ പ്രവണത കുറഞ്ഞുവരികയും, സ്ത്രീകൾ പല രംഗത്തും മുന്നോട്ട്‌വരികയും ചെയ്യുന്നുണ്ട്. ഇതൊരു ശുഭ സൂചനയാണ്. അനുകൂലമായ ഘടകങ്ങൾ ഉൾപ്പെടുത്തി സ്ത്രീ സമൂഹത്തിന് ക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കിയാൽ സമൂഹത്തിൽ തന്നെ വമ്പിച്ച ഉണർവ്വ് ദൃശ്യമാകും.

നെടിയിരുപ്പിലെ വനിതകൾക്ക് പണ്ട് സാമൂഹ്യപ്രവർത്തന മേഖലകളിൽ പങ്കാളിത്തം തീരെ കുറവായിരുന്നു. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കവും. ബ്രിട്ടീഷുകാരോടുള്ള ശക്തമായ വിരോധവും, ഇന്ത്യൻ ദേശീയതയോടുള്ള അടങ്ങാത്ത കൂറും നിമിത്തം ഇംഗ്ലീഷും മലയാളവും പഠിക്കുന്നതിൽനിന്ന് മുസ്ലിം സമൂഹം മനഃപൂർവ്വം പിന്തിരിഞ്ഞ് നിന്നു. മുസ്ലിം പണ്ഡിതൻമാരും സാമൂഹ്യ പരിഷ്കർത്താക്കളും ആശയ വിനിമയത്തിനായി അറബി–മലയാളം ഭാഷയെയാണ് ആശ്രയിച്ചത്. പള്ളിക്കൂടങ്ങളിലും, ഓത്തുപള്ളികളിലും അറബി മലയാളമായിരുന്നു മാധ്യമം. മാപ്പിളപ്പാട്ടുകളും കിസ്സപ്പാട്ടുകളും, ഒപ്പനകളും മുൻകാലങ്ങളിൽ സ്ത്രീകൾക്കിടയിൽ വ്യാപകമായിരുന്നു. ഹിന്ദു സമുദായത്തിലെ ജനങ്ങൾക്കിടയിലും ഈ ജീർണത കാണാമായിരുന്നെങ്കിലും, ഉന്നത ജാതിക്കാർ വിദ്യാഭ്യാസപരമായി മുന്നോക്കമായിരുന്നു. പട്ടികജാതിക്കാർ സാമൂഹ്യ അധഃപതനത്തിൽ തന്നെ കഴിഞ്ഞ് കൂടുകയായിരുന്നു.

കെടുതികൾ കൂടുതലും അനുഭവിച്ചിരുന്നത് സ്ത്രീകളാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇതിന് കുറച്ചൊക്കെ മാറ്റം വന്നു. പെൺകുട്ടികളെ സ്കൂളിൽ അയക്കാൻ തുടങ്ങിയെങ്കിലും പ്രൈമറി ഘട്ടത്തോടുകൂടി പെൺകുട്ടികൾ വിദ്യാഭ്യാസം നിർത്തുന്ന സ്ഥിതിയായിരുന്നു. ഗാർഹിക ജോലികളും സാമ്പത്തിക ബുദ്ധിമുട്ടും പെൺകുട്ടികളെ വിദ്യാഭ്യാസത്തിൽനിന്നും അകറ്റി. സാക്ഷരതാ, CBNP പ്രവർത്തനം വനിതകളെ ബോധവതികളാക്കാൻ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. തുടർവിദ്യാഭ്യാസവും അക്ഷര സംഘങ്ങളുടെ പ്രവർത്തനം നിലച്ചതും സ്ത്രീകളെ സംബന്ധിച്ചേടത്തോളം വലിയ നഷ്ടമാണ്. ജനവിദ്യാ കേന്ദ്രങ്ങൾ അങ്ങാടിയിൽ കേന്ദ്രീകരിച്ച് പ്രവത്തിക്കുന്നതിനാൽ സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം തീരെ ലഭിക്കുന്നില്ല. ഇന്ന് വിദ്യാഭ്യാസം നേടിയ കുറെ വനിതകൾ ഈ പഞ്ചായത്തിലുണ്ട്.

ആരോഗ്യ കാര്യത്തിലും സ്ത്രീകൾ വളരെ പിന്നോക്കമാണ് പ്രധാന കാരണം പോഷകാഹാരക്കുറവാണ്. അടുത്തടുത്തുള്ള പ്രസവവും ഗാർഹിക ജോലിഭാരവും ഇതിനെ ആക്കം കൂട്ടുന്നു. PHC കളിലേയും കോ ഓപ്പറേറ്റീവ് ആശുപത്രിയിലേയും ഒ. പി. റജിസ്റ്റർ വിവരങ്ങൾ നോക്കുമ്പോൾ സ്ത്രീകളും, കുഞ്ഞുങ്ങളുമാണ് കൂടുതൽ രോഗികളായുള്ളത്. ഇതിന് മാറ്റം അത്യാവശ്യമാണ്.

വിദ്യാഭ്യാസം നേടിയ വനിതകളുണ്ടെങ്കിലും തൊഴിൽ രംഗത്ത് അവരുടെ സാന്നിദ്ധ്യം കുറവാണ്. കൂടുതലും സ്ത്രീകൾ കാർഷികമേഖലയിലും നിർമ്മാണജോലിയിലുമാണ്. എന്നാൽ കാർഷിക മേഖലയിലെ മുരടിപ്പ് സ്ത്രീകളിലും തൊഴിൽ സാധ്യത കുറച്ചിട്ടുണ്ട്. അധ്യാപന രംഗത്ത് സ്ത്രീകളുടെ സാന്നിധ്യം കൂടി വരുന്നുണ്ട്.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. പായനെയ്ത്ത്, ചൂടിപിരിക്കൽ, കുട്ട, വട്ടി, പനമ്പ്, മുറം എന്നിവ ഉണ്ടാക്കൽ ഓലമെടച്ചിൽ എന്നിവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം. കൂലികുറവ് എന്നിവ ഈ തൊഴിലുകളെ മുരടിപ്പിക്കുന്നു. ഇതിൽ കൂടുതൽ സ്ത്രീകളായിരുന്നു ഏർപ്പെട്ടിരുന്നത്. സ്ത്രീകൾക്ക് ശരാശരി പുരുഷന്മാരുടെ പകുതി വേതനമാണ് ലഭിക്കുന്നത് ഇതിന് ഒരു മാററം അനിവാര്യമാണ് തുല്യ ജോലിക്ക് തുല്യവേതനം തന്നെ നൽകാനുള്ള സംവിധാനം അത്യാവശ്യമാണ്. അടുക്കളതോട്ടങ്ങൾ, കോഴി വളത്തൽ കന്നുകാലിവളർത്തൽ തുടങ്ങിയവ മുമ്പത്തെ അപേക്ഷിച്ച് ഇന്ന് കുറവാണ്. സ്ഥലസൗകര്യക്കുറവും, രോഗബാധയും ഇതിൽനിന്ന് പിന്തിരിയാനുള്ള കാരണങ്ങളാണ്.

പഞ്ചായത്തിൽ 19 അംഗൻവാടികളുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം തുടങ്ങിയിട്ട് 2വർഷമേ ആയിട്ടുള്ളു. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 206 ഗർഭിണികളും 247 മുലയൂട്ടുന്ന അമ്മമാരുമുണ്ട്. ഇതിൽ മിക്കപേർക്കും വേണ്ടത്ര ശുശ്രൂഷകൾ ലഭിക്കുന്നില്ല. രോഗ പ്രതിരോധകുത്തിവെപ്പുകൾ കുറെയൊക്കെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴിയും, മററു ആശുപത്രികൾ വഴിയും ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ 4 ഡവലപ്പ്മെൻറ് ഇൻ വുമൺ ആൻറ് ചിൽഡ്രൻസ് റൂറൽ ഏരിയാസ് (DWCRA) യൂണിററുകളാണുള്ളത്. എന്നാൽ ഇപ്പോൾ ഇവയുടെ പ്രവർത്തനം നടക്കുന്നില്ല. വനിതാ വ്യവസായ യൂനിററുകൾ ഒന്നുംതന്നെയില്ല. മഹിളാസമാജങ്ങളുടെ പ്രവത്തനം കുറവാണ്. സ്ത്രീകളുടെ ക്ഷേമത്തിനും, പുരോഗതിക്കും വേണ്ടി പല പദ്ധതികളും, ആനുകൂല്യങ്ങളും ഉണ്ടെങ്കിലും അവയൊന്നും വനിതകൾക്ക് ലഭിക്കുന്നില്ല, ഉപയോഗപ്പെടുത്തുന്നില്ല.

സ്ത്രീകൾ ഇന്നും നേരിടുന്ന വെല്ലുവിളി സ്ത്രീധനം തന്നെയാണ്. വിവാഹപ്രായമെത്തിയ പെൺകുട്ടികൾ ധാരാളമുണ്ട്. സാമ്പത്തിക പരാധീനതമൂലം ഇവർ അവിവാഹിതരായി തന്നെ കഴിയുന്നു. കൂടാതെ ആഭരണഭ്രമവും, ഫാഷനുകളുടെ പിന്നാലെപോക്കും മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതും സ്ത്രീകൾ തന്നെയാണ്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്മൂലം കഷ്ടപ്പെടുന്ന ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട് ചാരായ നിരോധം അൽപം ആശ്വാസം നൽകിയിട്ടുണ്ടെങ്കിലും കോളനികളിൽ പറയത്തക്ക മാററം വരുത്തിയിട്ടില്ല. വനിതകൾ കുടുംബ നാഥകളായിട്ടുള്ള ഒട്ടേറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവിടെയുള്ള ഭൂരിപക്ഷം വീടുകളിലും ഗാർഹിക ജോലികൾ, വിറകുശേഖരണം മററും ചെയ്യുന്നത് സ്ത്രീകൾ തന്നെയാണ്.

## പ്രശ്നങ്ങൾ

1 സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും, തൊഴിലില്ലായ്മയും.
2 തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനം.
3 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ സ്ത്രീകളോടുള്ള അവഗണന.
4 ഗാർഹികമായ ചുററുപാടുകളും ജോലികളും.
5 സംഘടനാ പ്രവർത്തനത്തിലും, പൊതുവേദികളിലും സ്ത്രീകളുടെ അഭാവം.
6 കുടിവെള്ളം എത്തിക്കുന്ന ഭാരിച്ച ജോലി
7 അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും
8 ബാലികാ വിവാഹവും, അടുത്തടുത്തുള്ള പ്രസവവും.
9 പോഷകാഹാര കുറവ്.
10 വനിതാസഹകരണ സംഘങ്ങൾ, തൊഴിൽ യൂണിററുകൾ തുടങ്ങിയവയുടെ അഭാവം.
11 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
12 സ്ത്രീധനവും ആഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
13 അശ്ലീല ചിത്രങ്ങളും കാസററുകളുടെ പ്രദർശനവും.
14 മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും.
15 ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം അറിയാതിരിക്കൽ.

## സാധ്യതകൾ

1 വിദ്യാഭ്യാസം നേടിയ വനിതകൾ ധാരാളമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും തുടങ്ങാവുന്നതാണ്.

2 വനിതാ സർവ്വീസ് സഹകരണ ബാങ്കുകൾ സ്ഥാപിക്കാവുന്നതാണ്.

3 വിദ്യാ സമ്പന്നരായ സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രത്യേക നേതൃത്വ പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

4 സി. ബി. എൻ. പി. പ്രവർത്തനം പോലെയുള്ള വനിതാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

5 അടുക്കളത്തോട്ടകൃഷികളും, സ്വയംതൊഴിൽ യൂണിററുകളും സ്ഥാപിക്കാവുന്നതാണ്.

6 അക്ഷര സംഘങ്ങളുടെയും സാക്ഷരതാ ക്ലാസുകളുടെയും പുന:സ്ഥാപനം.

7 വനിതാ വായന ശാലകളും. മൊബൈൽ ലൈബ്രറികളും രൂപീകരിക്കുക.

8 അംഗന വാടികളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

### ഗ്രാമസഭകളിൽ ഉയർന്ന ആവശ്യങ്ങൾ

1 വനിതകൾക്കായി സ്വയം തൊഴിൽ യൂണിററുകളും കുടിൽ വ്യവസായങ്ങളും തുടങ്ങണം.

പ്രധാന കുടിൽ വ്യവസായങ്ങൾ:-

തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, സോപ്പ് നിർമ്മാണം, പപ്പടം, കയർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവ.

2 പച്ചക്കറി കൃഷി, ആടു–മാട് വളർത്തൽ തുടങ്ങിയവക്ക് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

3 പരമ്പരാഗത തൊഴിലുകളായ കുട്ട. വട്ടി, പായ, കയർ, തൊപ്പിക്കുട തുടങ്ങിയവക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

4 സാക്ഷരതാ ക്ലാസുകളും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും സ്ഥാപിക്കുക.

5 വനിതാ മൊബൈൽ ലൈബ്രറികൾ സ്ഥാപിക്കുക. ഇതിൻെറ നിയന്ത്രണം വനിതകളെ ഏൽപിക്കുക.

6 സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ പഞ്ചായത്തിൽ തുന്നൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

7 മഹിളാ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8 പോഷകാഹാര കുറവും ആരോഗ്യ സംരക്ഷണത്തിന്നുതകുന്നതുമായ പ്രവർത്തനങ്ങൾ നടത്തുക.

9 സ്ത്രീകളുണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.

10 വനിതാ സംരഭങ്ങൾക്ക് പലിശ രഹിത വായ്പയും, സബ്സിഡിയും ലഭ്യമാക്കുക.

11 ബോധവൽക്കരണ ക്ലാസുകൾ നടത്താൻ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

12 വനിതാ വ്യവസായ സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

13 വനിതാ സെൽ രൂപീകരിക്കുക.

14 വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക പെൻഷൻ തുടങ്ങിയവ അർഹരായ എല്ലാവർക്കും നൽകുക. ഇതിനായി പഞ്ചായത്ത് തലത്തിൽ സമിതി ഉണ്ടാക്കുക.

15 സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് ക്ഷേമപ്രവർത്തനങ്ങളിൽ മുൻഗണന നൽകുക.

16 കുടുംബ സദസ്സുകൾ സംഘടിപ്പിക്കുക. (25 കുടുംബങ്ങളെ ഉൾക്കൊള്ളിച്ച് ആഴ്ചയിലൊരിക്കൽ കൂടിച്ചേരാനും, അതിന് വേണ്ട നിർദ്ദേശ സഹായങ്ങളും നൽകുക.

17 പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുക

18 സ്കൂളുകളിൽ പെൺകുട്ടികളുൾപ്പെടെയുള്ളവർ കൊഴിഞ്ഞ് പോകുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

19 ഒരു വനിതാകോളേജ് സ്ഥാപിക്കുക.

20 നഴ്സസ് പരിശീലന കേന്ദ്രവും, പ്രൈമറി–പ്രീപ്രൈമറി തലത്തിലുള്ള ടീച്ചർ ട്രെനിംഗ് ഇൻസ്റ്റിററ്യൂട്ടുകളും അനുവദിച്ച് നടപ്പിലാക്കുക.

21 ഫാമിലി കൗൺസിലിംഗ് സെൻറർ സ്ഥാപിക്കുക.

22 മദർ കെയർ സെൻറർ സ്ഥാപിക്കുക.

23 സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിലുള്ള മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുക.

24 സാമ്പത്തിക പരാധീനതയനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായവും മററു സൗകര്യങ്ങളും ലഭ്യമാക്കുക. ●

# 5-10 സഹകരണം

ജന്മിത്വവും നാട്‌വാഴിത്വവും, ജാതി ക്കോമരങ്ങളും അധഃസ്ഥിത വിഭാഗങ്ങളെ അടിമകളാക്കി പരമാവധി ചൂഷണം ചെയ്തിരുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കുന്ന ജാതിമേധാവിത്വവും മാടമ്പി സംസ്കാരവും സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളുടെയും നിയമ നിർമ്മാണങ്ങളിലൂടെയും പിഴുതെറിയാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ബ്ലൈഡ് ഇടപാടിന്റെ പ്രാകൃത രൂപമായിരുന്ന പണയ വ്യവസ്ഥയിലൂടെ ദുർബല വിഭാഗം സമ്പന്നരുടെ ചൂഷണത്തിന് വിധേയമായിരുന്നു. ഈ ചൂഷണ വ്യവസ്ഥിതിയിലകപ്പെട്ട് സാധാരണക്കാർ കിടപ്പാടം വരെ വിററ് കടം തിരിച്ചടക്കേണ്ട ഒരു സാഹചര്യം നിലനിന്നിരുന്നു. സഹകരണ പ്രസ്ഥാനം ഉടലെടുത്തതോടെയാണ് ഈ അവസ്ഥക്ക് കാര്യമായ ഒരു മാററം സംഭവിച്ചത്.

ഈ പഞ്ചായത്തിൽ ഏതാണ്ട് 60 വർഷങ്ങൾക്ക് മുമ്പ്തന്നെ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം എന്ന നിലയിൽ പരസ്പര സഹായ വിവിധോദ്ദേശ സഹകരണ സംഘത്തിന് തുടക്കം കുറിച്ചു. ഇതിന്റെ പ്രവർത്തനം മന്ദഗതിയിലും ജനങ്ങൾക്ക് ഉപകാരത്തിന് പകരം ഉപദ്രവമായി ഭവിക്കുകയും ചെയ്തു. ക്ലിപ്ത രഹിത ബാദ്ധ്യതയുള്ള സംഘമായതിനാൽ നിരപരാധികളായ മെമ്പർമാർക്ക് സംഘത്തിന്റെ ബാദ്ധ്യതയിൽ അകപ്പെടേണ്ടിവന്നു. തൽഫലമായി ജനങ്ങൾക്ക് സംഘത്തിനോടുള്ള വിശ്വാസം നഷ്ടപ്പെടുകയും സംഘത്തിന്റെ പ്രവർത്തനം ഇല്ലാതാകുകയും ഏകദേശം 1964ൽ പ്രസ്തുത സംഘം ലിക്വിഡേററ് ചെയ്യുകയും ചെയ്തു.

ഓരോ പഞ്ചായത്തിലും ഓരോ സർവ്വീസ് സഹകരണ സംഘം രൂപീകരണമെന്ന സർക്കാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശത്തെ വ്യക്തികൾ കൂട്ടായി ആലോചിച്ച് 1965 മെയ് മാസത്തിൽ നെടിയിരുപ്പ് സർവ്വീസ് സഹകരണ സംഘം രൂപീകരിക്കുകയും 1965 ജൂലൈ 21-ാംതിയ്യതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പഞ്ചായത്തിൽ 8 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

1 നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്.
2 നെടിയിരുപ്പ് ഹരിജൻ കോളനൈസേഷൻ സഹകരണ സംഘം.
3 നെടിയിരുപ്പ് സഹകരണ ആശുപത്രി.
4 നെടിയിരുപ്പ് ഹരിജൻ സൊസൈററി
5 മൾബറി കൾച്ചറൽ സൊസൈററി.
6 ക്ഷീരോത്പാദക സഹകരണ സംഘം (വാർഡ് 2, 7)
7 ഖാദി ഗ്രാമോദ്ധാരണ സഹകരണസംഘം
8 പട്ടികജാതി, കൈത്തറി, നെയ്ത്ത് വനിതാ സഹകരണ സംഘം.

വിവിധ കാരണങ്ങളാൽ ഇതിൽ 5 സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിലച്ചു. 3 സഹകരണ സ്ഥാപനങ്ങൾ ഇപ്പോഴും സജീവമായി നിലകൊള്ളുന്നുണ്ട്.

ഒരു സഹകരണ കോളേജ്, കൊണ്ടോട്ടി അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ് ബാങ്ക് എന്നിവ ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

## നെടിയിരുപ്പ് സർവ്വീസ് സഹകരണബേങ്ക്

ഈ പഞ്ചായത്തിൽ എല്ലാവിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമായി പ്രവർത്തനം നടത്തുന്ന ഏക സഹകരണ സ്ഥാപനമാണ് നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്. ഈ സംഘത്തിൽ 4661 അംഗങ്ങളുണ്ട്. അംഗീകൃത ഓഹരി മൂലധനം 25 ലക്ഷവും 13 ലക്ഷം പിരിഞ്ഞ് കിട്ടിയ മൂലധനവുമാണ്. സർക്കാർ ഓഹരിയായി ലഭിച്ചത് 51,000 രൂപയുമാണ് കാർഷിക വായ്പകളിൽ വാഴ ഇനത്തിൽ 21,96250 രൂപയും, കാർഷികേതര ഇനത്തിൽ 1804200 രൂപയും, കെട്ട് തെങ്ങ് വായ്പയായി 80,000 രൂപയും, ഐ. ആർ. ഡി. പി. ഇനത്തിൽ 122300 രൂപയും, സ്വർണ്ണ പണയമായി 8220800 രൂപയും അനുവദിച്ചു. കൂടാതെ കിണർ കുഴിക്കുന്നതിന് 11,000 രൂപയും ഹൗസിംഗ്ലോൺ 13340 രൂപയും അനുവദിച്ചതിൽ ബാക്കി നിൽപ്പുണ്ട്.

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ആകെ അംഗങ്ങൾ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി |
|---|---|---|---|---|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബേങ്ക് | 1965 | 4661 | 12 | 25ലക്ഷം | 13ലക്ഷം | 51,000 |

വായ്പ സംബന്ധിച്ച വിവരങ്ങൾ

| വാഴ (കാർഷികം) | കാർഷികേതര വായ്പകൾ | കെട്ട്തെങ്ങ് | I R D P | കിണർ വായ്പ | ഹൗസിംഗ് | സ്വർണ്ണ പണയം |
|---|---|---|---|---|---|---|
| 2196250 | 1804200 | 80,000 | 122300 | 11,000 | 13,340 | 8220300 |

കർഷകർക്ക് തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ പെൻഷൻ, ദത്തെടുക്കൽ പദ്ധതി തുടങ്ങിയ സർക്കാർ പരിപാടികൾ ബാങ്ക് മുഖേന നടത്തിയിരുന്നു.

ഈ സംഘത്തിൻെറ കീഴിൽ അതാത് കാലങ്ങളിൽ കൊപ്ര സംഭരണം, കശുവണ്ടി സംഭരണം സഹകരണ ഓണച്ചന്തകൾ എന്നിവ പ്രവർത്തിക്കാറുണ്ട്. കർഷകർക്ക് ന്യായമായ വിലക്ക് വളവും കീടനാശിനികളും ലഭ്യമാകത്തക്കരീതിയിൽ2 വളം ഡിപ്പോകൾമുസ്ലിയാരങ്ങാടിയിലും കൊട്ടുക്കരയിലും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. ഓഹരി അംഗങ്ങൾ കൂടുതൽ താമസിക്കുന്ന മുസ്ലിയാരങ്ങാടിയിൽ സംഘത്തിൻെറ ഒരു ബ്രാഞ്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1 ഗവൺമെൻറിൻെറയും ജില്ലാസഹകരണ ബാങ്കിൻെറയും നിയന്ത്രണങ്ങളും നിയമങ്ങളും മൂലം സഹായം ആവശ്യപ്പെടുന്നവർക്ക് എല്ലാവർക്കും യഥാസമയം അനുവദിക്കാൻ സാധിക്കുന്നില്ല.

2 ഈ പഞ്ചായത്തിൽ വ്യവസായ സഹകരണ സംഘമോ, ക്ഷീരസഹകരണ സംഘമോ പ്രവർത്തിക്കുന്നില്ല.

3 നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ല.

4 വളരെ കുറഞ്ഞ സംഖ്യയാണ് ഇപ്പോൾ വായ്പയായി നിലവിലുള്ള സംഘങ്ങൾ നൽകുന്നത്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1 മററു ബാങ്കുകൾ കൊടുക്കുന്ന വായ്പക്കുള്ള പലിശയേക്കാൾ കുറഞ്ഞപലിശക്ക് സഹകരണ ബാങ്കിൽനിന്ന് കൊടുക്കാനുള്ളസൗകര്യം ഉണ്ടാക്കുക.

2 ബാങ്കുകളുടെ സാമ്പത്തികനില നോക്കാതെ ഗവൺമെൻറ് 'എ' ക്ലാസ് പദവി നൽകി ഓഹരികൾ വർദ്ധിപ്പിക്കുക.

3 സഹകരണബാങ്കിൽനിന്നും വായ്പ വാങ്ങുമ്പോൾ ഓഹരിസംഖ്യ ഒഴിവാക്കുന്നതുപോലെ സഹകരണ ബാങ്കുകൾ ജില്ലാ ബാങ്കിൽ നിന്നെടുക്കുന്ന വായ്പകൾ ഓഹരി അനുപാതം ഒഴിവാക്കുക.

4 കുടിശിഖ പിരിക്കുന്നതിനുള്ള എല്ലാ ചിലവും ജില്ലാ സഹകരണബാങ്ക് വഹിക്കണം.

5 സ്വകാര്യ ധനസഹായ സ്ഥാപനങ്ങളെ ഒഴിച്ചുനിർത്തത്തക്കവിധത്തിൽ നിയമനിർമ്മാണം ഉണ്ടാക്കുക.

6 വായ്പകളുടെ ഉപയോഗത്തെക്കുറിച്ച് കണിശമായി മേൽനോട്ടം വഹിക്കേണ്ടതും അവരുടെ ആവശ്യങ്ങളും താൽപര്യങ്ങളും പരിശോധിക്കുകയും വേണം.

7 കർഷകൻെറ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും വായ്പകൾ സുഗമമായി തിരിച്ചടക്കുന്നതിനും ഉല്പന്നങ്ങൾ സഹകരണ ബാങ്ക്‌വഴി സംഭരിച്ച് വിപണന സംഘങ്ങൾ വഴി വിൽക്കുവാനുള്ള സംവിധാനം വേണം.

8 നിക്ഷേപങ്ങൾക്ക് മററു ബാങ്കുകൾകൊടുക്കുന്നതിനേക്കാൾ പലിശ സഹകരണ ബാങ്കുകൾക്ക് നൽകുവാനും എല്ലാതരം നിക്ഷേപങ്ങൾക്കും സർക്കാർ ഗ്യാരണ്ടി നൽകുവാനുമുള്ള നിയമ നടപടി സ്വീകരിക്കുക.

9 ഈ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

10 പഞ്ചായത്ത്, സഹകരണബാങ്ക്, കൃഷിഭവൻ എന്നിവ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

11 ക്രഡിററ് കാർഡ് സമ്പ്രദായം സഹകരണബാങ്കിൽ നടപ്പിലാക്കുക

12 സഹകരണ ബാങ്കുകളിൽ ചിട്ടി നടപ്പിലാക്കുകയും സഹകരണ ബാങ്കുകളെ ചിട്ടി നിയമങ്ങളിൽനിന്ന് ഒഴിവാക്കുകയുംചെയ്യുക.

13 കാർഷിക വായ്പകൾക്ക് ഇൻഷൂറൻസ് നടപ്പിലാക്കുക.

14 ബാങ്കിംഗ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളെ NRE അക്കൗണ്ടുകൾ സ്വീകരിക്കുന്നതിന്‌വേണ്ടിയുള്ള നിയമ നടപടികൾ സ്വീകരിക്കുക.

15 പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സഹകരണസ്റ്റോർ ബാങ്കിൻെറ കീഴിൽ നടത്തുക.

16 കുറവ് വരുന്ന സാധനങ്ങളുടെ വിലയിൽ വരുന്ന നഷ്ടം സക്കാർ സഹായംമുഖേന നികത്തുവാൻവേണ്ട സംവിധാനം ഉണ്ടാക്കുക.

17 ഓരോ വർഷവും വായ്പാപരിധി ഭരണ സമിതി ഉണ്ടാക്കുക.

18 കുടിശിക പിരിക്കുന്നതിനുള്ള എല്ലാ ചിലവുകളും ജില്ലാ സഹകരണ ബാങ്ക്‌വഹിക്കണം.

19 വായ്പ അടച്ചുവീട്ടാൻ പ്രയാസപ്പെടുന്നവർക്ക് കാലാവധി നീട്ടിക്കൊടുക്കുവാൻ ഭരണസമിതിക്ക് അധികാരം നല്കേണ്ടതാണ്.

20 സഹകരണ ബാങ്കുകളിൽ ഒരു വാല്യൂഷൻ ഇൻസ്പെക്ടറെ ഡിപ്പാർട്ട്മെൻറിൽനിന്നോ ജില്ലാ ബാങ്കിൽനിന്നോ നിയമിക്കേണ്ടതും ആയതിൻെറ ചിലവ് ഡിപ്പാർട്ട്മെൻേറാ ജില്ലാബാങ്കോ വഹിക്കേണ്ടതുമാണ്.

21 ജനങ്ങൾക്ക് പ്രയോജനപ്രദമായതും ബാങ്കുകൾക്ക് ലാഭകരമായതുമായ ബിസിനസുകൾ തുടങ്ങുക.

22 ബ്രാഞ്ചുകളില്ലാത്ത സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങാനുള്ള അനുമതി ഭരണ സമിതിക്ക് നൽകുക.

23 പരിശോധന, ഓഡിറ്റ് ഇവ കൃത്യമായി നടത്തുക.

24 ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ ഒന്നിച്ച് കൊണ്ടുപോകാനും സംഭരണം. വിപണനം, സംസ്കരണം അതാതു മേഖലകളിലെ സ്ഥാപനങ്ങളുമായി യോജിച്ച് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

25 അനുവദിച്ച വായ്പകൾ ഉപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താനും വായ്പകൾ തിരിച്ചടക്കാനുമുള്ള ബോധവൽക്കരണം നടത്തുക ●

## 5-11 പട്ടികജാതി ക്ഷേമം

കേരളത്തിൻെറ സാമൂഹ്യ വ്യസ്ഥയിൽ മുമ്പെന്നോ വേരൂന്നി വളർന്ന ജാതി കോമരങ്ങളും മററ് സാമൂഹിക വിലക്കുകളും പട്ടികജാതി വർഗങ്ങളെ സാമൂഹിക ജീവിതത്തിൻെറ പുറമ്പോക്കുകളിലേക്ക് ആട്ടിയകററി എന്നത്ഒട്ടുംവിദൂരമല്ലാത്ത ഒരു ചരിത്രസത്യം. ദേശീയ പുരോഗതി യാഥാർത്ഥ്യമാകണമെങ്കിൽ ദുർബലവിഭാഗങ്ങളെക്കൂടി സാമൂഹിക ജീവിതത്തിൻെറ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടതായുണ്ട്. ഈ വിഭാഗത്തിൻെറ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് സർക്കാരിൻെറ വിവിധ ഏജൻസികൾ ഏറെ പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പാക്കിയെങ്കിലും യഥാർത്ഥത്തിൽ അവയെല്ലാം തന്നെ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പോയിയെന്നത് സത്യമാണ്.

കേരളത്തിൽ തന്നെ ഏററവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നെടിയിരുപ്പ് പഞ്ചായത്ത്. 250ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന നെടിയിരുപ്പ് ഹരിജൻ കോളനിയും, 125 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോട്ടാശേരി കോളനിയുമടക്കം 13 ഓളം പട്ടികജാതികോളനികൾ ഈ പഞ്ചായത്തിലുണ്ട് മൂൻ കാലങ്ങളെ അപേക്ഷിച്ച് പട്ടികജാതിക്കാരുടെ ജീവിത നിലവാരത്തിൽ അല്പം ചില നല്ല മാററങ്ങൾ വന്നെങ്കിൽപോലും ഭൂരിപക്ഷവും ഇന്നും ഇല്ലായ്മയുടെയും, അവഗണനയുടെയും, ചൂഷണത്തിൻെറയും കൈപ്പേറിയ അനുഭവങ്ങൾ ഏററുവാങ്ങുന്നവരാണ്.

പഞ്ചായത്തിലെ മൊത്തം പട്ടികജാതി കോളനികളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പല പദ്ധതികളും നടപ്പിലാക്കിയെങ്കിലും ഒന്നുംതന്നെ ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. (ഉദാ; ചീക്കോട് ശുദ്ധജല പദ്ധതി) അതേപോലെതന്നെ ഗതാഗതസൗകര്യം തീരെ അപര്യാപ്തമാണ്. മിക്കകോളനികളിലും വിദ്യാഭ്യാസ രംഗത്ത് പ്രാഥമികസൗകര്യങ്ങൾപോലും ഒരു പട്ടികജാതി കോളനിയിലും ഇല്ല. ഒട്ടുമിക്ക പട്ടികജാതി യുവാക്കളും SSLC വരെയെങ്കിലും വിദ്യാഭ്യാസമുള്ളവരാണ്. പലവിധ കാരണങ്ങളാൽ അവരുടെ വിദ്യാഭ്യാസം ഇടക്ക് നിർത്തേണ്ടതായി വരുന്നു. ചുരുക്കം ചില ബിരുദധാരികളായ ചെറുപ്പക്കാരും ഇവർക്കിടയിലുണ്ട്. സക്കാർ ജോലിയുള്ളവർ നന്നേ കുറവാണ്. ആധുനിക രീതിയിലുള്ള മൽസര പരീക്ഷകളിൽ വിജയി ക്കുവാൻ ഇവർക്ക് കഴിയുന്നില്ല. കാർഷിക രംഗത്തും നിർമ്മാണ രംഗത്തും പ്രവർത്തിക്കുന്നവരാണ് ഭൂരിഭാഗവും. വിദ്യാഭ്യാസ കാലത്ത്തന്നെ കൂലിപണിക്ക്പോകേണ്ടുന്ന വിദ്യാർത്ഥികൾ പട്ടികജാതിക്കാർക്കിടയിലുണ്ട്. ഇത് ഒരു പരിധിവരെ വിദ്യാർത്ഥികളുടെ പൊഴിഞ്ഞ്പോക്കിന് കാരണമാകുന്നു. തൊഴിലില്ലാത്ത ഒട്ടേറെ യുവതീയുവാക്കൾ വിവിധ കോളനികളിലുണ്ട്. സാംസ്കാരിക കലാരൂപങ്ങളായ ചവിട്ടുകളി, ചരിചമുട്ടുകളി, കോൽക്കളി, മുടിയാട്ടം, തിരുവാതിരക്കളി എന്നിവ പട്ടികജാതി കോളനികളിൽ നിലവിലുണ്ടെങ്കിലും പുതിയ തലമുറ ഇവക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല.

പട്ടികജാതി കോളനികളിൽ അവരുടേതായി ക്ഷേത്രങ്ങളും അതോടനുബന്ധിച്ചുള്ള ആചാരങ്ങളും നിലനിൽക്കുന്നുണ്ട്. മദ്യംഉപയോഗിക്കുന്ന ഒരു വലിയ വിഭാഗം പട്ടികജാതിക്കാരുണ്ട്. ഇവരെ സംബന്ധിച്ചേടത്തോളം പാരമ്പര്യ വിശ്വാസങ്ങളുമായി ബന്ധമുള്ള ഒന്നാണ് മദ്യം. കോളനികളിൽ പെടാത്ത ധാരാളം പട്ടിക ജാതി കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. ഇതര മതസ്തരുമായി നല്ല രീതിയിലുള്ള ബന്ധമാണ് നിലനിൽക്കുന്നത്. വിവിധ ചടങ്ങുകൾക്ക് പരസ്പരം പങ്കെടുക്കാറുണ്ട്.

പഞ്ചായത്തിലെ കോളനികളെ (പട്ടിക ജാതി) സംബന്ധിക്കുന്ന മററ്ചില വിവരങ്ങൾ.

## 1 കുന്നത്ത്പൊററ പട്ടികജാതി കോളനി.

ഈ പഞ്ചായത്തിൽ ഒന്നാംവാർഡിൽ 15 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന ഒരു കോളനിയാണിത്. മൂന്ന് കുടുംബങ്ങൾക്ക് വീടും 5 കുടുംബങ്ങൾക്ക് കക്കൂസും, മുഴുവൻ കോളനിവാസികൾക്കും വൈദ്യുതിയും ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. കോളനിയിൽ പൊതു ടാപ്പു സ്ഥാപിക്കുകയും, മുഴുവൻ വീടുകൾക്കും ഹൗസ് കണക്ഷൻ നൽകേണ്ടതാണ്. കോളനിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ചെറുകിട കുടിൽവ്യവസായത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി ആവശ്യമായ പരിശീലനത്തിന് ശേഷം സാമ്പത്തിക സഹായം അനുവദിക്കണം. കുട്ടികൾക്കും സ്ത്രീകൾക്കും (മുഴുവൻ) അംഗൻവാടി മുഖേന ഫീഡിംഗ് നടത്തണം.

## 2 കുന്നത്ത് ചോലക്കൽ, കോട്ടപറമ്പ്

2-ാം വാർഡിൽ 45ഓളം കുടുംബങ്ങൾ താമസിക്കുന്ന 2 കോളനികളാണിത്. 267 അംഗങ്ങളുണ്ട്. 22 കുടുംബങ്ങൾക്ക് ഇനി വീട് ലഭിക്കേണ്ടതായുണ്ട്. അതുപോലെ തന്നെ 8 കുടുംബങ്ങൾക്ക് കക്കൂസും ലഭിക്കണം. വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കണം. വാർഡിൽ കാളോത്ത് കോടങ്ങാട് റോഡ് കുന്നത്ത് റോഡുമായി ബന്ധിപ്പിക്കണം. കൂടാതെ കൊട്ടക്കര-കാളോത്ത് റോഡ് നിർമ്മിക്കണം. രണ്ട് കോളനികളിലും TV സെററ് സ്ഥാപിക്കണം. തൊഴിലില്ലാത്തവർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് ചെറുകിട കുടിൽവ്യവസായങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കണം.

## 3 നൊട്ടണംപാറ, കമ്പളപാറ കോളനി.

3-ാം വാർഡിൽ നിലവിലുള്ള രണ്ട് പട്ടികജാതി കോളനികളാണിത്. ഇവിടെ 43 കുടുംബങ്ങളിൽ 267 അംഗങ്ങൾ ഉണ്ട്. ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശമായതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 15 വീടുകളും 23 കക്കൂസുകളും കോളനികളിൽ ലഭ്യമാക്കേണ്ടതുണ്ട്. വിവിധ പെൻഷനുകൾ ലഭിക്കുവാൻ അർഹതപ്പെട്ട ഒട്ടേറെ വ്യക്തികൾ ഇവിടുണ്ട്. അവർക്ക് പെൻഷൻ ലഭ്യമാക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം. വൈദ്യുതീകരിക്കാത്ത 13 വീടുകൾ കോളനിയിലുണ്ട്. ഇവ വൈദ്യുതീകരിക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം. കോളനിയിൽ പ്രത്യേകം ടാങ്ക് കെട്ടി കുഴൽകിണർ കുഴിച്ച് വെള്ളം എത്തിക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം, തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ സഹായം നൽകണം, കോളനികളിൽ TV സെററ് സ്ഥാപിക്കണം. നൊട്ടണംപാറ വഴി ഒഴുകൂരിലേക്ക് റോഡ് നിർമ്മിക്കണം.

## 4 വെള്ളാട്ട് പുറായ്

4-ാം വാർഡിൽ നിലവിലുള്ള പട്ടികജാതി കോളനിയാണിത്. 29 കുടുംബങ്ങളിൽ 150 അംഗങ്ങൾ താമസിക്കുന്നു. 12 വീടുകളും അത്രത്തോളം കക്കൂസുകളും കോളനിയിൽ ലഭ്യമാക്കേണ്ടതുണ്ട്. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വളരെ അടിയന്തിര പ്രാധാന്യത്തോട് കൂടി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കോളനിയിലേക്ക് നിലവിലുള്ള ഗതാഗത സൗകര്യം തീരെ അപര്യാപ്തമാണ്. തൊഴിൽ യൂണിററ് തുടങ്ങാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം. TV സെററ് സ്ഥാപിക്കണം.

## 5 വട്ടിയാർകുന്ന് കോളനി

5-ാം വാർഡിൽ 13 പട്ടികജാതി കുടുംബങ്ങളിൽ 90 അംഗങ്ങളുള്ള ഒരു കോളനിയാണിത്. 5 കുടുംബങ്ങൾക്ക് വീട് ലഭിക്കേണ്ടതുണ്ട്. നിലവിലുള്ള കുടിവെള്ള സൗകര്യം തീരെ പര്യാപ്തമല്ല. ഗതാഗതയോഗ്യമായ ഒരു റോഡ് കോളനിയിലേക്ക് നിർമ്മിക്കേണ്ടതുണ്ട്. SSLC വരെ പഠിച്ച പെൺകുട്ടികളും ആൺകുട്ടികളുമുണ്ട്. SSLCക്ക് മുകളിൽ പഠിച്ച യുവതീയുവാക്കളും തൊഴിൽരഹിതരായി ഈ കോളനിയിൽ ഉണ്ട്. സ്ഥിരമായി തൊഴിൽ ഇല്ലാത്ത ഇവിടെ ഒരു തൊഴിൽ യൂണിററ് സ്ഥാപിക്കണം.

## 6 നെടിയിരുപ്പ് ഹരിജൻ കോളനി

മദ്രാസ് സ്റ്റേററിൻെറ ഭാഗമായിരുന്ന മലബാറിൽ നികുതി അടക്കാതെ കിടന്നിരുന്ന 743.21 ഏക്ര സ്ഥലം ലേലത്തിന് വിൽക്കുകയും ഗാന്ധിയനും ഹരിജനോദ്ധാരകനും സ്വാതന്ത്ര്യസമര സേനാനിയുമായ ശ്രീ ശ്യാംജി സുദർദാസ് ഗവൺമെൻറുമായി ബന്ധപ്പെടുകയും പ്രസ്തുത സ്ഥലം ഭൂരഹിതരായ ഹരിജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുവാൻ തനിക്ക് വിട്ടുതരുവാൻ അപേക്ഷിക്കുകയും, ഒരു സത്കർമ്മത്തിനാണെന്നതിനാൽതന്നെ സർക്കാർ വില ഈടാക്കാതെ തന്നെ മേൽ ആവശ്യത്തിനുവേണ്ടി ഭൂമി വിട്ടുകൊടുക്കുകയുമാണുണ്ടായത്.

1960–ൽ സർക്കാർ നെടിയിരുപ്പ് പട്ടികജാതി കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ കോളനൈസേഷൻ സൊസൈററിക്ക് പതിച്ചുനൽകിയ 743.21 ഏക്കർ ഭൂപ്രദേശം ഉൾക്കൊള്ളുന്ന പ്രദേശമാണിത്. കേരളത്തിലെതന്നെ ഏററവും വലിയ ഹരിജൻ കോളനികളിൽ ഒന്നാണ് ഈ കോളനി. 250 കുടുംബങ്ങളിൽ 1353 അംഗങ്ങൾ താമസിക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായി 3 മലകളിൽ പരന്നുകിടക്കുന്ന ഈ കോളനിയുടെ തന്നെ ഒരു ഭാഗമാണ് കോട്ടാശേരി ഹരിജൻ കോളനി.

ഈ കോളനിയിൽ SSLC വരെ വിദ്യാഭ്യാസമുള്ളവർ (തോററവർ) 226, ജയിച്ചവർ 63 ഉം PDC ജയിച്ചവർ 5, ബിരുദം 1 ആണ് വിദ്യാഭ്യാസ നില. സക്കാർ ജോലിയുള്ളവർ 12 ആളുകളും, കൂലിപ്പണിചെയ്ത് ജീവിക്കുന്നവർ 580ഉം ആകുന്നു. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലുമാണ് ഭൂരിപക്ഷം ജനങ്ങളും. ഇവിടെ ഒരു L P സ്കൂളും രണ്ട് അംഗൻവാടിയും പ്രവർത്തിക്കുന്നു. ആരോഗ്യ രംഗത്ത് 1 സബ്സെൻറർ ഉണ്ട്. സാംസ്കാരിക രംഗത്ത് 3 ക്ലബുകളും, സാംസ്കാരിക സംഘടനയായ ശാസ്ത്ര സാഹിത്യ പരിഷത്തും പ്രവർത്തിക്കുന്നു. ശക്തമായ രാഷ്ട്രീയ സംഘടനകളും കോളനിയിലുണ്ട്.

സുരക്ഷിതമല്ലാത്ത ഓലകുടിലുകളിൽ താമസിക്കുന്നവർക്ക് 70 വീടും, കൂടാതെ 165 കക്കൂസും. ഇവിടെ അടിയന്തിരമായി അനുവദിക്കണം. കുന്നുകളും മലകളും നിറഞ്ഞ ഈ പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ തന്നെ ഏററവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന മൂച്ചിക്കുണ്ട്, ചെരുപ്പടി, കോതോളിക എന്നിവിടങ്ങളിൽ ജനുവരി മാസത്തോടെ വരൾച്ചയനുഭവപ്പെടുന്നു. നിലവിലുള്ള ഡാനിഡ (ചീക്കോട് ശുദ്ധജല വിതരണ പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കേണ്ടതുണ്ട്. 5 KM ദൂരം മലയിറങ്ങി കയറിയാണ് മൂച്ചിക്കുണ്ട് നിവാസികൾ കുടിവെള്ളം ശേഖരിക്കുന്നത്. പ്രകൃതിദത്തമായ ഉറവകളെ സംരക്ഷിച്ച് കെട്ടിനിർത്തി വെള്ളം സംഭരിക്കുവാൻ നടപടി സ്വീകരിക്കണം. തരിശായികിടക്കുന്ന ഏക്കർകണക്കിന് ഭൂമി ഇവിടെയുണ്ട് ആവശ്യമായ സാമ്പത്തിക സഹായം നൽകി യോജിച്ച രീതിയിലുള്ള കൃഷിരീതി നടപ്പിൽ വരുത്തേണ്ടതാണ്. വളരെ വിസ്തൃതമായ ഈ കോളനിയിൽ ഇന്നേവരെ കാര്യമായ ഒരു വ്യവസായ സംരംഭവും തുടങ്ങിയിട്ടില്ല. ആയതിനാൽ തൊഴിലില്ലാത്ത ഒട്ടേറെ ചെറുപ്പക്കാർക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകിയാൽ ഈ രംഗത്ത് സാധ്യതയുണ്ട്.

വളരെ അത്യാവശ്യമായി ഈ കോളനിയിൽ നിർമ്മിക്കേണ്ടുന്ന റോഡുകൾ

മൂച്ചിക്കുണ്ട്—മുസ്ലിയാരങ്ങാടി
N H കോളനി—ഊരകം പൂളാപ്പീസ്
ചെരുപ്പടി—NH കോളനി

മൂച്ചിക്കുണ്ട് ഭാഗത്തേക്ക് ഒരു ICDS അംഗൻവാടി സ്ഥാപിക്കണം. കൂടാതെ ഗതാഗത സൗകര്യമില്ലാത്തതുകൊണ്ട് GWLPസ്കൂളിനോടനുബന്ധിച്ച് അധ്യാപകർക്ക് ഒരു ക്വാർട്ടേഴ്സ് നിർമ്മിക്കണം.

## 7 കോട്ടാശേരി കോളനി

1957ലും 1975 ലുമായി സർക്കാർ പതിച്ചുനൽകിയ കോളനിയാണിത് (സൊസൈററിക്ക്) നെടിയിരുപ്പ് പഞ്ചായത്തിലെ രണ്ടാമത്തെ വലിയ കോളനിയാണിത്. ഭൂമിക്ക് ഇന്നേവരെ പട്ടയം ലഭ്യമായിട്ടില്ല. 125 പട്ടിക ജാതി കുടുംബങ്ങൾ ഈകോളനിയിലുണ്ട് കോട്ടാശേരി കോളനിയിൽ ശരിക്ക് ഗതാഗത യോഗ്യമായ ഒരു റോഡില്ല. കോട്ടാശേരികോളനിയിൽനിന്നും ചിറയിൽ ചുങ്കത്തേക്ക് 2 KM ദൂരത്തേക്ക് റോഡ് നിർമ്മിക്കണം. അതേപോലെതന്നെ ചിറയിൽനിന്നും കൈതക്കോട് ഭാഗത്തേക്ക് ഒരു റോഡ് നിർമ്മിക്കേണ്ടതുണ്ട്.

20 കുടുംബങ്ങൾക്ക് വീടും 50 കുടുംബങ്ങൾക്ക് കക്കൂസും അടിയന്തിരമായി ലഭ്യമാക്കണം. കൂടാതെ വൈദ്യുതി ലഭിക്കാത്ത

20 വീട്‌ വൈദ്യുതീകരിക്കണം. കുടിവെള്ള ക്ഷാമം കോളനിയിൽ വളരെയധികം അനുഭവപ്പെടുന്നുണ്ട്‌. ഡാനിഡ പദ്ധതി പെട്ടെന്ന്‌ പ്രാവർത്തികമാക്കി ആവശ്യക്കാർക്ക്‌ സൗജന്യമായി ഹൗസ്‌ കണക്ഷൻ നൽകണം. കോളനിയിൽ ഒരു സബ്‌സെൻററും LP സ്കൂളും സ്ഥാപിക്കണം. ഇവിടെ അടിയന്തിരമായി ഒരു കമ്മ്യൂണിററി ഹാൾ സ്ഥാപിക്കണം. മണ്ണൊലിപ്പ്‌ തടയുന്നതിന്‌ തോടിൻെറ സൈഡ്‌ കെട്ടണം. കൂടാതെ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണം, 5 തൊഴിൽ യൂണിററ്‌ ഇവിടെ സ്ഥാപിക്കണം, ടെലഫോൺ സൗകര്യം ഈ കോളനിയിൽ ഉണ്ടാക്കണം. ഈ കോട്ടാശേരി കോളനിയും, N H കോളനിയും ശ്യാംജി സുന്ദർദാസ്‌ പതിച്ചുതന്നതാണ്‌. ഈ കോളനി നിവാസികൾക്ക്‌ വേണ്ടി അദ്ദേഹം അനേകം വീടുകളും പശുക്കളും നൽകി.

## 8 തുമ്പേരിപാറ

1996 അവസാനം ഗവ: അംഗീകാരം ലഭിച്ച കോളനിയാണിത്‌. 10 കുടുംബങ്ങളിൽ 75 അംഗങ്ങളുണ്ട്‌. 5 വീടും 5 കക്കൂസും ലഭ്യമാക്കണം. കൂടാതെ അടിയന്തിരമായി വൈദ്യുതിയും അനുവദിക്കണം. ഇവിടെ ഒരു തൊഴിൽ യൂണിററും, T V സെററും അനുവദിക്കണം.

## 9 പാലക്കപറമ്പ്‌

ഈ കോളനിയിൽ 20ഓളം കുടുംബങ്ങളുണ്ട്‌. 16 വീടും വൈദ്യുതീകരിക്കണം. 10 കുടുംബങ്ങൾക്ക്‌ കക്കൂസും ലഭ്യമാക്കേണ്ടതുണ്ട്‌. കോഴിക്കോട്‌ വിമാന താവള വികസനത്തോടനുബന്ധിച്ച്‌ കഷ്ടപാടുകൾ അനുഭവിക്കുന്ന കുടുംബങ്ങളാണ്‌ ഭൂരിഭാഗവും. ഇവരെ പുനഃരധിവസിപ്പിക്കുന്നതിന്‌ നടപടി സ്വീകരിക്കണം. അതുപോലെ തന്നെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്‌. ഇത്‌ പരിഹരിക്കുവാൻ വേണ്ട നടപടിയും സ്വീകരിക്കണം. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും, വിദ്യാസമ്പന്നരായവർക്ക്‌ തൊഴിൽ നൽകാനും അടിയന്തിര പ്രാധാന്യം നൽകണം. കുറുപ്പത്ത്‌-പാലക്കപറമ്പ്‌ റോഡ്‌ ടാർ ചെയ്യണം. മിനി വാട്ടർസപ്ലൈ സ്കീം നടപ്പാക്കണം.

കൂടാതെ വിവിധ ഗ്രാമസഭകളിൽ നിന്നും വന്ന മററ്‌ നിർദ്ദേശങ്ങൾ.

1 മുഴുവൻ പട്ടികജാതി കോളനികൾക്കും പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

2 മുഴുവൻ പട്ടികജാതി കോളനികളും മദ്യവിമുക്തമാക്കണം.

3 എല്ലാ പട്ടികജാതി കോളനികളിലും ആരോഗ്യവകുപ്പിൻെറ ഓരോ സബ്‌സെൻെറർ സ്ഥാപിക്കണം, ഒരു ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം.

4 എല്ലാ പട്ടികജാതി കോളനിയിലും മാസത്തിലൊരിക്കൽ സൗജന്യമായി മരുന്നും, ചികിത്സയും ലഭ്യമാക്കണം.

5 പട്ടികജാതിക്കാർ തുടങ്ങുന്ന തൊഴിൽ സംരംഭങ്ങൾക്ക്‌ വേണ്ട മുടക്ക്‌ മുതൽ സർക്കാർ ഉപാധി കൂടാതെ നൽകുക. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്‌ അനാവശ്യമായ കാലതാമസം ഒഴിവാക്കുക.

6 പട്ടികജാതിക്കാരുടെ വ്യവസായിക ഉല്പന്നങ്ങൾ സർക്കാർ വിലക്കെടുക്കുക.

7 സഹകരണ മേഖലയിൽ പട്ടികജാതിക്കാർക്ക്‌ അർഹമായ പ്രാതിനിധ്യം നൽകണം.

8 മുഴുവൻ പട്ടികജാതി കോളനിയും IHDP പദ്ധതിയിൽ ഉൾപ്പെടുത്തണം.

9 പട്ടികജാതിക്കാർക്കെതിരെ ഗവൺമെൻറ്‌ കൈക്കൊള്ളുന്ന ജപ്തി നടപടികൾ ലഘൂകരിക്കുക.

10 പട്ടികജാതിക്കാരുടെ ശ്മശാനം സംരക്ഷിക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം.

11 പട്ടികജാതിക്കാരുടെ കേസുകൾ കൈകാര്യംചെയ്യുവാൻ പ്രത്യേകം കോടതികൾ സ്ഥാപിക്കുക.

12 പട്ടിക ജാതിക്കാരുടെ വിവിധ ആനുകൂല്യങ്ങൾ മററ്‌ ഇടനിലക്കാർ തട്ടിയെടുക്കുന്നത്‌ തടയുക.

13 മുഴുവൻ പട്ടികജാതിക്കാർക്കും പെൻഷൻ അനുവദിക്കുക.

14 പട്ടികജാതി കോളനികളിൽ ഗ്രന്ഥശാല വായനശാല എന്നിവ സ്ഥാപിക്കുക.

15 പട്ടികജാതിക്കാർക്ക്‌ SC സഹകരണ സംഘംവഴി തൊഴിൽ നൽകാൻ പദ്ധതിയുണ്ടാക്കണം.

16 പട്ടികജാതി ലിസ്റ്റിൽ ഇതര വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത്‌ തടയണം.

## കോളനികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനികളുടെപേര് | കുടുംബങ്ങളുടെപേര് | ജനസംഖ്യ | ഭവന രഹിതർ | കക്കൂസ് ഇല്ലാത്തവർ |
|---|---|---|---|---|---|---|
| 1 | 1 | കുന്നത്ത്പൊററ പട്ടികജാതി കോളനി | 15 | 140 | 3 | 5 |
| 2 | 2 | ചോലക്കൽ | | | | |
| 3 | 2 | കോട്ടപറമ്പ് | 45 | 267 | 22 | 8 |
| 4 | 3 | നൊട്ടണപാറ | | | | |
| 5 | 3 | കുമ്പളപാറ | 43 | 267 | 15 | 23 |
| 6 | 4 | വെള്ളാട്ട്പുറായ് | 29 | 150 | 12 | 12 |
| 7 | 5 | വട്ടിയാർകുന്ന് | 13 | 90 | 5 | 4 |
| 8 | 7 | നെടിയിരുപ്പ് ഹരിജൻ കോളനി | 250 | 1353 | 70 | 165 |
| 9 | 8 | കോട്ടാശേരി | 125 | 700 | 20 | 15 |
| 10 | 8 | തുമ്പേരിപാറ | 10 | 75 | 8 | 5 |
| 11 | 10 | പാലക്കപറമ്പ് | 20 | 140 | 8 | 10 |

## 5-12 വിഭവ സമാഹരണം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിൽ ഗ്രാമ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതായ അനിവാര്യ ചുമതലകളും കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം, ചെറുകിട വ്യവസായങ്ങൾ, ഭവന നിർമ്മാണം എന്നീ മേഖലകളിൽ നിർവ്വഹിക്കേണ്ടതായ ചുമതലകളെ സംബന്ധിച്ചും പ്രതിപാദിക്കുണ്ട്. ജനോപകാരപ്രദമായ ഈ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതിയിൽ കാര്യമായ അഭിവൃദ്ധിഉണ്ടാക്കേണ്ടിയിരിക്കുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ പരിമിതികൾവെച്ചുനോക്കുമ്പോൾ വിഭവ സമാഹരണം കണ്ടെത്തുക. എളുപ്പമുള്ള കാര്യമല്ല എന്നിരുന്നാലും പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ജനോപകാരമായ കർത്തവ്യങ്ങൾ നിറവേററുന്നതിന് വിഭവ സമാഹരണം പരമാവധി കണ്ടെത്തേണ്ടിയിരിക്കുന്നു.

നെടിയിരുപ്പ് പഞ്ചായത്തിൻെറ വിസ്തൃതി 7.8 ച. മൈൽ ആണ്. പഞ്ചായത്ത് അതിർത്തിയിൽ കാര്യമായ വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെയില്ല. ഒരു സിനിമാശാലയും നാമമാത്രമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളും മാത്രമാണുള്ളത്. പഞ്ചായത്തിൻെറ പത്ത് വാർഡുകളിലായി ആകെ 34 ചെറുകിട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ട ജീവിക്കുന്നവരാണ്. എന്നാൽ കൃഷി നിലങ്ങൾ അനുദിനം താമസപറമ്പുകളായി മാറുന്നത്കൊണ്ടും ഉൽപാദനക്ഷമത ഇടിയുന്നതുകൊണ്ടും കാർഷികരംഗം ഇന്ന് മുരടിക്കുകയാണ്. പഞ്ചായത്തിൻെറ തനതായ ധനാഗമന മാർഗം കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി, മുതലായവയാണ്. 1995-96 വർഷത്തെ പഞ്ചായത്തിൻെറ വിവിധ ഇനങ്ങളിൽനിന്നുള്ള വരുമാനം താഴെ കാണുംപ്രകാരമാണ്.

| | ഇനം | വരവ് |
|---|---|---|
| 1 | കെട്ടിട നികുതി | 106050—00 |
| 2 | തൊഴിൽ നികുതി | 50845—00 |
| 3 | വിനോദ നികുതിയും, പ്രദർശന നികുതിയും | 78543—00 |
| 4 | ലൈസൻസ് ഫീസ് | 4843—00 |
| | | 2,40,281—00 |
| 5 | ഗവ: ഗ്രാൻറുകളും മററ് നികുതി വിഹിതവും | 6,51,306—00 |
| 6 | ജെ. ആർ. വൈ. | 4,46,460—00 |
| | ആകെ. | 13,38,047—00 |

പഞ്ചായത്തിൽ തന്നതായ വരുമാനത്തിന്റെ ഭൂരിഭാഗവും ചിലവഴിക്കപ്പെടുന്നത് ഭരണപരമായ കാര്യങ്ങൾക്കാണ്. അതുകൊണ്ടു തന്നെ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ആശ്രയിക്കുന്നത് സർക്കാരിൽനിന്നും ലഭിക്കുന്ന വിവിധ ഗ്രാൻറുകളേയും മററു ഫണ്ടുകളേയുമാണ്. ഭരണ ചിലവ് നിയന്ത്രിച്ചുകൊണ്ടും, ഇപ്പോൾ നികുതി, ഫീസ് മുതലായവ ചുമത്തുന്നതിലും, പിരിക്കുന്നതിലും കാര്യക്ഷമത വരുത്തിക്കൊണ്ടും, പഞ്ചായത്ത് പ്രദേശത്ത് സേവന നികുതികൾ ഏർപ്പെടുത്തികൊണ്ടും മേൽഅവസ്ഥക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാവുന്നതാണ്. ഇപ്രകാരം വിഭവസമാഹരണ വർദ്ധനവിന് സഹായകമാവുന്ന സാധ്യതകൾ ചുവടെ നൽകുന്നു.

## കെട്ടിട നികുതി

കെട്ടിട നികുതി പിരിക്കുന്നതിന്ന് ഇന്ന് നിലവിലുള്ള രീതിക്ക് പകരം വാസഗൃഹങ്ങൾക്ക് തറയുടെസ്വഭാവം (സാധാരണനിലം സിമൻറ് മൊസൈക്ക്, മാർബിൾ) മററുസൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് കെട്ടിടത്തിന്റെ വിസ്തീർണ്ണത്തെ ആധാരമാക്കി നികുതി ചുമത്താവുന്നതും വാണിജ്യ കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നിവിലുള്ള നികുതിനിരക്കിൽ വർദ്ധനവ് വരുത്തി ചുമത്താവുന്നതുമാണ്. (ഉടമസ്ഥനും വാടകക്കാരനും തമ്മിലുള്ള ഒരു ഉടമ്പടി പഞ്ചായത്തിൽ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.)

## തൊഴിൽ നികുതി

നിലവിൽ തൊഴിൽ നികുതി പിരിച്ചുവരുന്നത് സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും നാമ മാത്രമായി കച്ചവട, ചെറുകിട സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ്. എല്ലാ തരത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും, കാർഷിക മേഖലയിൽനിന്നും, നിർമ്മാണം പോലെയുള്ള വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽനിന്നും മററും തൊഴിൽ നികുതി ഈടാക്കുന്നതിന് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

## വിനോദ നികുതി

കാര്യമായ ഒരു വരുമാനമാണ് സിനിമാശാലകളിൽനിന്നുമുള്ളവിനോദനികുതിഎന്നാൽ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന്ന് പല വൈഷമ്യങ്ങളുമുണ്ട്. അതുകൊണ്ട് ഈരീതിക്ക് പകരം സിനിമാശാലകളിലെ ഓരോ പ്രവേശന നിരക്കിലുള്ള സീററുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന വരവിന്റെ ഒരു നിശ്ചിത ശതമാനം നികുതിയായി ഈടാക്കാവുന്നതാണ്.

## ലൈസൻസ് ഫീസ്

വ്യവസായ സ്ഥാപനങ്ങളിൽനിന്നും കച്ചവട സ്ഥാപനങ്ങളിൽനിന്നുമുള്ള ഫീസ് പിരിച്ചെടുക്കുന്നതിന് അടിസ്ഥാനമായ ബൈലോകളിൽ കാലാനുസൃതമായ മാററങ്ങൾ വരുത്തുകയും ഫീസ് ഇനത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്യേണ്ടതാണ്. ലൈസൻസ് ഫീസ് അടവാക്കുന്ന കാര്യത്തിൽകണ്ടുവരുന്ന അലംഭാവം ഇല്ലായ്മ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്,

## പരസ്യ നികുതി

പഞ്ചായത്ത് പ്രദേത്ത്നിന്നും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുക.

സേവന മേഖലകളിൽനിന്നും ചാർജ് ഈടാക്കൽ

പഞ്ചായത്ത് നൽകുന്ന സേവനങ്ങളായ തെരുവ് വൈദ്യുതീകരണം, കുടിവെള്ളം ലഭ്യമാക്കൽ, വാഹനങ്ങൾക്ക് പാർക്കിങ്ങ്സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കൽ മുതലായവയും ഗ്രാമസഭയിൽ ചർച്ചചെയ്ത് അംഗീകാരംവാങ്ങി ചാർജ് ഈടാക്കാവുന്നതാണ്. പഞ്ചായത്ത് രാജ് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങളും പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലങ്ങൾ പ്രസ്തുത സ്ഥലങ്ങൾ യോജിക്കുന്ന വിധം ഉപയുക്തമാക്കുന്നതിന് ലീസിന് നല്ലാവുന്നതാണ്.

പഞ്ചായത്ത പ്രദേശത്ത് ദിവസചന്തകളോ ആഴ്ച ചന്തകളോ ഏർപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകൾ മുഖാന്തിരം നടത്തുകയാണെങ്കിൽ പ്രസ്തുത പ്രവർത്തികൾ കരാറടിസ്ഥാനത്തിൽ നടപ്പാക്കുമ്പോഴുണ്ടാകുന്ന അമിതചെലവ് ഒഴിവാക്കാവുന്നതാണ്. സന്നദ്ധസംഘടനകൾ മുഖാന്തിരം ഇത്തരം പ്രവർത്തികൾനടപ്പിൽ വരുത്തുന്നതിന് ഇത് സംബന്ധമായ നിയമങ്ങൾ അനുയോജ്യമായ മാററങ്ങൾ വരുത്താവുന്നതാണ്.

പഞ്ചായത്ത് പൊതുജനങ്ങളിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിച്ച് പഞ്ചായത്ത് പ്രദേശത്ത് വരുമാനം ലഭിക്കുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇത്തരം നിക്ഷേപ

ങ്ങൾക്ക് നിലവിലുള്ള സർക്കാർ നിരക്ക് പ്രകാരം പലിശ നൽകാവുന്നതാണ്. ഉദാഹരണമായിപഞ്ചായത്തിന്റെകീഴിൽസ്വന്തമായി സിനിമാതിയേററർ അതുപോലെ സാമ്പത്തികവരുമാനമുള്ള സാംസ്കാരിയ തകർച്ചയനവദിക്കാത്ത വിനോദങ്ങൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ നിർമ്മാണ പ്രവത്തനങ്ങളിലും പൊതുജന പങ്കാളിത്തം നിർബന്ധമായും ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ വിഭവം സമാഹരിക്കാവുന്നതാണ്.

പഞ്ചായത്തിന് വിവിധ ഇനങ്ങളിൽനിന്നും ലഭിക്കേണ്ട നികുതികൾ, ഫീസ് മുതലായവ പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചകളും, കുറവുകളും കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ●

# 6 ഉപസംഹാരം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി. അധികാരം ജനങ്ങളിലേക്ക്. അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം. പ്രസ്തുത പരിപാടിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ ഏറെക്കുറെ വിജയപ്രദമായിരുന്നുവെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഉല്പന്നമെന്ന നിലക്ക് നടത്തപ്പെട്ട ഗ്രാമസഭകൾ എന്തുകൊണ്ടും ശ്രദ്ധേയങ്ങളായിരുന്നു. ഗ്രാമസഭകളിൽ സാധാരണക്കാരായ ജനങ്ങൾ ഗ്രൂപ്പ്ചർച്ചകളിലൂടെ ഉയർത്തിയ ആവശ്യങ്ങളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിലപ്പെട്ടതായിരുന്നുവെന്നതിൽ സംശയമില്ല.

മേൽ പ്രസ്താവിച്ച പ്രശ്നങ്ങളും ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പഞ്ചായത്ത്തല കോർഗ്രൂപ്പും DRP മാരും മററും ചേർന്ന് തയ്യാറാക്കിയ 'വികസന റിപ്പോർട്ട്' സെമിനാറിൽ ചർച്ചക്ക് വരികയാണ്.

ഇത് തയ്യാറാക്കുന്നതിൽ പഞ്ചായത്തിലെ ഒട്ടനവധി മഹത് വ്യക്തികളുടെ സേവനവും ത്യാഗസന്നദ്ധതയും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. DRP മാർ, LRP മാർ സന്നദ്ധസംഘടനാ പ്രവർത്തകർ, ഉദ്യോഗസ്ഥർ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് സ്റ്റാഫ്, അധ്യാപകർ തുടങ്ങിയവരുടെ കൂട്ടായ്മയും സഹകരണവും കൊണ്ട്മാത്രമാണ് ഇത് തയ്യാറാക്കാൻ കഴിഞ്ഞത്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ റിപ്പോർട്ട് തയ്യാറാക്കാൻ പല പരിമിതികളും ഉണ്ടായിട്ടുണ്ട്. പരിമിതിക്കകത്ത്നിന്നുകൊണ്ട് ആത്മാർത്ഥമായിതന്നെ റിപ്പോർട്ട് തയ്യാറാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

പരിശീലനങ്ങൾ, യോഗങ്ങൾ, പ്രചരണ പ്രവർത്തനങ്ങൾ, ദ്വിതീയ വിവര ശേഖരണം, പഠനപര്യടനം, ചരിത്രപഠനം, തുടങ്ങി നിരവധി പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ റിപ്പോർട്ട്. പഞ്ചായത്തിൽ ഒരു പുതിയ രാഷ്ട്രീയ സംസ്കാരം, സാഹോദര്യബന്ധം കൂട്ടായ്മ എന്നിവ ജനങ്ങൾക്കിടയിലുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. തന്നെയുമല്ല സർക്കാരിൽനിന്ന് എന്ത് കിട്ടുന്നു എന്ന് നോക്കാതെ ഒത്തൊരുമിച്ച് നാടിന്റെ വികസനത്തിന് എന്ത് ചെയ്യാൻ കഴിയുമെന്ന ചിന്തയിലേക്ക് ജനതതിയെ ചിന്തിപ്പിക്കാനും ഈ പ്രവർത്തനം പ്രേരകമായിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പല പോരായ്മകളും വീഴ്ചകളും ഉണ്ടായിരിക്കാം, അവയെല്ലാം സദയം ക്ഷമിക്കുമെന്ന പ്രത്യാശയോടെ വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച പഞ്ചായത്തിലെ മുഴുവൻപേരെയും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന അംഗീകരിച്ച ഈ റിപ്പോർട്ട് കൂടുതൽ ആഴവും പരപ്പുമേറിയ ചർച്ചകൾക്കായി സാദരം സമർപ്പിക്കുന്നു.

വി. സുബ്രഹ്മണ്യൻ
പ്രസിഡണ്ട്
നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

# വികസന രേഖ തയ്യാറാക്കുന്നതിന് സഹായിച്ചവർ

കൃഷിയും ജലസേചനവും

കെ. പി. കുഞ്ഞവറാൻ സാഹിബ്
എൻ. റഷീദ്ഖാൻ, കൃഷി ഓഫീസർ
നെടിയിരുപ്പ്
ടി. നാരായണൻ കോടങ്ങാട്
കെ. ടി. അലവികുട്ടി സാഹിബ്
മുസ്ലിയാരങ്ങാടി
വി. പി. ബാപ്പുമുസ്ല്യാർ, കൊട്ടുക്കര
എൻ. സൈനുദ്ദീൻ സാഹിബ്, മുസ്ല്യാരങ്ങാടി
ടി. കെ. ഉസ്മാൻ, ചിറയിൽ

മൃഗസംരക്ഷണം, മൽസ്യബന്ധനം

എൻ. ബഷീർമാസ്റ്റർ, മുസ്ലിയാരങ്ങാടി
കെ. നാരായണൻ, വെററിനററി സർജൻ
കൊണ്ടോട്ടി
സി. ഇക്ബാൽ, കാളോത്ത് DRP
പി. അബ്ദുൽസലാം, കുറുപ്പത്ത്
അന്നങ്ങാടൻ ഗോവിന്ദൻ, കൊട്ടുക്കര

വിദ്യാഭ്യാസം

കെ. കാസിം മാസ്റ്റർ, ഹെഡ്മാസ്ററർ
പി. പി. എം. ഹൈസ്കൂൾ, കൊട്ടുക്കര
കെ. മജീദ് മാസ്ററർ, പ്രിൻസിപ്പൽ
W H S അരിമ്പ്ര
എ. ജലീൽ, U D ക്ലാക്ക്
AEO ഓഫീസ് കൊണ്ടോട്ടി
പുളിയഞ്ചാലി ഹംസ മാസ്ററർ,
മുസ്ലിയാരങ്ങാടി
അപ്പുകുട്ടൻ മാസ്ററർ, ഹെഡ്മാസ്ററർ
ചിറയിൽ UP സ്കൂൾ
എൻ. ഹുസൈൻ മാസ്ററർ,
ഹെഡ്മാസ്ററർ വാക്കത്തൊടി AMLP സ്കൂൾ

ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

എ. മൊയ്തീൻകുട്ടി, ഹെൽത്ത് ഇൻസ്പെക്ടർ
എൻ. അഷ്റഫ് മാസ്ററർ, മുസ്ല്യാരങ്ങാടി
സി. പി. ബാലകൃഷ്ണൻ,
ഹെൽത്ത്ഇൻസ്പെക്ടർ, നെടിയിരുപ്പ്
കൃഷ്ണൻ, ജൂനിയർ ഹെൽത്ത്ഇൻസ്പെക്ടർ
പി. ടി. അബ്ദുനാസ്സർ, കേരളാ വാട്ടർ
അതോറിററി കൊണ്ടോട്ടി ഓഫീസ്

വ്യവസായം

കെ. പി. ഹുസൈൻ എന്ന ബാപ്പുട്ടി
കോടങ്ങാട്
ടി. മുകുന്ദൻ, കോടങ്ങാട്
പി. പി. മുജീബ് മാസ്ററർ, ചാരംകുത്ത്
എൻ. അബ്ദുൽമജീദ് DRP ,,

ഗതാഗതം, ഊർജ്ജം

കെ. പി. ചെറിയാപ്പു, കോടങ്ങാട്
സി. അലവികുട്ടി, FWD അസി.
എഞ്ചിനീയർ കൊണ്ടോട്ടി
കെ. കോയസ്സൻ, കൊട്ടുക്കര
സി. മുഹമ്മദ്കുട്ടി മാസ്ററർ, കാളോത്ത്
കെ. എം. കമ്മുക്കുട്ടി, കുറുപ്പത്ത്
PWD ഓഫീസ് മഞ്ചേരി
കെ. എൻ. ബിച്ചു, കൊട്ടുക്കര
എ. മുഹമ്മദ്, മുസ്ലിയാരങ്ങാടി
കെ. എൻ, മൂസ്സ, മുസ്ലിയാരങ്ങാടി
PWD ഓഫീസ് കൊണ്ടോട്ടി

ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

സി. ബഷീർ, DRP കൺവീനർ കാളോത്ത്
ഹേമചന്ദ്രൻ, VEO നെടിയിരുപ്പ്
കെ. അബൂബക്കർ, മുസ്ലിയാരങ്ങാടി
കെ. പി. പ്രശാന്ത്, DRP മുസ്ലിയാരങ്ങാടി
ഹരിഹരൻ, VEO നെടിയിരുപ്പ്

സംസ്കാരം

എം. എ. റഹീം, ചിറയിൽ
പി. ജമാൽ മാസ്ററർ, മുസ്ലിയാരങ്ങാടി
പി. ഖാലിദ്, കോടങ്ങാട്
കെ. മുഹമ്മദ് അഷ്റഫ് മുസ്ല്യാരങ്ങാടി DRP
കെ. മുഹമ്മദലി, 20–ാംമൈൽ മുസ്ല്യാരങ്ങാടി

വനിത

കുട്ടൻപിള്ള മാസ്ററർ, കൊട്ടുക്കര
കെ. സൈനബ ടീച്ചർ, മുസ്ലിയാരങ്ങാടി
എ. ആയിഷ ടീച്ചർ, DRP ,,
രാധാമണി ടീച്ചർ, കൊട്ടുക്കര

സഹകരണ മേഖല

കെ. മൊയ്തീൻകുട്ടി, കുറുപ്പത്ത്
മുൻ സഹകരണ ബാങ്ക് സെക്രട്ടറി
എം. മൂസ്സസാഹിബ്, ചിറയിൽ

പട്ടികജാതി, പട്ടിക വർഗ്ഗക്ഷേമം

ശ്രീ: ഗീത, സൂപ്രണ്ട് ബ്ലോക്ക് ഓഫീസ്
കൊണ്ടോട്ടി
രാഘവൻ, N H കോളനി DRP
കെ. ജയപ്രകാശ്, ചിറയിൽ
സി. ബാലൻ, കോട്ടാശേരി
ടി. ശിവരാമൻ, സിക്രട്ടറി പട്ടികജാതി
സൊസൈററി നെടിയിരുപ്പ്

വിഭവ സമാഹരണം

സി. സി. മൊയ്തീൻകുട്ടി, കാളോത്ത്
കെ. സുബ്രഹ്മണ്യൻ, മുസ്ല്യാരങ്ങാടി

അധികാരം ജനങ്ങൾക്ക്

അധികാര വികേന്ദ്രീകരണം വഴി
ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

9-ാം പദ്ധതി ജനകീയ പദ്ധതി

40% പദ്ധതി വിഹിതം
പഞ്ചായത്തുകൾക്ക്

വികസന പ്രക്രിയ
അഴിമതി രഹിതമാകുന്നു

ബഹുജന സഹകരണം അനിവാര്യം

4301
LIBRARY THRISSUR-68